# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1265/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/08/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

സർ,

വിഷയം : നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉ.പ.സ.)
2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. ഡയറക്ടർ, നഗരകാര്യവകുപ്പ് (ഉ.പ.സ.)
4. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1265/2022 തീയ്യതി: 03/08/2022

## തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 15-07-2022 | 26-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-07-2022 | 26-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
2. ശ്രീമതി ശോശാമ്മ. എസ്, ഓഡിറ്റ് ഓഫീസർ
3. ശ്രീ. അനിൽകുമാർ. ആർ, അസി. ഓഡിറ്റ് ഓഫീസർ
4. ശ്രീമതി ആശ.ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി ബിന്ദുലത. ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീ. അൻവർരാജ്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
7. ശ്രീ. രാജു. എസ്, ഓഡിറ്റർ
8. ശ്രീമതി പ്രിയദർശിനി. എസ്.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡബ്ല്യൂ.ആർ.ഹിബ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 28-12-2020 |
| ശ്രീ പി.കെ. രാജമോഹൻ | ചെയർപേഴ്സൺ | 29-12-2020 | 31-03-2021 |
| ശ്രീ മണികണ്ഠൻ. ആർ. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മണികണ്ഠൻ. ആർ. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. സുരേഷ്കുമാർ. എസ്.കെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ലോറൻസ്. എൻ. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ശശികുമാർ. പി.കെ. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഐ. കുമാർ | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി വിഷ്ണുപ്രിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മേരി സ്റ്റെല്ല | എസ്.സി.ഡി.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ. ജിജു. ജെ.കെ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. കെ.എം. അനിൽകുമാർ | എ.എഫ്.ഒ. | 01-04-2020 | 31-03-2021 |
| ഡോ. ലിനി. എം.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഐഡ പേർളിൻ തങ്കം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ആർ.എസ്. മിനി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. വി.എ. അനിൽകുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-07-2020 |
| ഡോ. വി. ശിവസെന്തിൽകുമാർ | സീനിയർ വെറ്റിനറി സർജൻ | 01-08-2020 | 31-03-2021 |
| ശ്രീ. ജോയ് ജോൺസ് | പ്രിൻസിപ്പൽ ഗവ. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ബി.എച്ച്.എസ്.എസ്. | | |
| ശ്രീ. വി. വിനോദ് | ഐ.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ. സുജയകുമാർ | ഡി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി കെ.എസ്. രാജി | എഫ്.ഇ.ഒ. | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Shalini V K (Senior Grade Auditor, On 02-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 03-08-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം ( 2020-2021)<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Shalini V K (Senior Grade Auditor, On 02-08-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ പെൻഷൻ അടിയന്തിരമായി സസ്പെന്റ് ചെയ്യേണ്ടതാണ്.<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-5-1 |
| 7 | ക്യാഷ് പരിശോധന<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 28-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-7 |
| 9 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-9 |
| 11 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Raju. S (Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-08-2022) | 1-10 |
| 12 | വസ്തുനികുതി -എ.എഫ്,എസിലെ തുകയും ഡി.സി.ബി.സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ ഭീമമായ വ്യത്യാസം<br>Written By: Raju. S (Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-11 |
| 13 | വസ്തുനികുതി കുടിശ്ശിക 50722341/-രൂപ.ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-12 |
| 14 | തൊഴിൽ നികുതി അപാകതകൾ.<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 29-07-2022) | 1-13 |
| 15 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-13-1 |

| | | |
|---|---|---|
| 16 | അർദ്ധ വാർഷിക നികുതി ഈടാക്കിയിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-13-2 |
| 17 | വാടക കുടിശ്ശിക – സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല.<br>Written By: Priyadarshini.S.R (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-14 |
| 18 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. -അധിക ചെലവിന് മറുപടി ലഭ്യമാക്കിയില്ല.<br>Written By: Raju. S (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-15 |
| 19 | നിയമാനുസൃത വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല -നികുതി ചോർച്ച<br>Written By: Raju. S (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-16 |
| 20 | ക്രമവൽക്കരണം നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല.നഷ്ടതുക ഈടാക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-17 |
| 21 | ഭവന നിർമ്മാണം അനന്തമായി നീണ്ടു പോകുന്നത് ആശാസ്യമല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 29-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-18 |
| 22 | മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം സമയം<br>Written By: Anwar Raj.M (Senior Grade Auditor, On 29-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-19 |
| 23 | മരുന്നുകൾ ലഭ്യമാകാൻ ഒരു വർഷത്തിലധികം കാലതാമസം<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-20 |
| 24 | ഷീ ഓട്ടോറിക്ഷ - വനിതകൾക്ക് (സ്പിൽ ഓവർ)<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-21 |
| 25 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം - പദ്ധതി നടപ്പിലായില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-22 |
| 26 | അലോപ്പതി മരുന്നുകൾ രണ്ട് വർഷത്തിലധികം വൈകി ലഭ്യമായി<br>Written By: Anwar Raj.M (Senior Grade Auditor, On 29-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-23 |
| 27 | റെയ്ഡ്കോ സ്ഥാപനതല റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല- 15,000 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 28-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-24 |
| 28 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-25 |
| 29 | എസ്റ്റിമേറ്റും കരാറും ഇല്ലാതെ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ തുക നൽകി - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല – 21,78,831/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-26 |
| 30 | നഗരസഭ വികസന പ്രവർത്തനങ്ങളുടെ ലഘുലേഘ തയ്യാറാക്കൽ - സർക്കാർ നിർദേശം പാലിച്ചില്ല - 399000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-27 |

| | | |
|---|---|---|
| 31 | വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് നൽകിയ 19980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-28 |
| 32 | ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-29 |
| 33 | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-30 |
| 34 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടത്തിപ്പിൽ അപാകതകൾ - അധികം നൽകിയ 64354/- രൂപ നിരാകരിക്കുന്നു<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-31 |
| 35 | ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല – 4246381/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 30-07-2022) | 1-32 |
| 36 | ഓഫീസ് നെറ്റ് വർക്കിംഗ് - സാങ്കേതികാനുമതി ഇല്ലാതെ പദ്ധതി നടപ്പാക്കി<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-33 |
| 37 | ലൈബ്രറികൾക്ക് ഫർണിച്ചർ,പുസ്തകം വാങ്ങൽ പദ്ധതി - ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-34 |
| 38 | അഗതി രഹിത കേരളം പദ്ധതി - അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sosamma.S (Audit Officer, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-35 |
| 39 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ- VAT-കുറവ് ചെയ്തില്ല-കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്-<br>Written By: Sindhulabeevi.M (Audit Officer (HG), On 28-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-36 |
| 40 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 28-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 02-08-2022) | 1-37 |
| 41 | ബയോഗ്യാസ് പ്ലാന്റ് - ചെലവിന്റെ വിശദാംശങ്ങൾ അക്കൌണ്ട്സ്, സുലേഖ പത്രിക എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. 1,51,200/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 28-07-2022)<br>Last Updated By: Sosamma.S (Audit Officer, On 30-07-2022) | 1-38 |
| 42 | ടെണ്ടർ ഇളവ് കുറവ് ചെയ്തില്ല – 64,190/- രൂപ നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 02-08-2022) | 1-39 |
| 43 | കരാർ പ്രകാരമുള്ള നിരക്കിലും അധികമായി തുക അനുവദിച്ചു - 1,29,482/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: Sosamma.S (Audit Officer, On 01-08-2022) | 1-40 |
| 44 | ഇ ടെണ്ടർ ഫീ നഗരസഭക്ക് ലഭിച്ചിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022) | 1-41 |

| | | |
|---|---|---|
| | Last Updated By: BINDHULATHA BP (Senior Grade Auditor, On 29-07-2022) | |
| 45 | മരാമത്ത് പണികൾ - ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലെ അപാകങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 29-07-2022) | 1-42 |
| 46 | എസ്റ്റിമേറ്റുകൾ വ്യാപകമായി ഭേദഗതി വരുത്തി നടപ്പാക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 29-07-2022) | 1-43 |
| 47 | ജി.എസ്.ടി. കോമ്പൻസേഷൻ അധികമായി അനുവദിച്ചു - 27,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: Sosamma.S (Audit Officer, On 01-08-2022) | 1-44 |
| 48 | എസ്.സി.പി. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ - സാധ്യതാ പഠനം നടത്തിയിട്ടില്ല –54,58,272/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 29-07-2022) | 1-45 |
| 49 | ഗുണഭോക്തൃസമിതി നിർവഹിച്ച പ്രവൃത്തികൾക്ക് അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു - 88,686/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-46 |
| 50 | പെൻഷൻ , ഹോണറേറിയം ഇനത്തിൽ പിൻവലിക്കുന്ന തുകകൾ കാഷായി വിതരണം ചെയ്യുന്നു- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-47 |
| 51 | മാറ്റിവയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-48 |
| 52 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-49 |
| 53 | ആദായ നികുതി - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-50 |
| 54 | നഗരസഭയിൽ ജി.എസ്.റ്റി (ടി.ഡി.എസ്) രജിസ്ട്രേഷൻ എടുത്തിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-51 |
| 55 | ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-52 |
| 56 | ബാധ്യതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കുന്നില്ല.<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-53 |
| 57 | ഹഡ്കോ വായ്പ- ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-54 |
| 58 | മഴക്കാല പൂർവശുചീകരണം - വിനിയോഗസാക്ഷ്യപത്രം , ചെലവുരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-55 |
| 59 | തൊഴിൽ നികുതിയിനത്തിൽ ലഭ്യമായ തുക പണമാക്കാനായില്ല- നഷ്ടം | 1-56 |

| | | |
|---|---|---|
| | 25600/- രൂപ<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | |
| 60 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല- 8,39,648/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-57 |
| 61 | ബാങ്ക് അക്കൗണ്ട് മുഖേനയുള്ള വരവും സഞ്ചയ ഇ- പേയ്മെന്റ് ഓൺലൈൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-58 |
| 62 | നഗരസഭയുടെ അനുമതിയില്ലാതെ അക്കൗണ്ടിൽ നിന്നും 8225.13/- രൂപ കുറവു ചെയ്തു- തുക തിരികെ ലഭ്യമായിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-59 |
| 63 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അപാകങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-60 |
| 64 | മരാമത്ത് പ്രവർത്തികളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 28-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-61 |
| 65 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില- തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 28-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-62 |
| 66 | ചെളിമണ്ണ് ലേലം -തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: BINDHULATHA BP (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-63 |
| 67 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-64 |
| 68 | സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരം സ്ഥാപനത്തിന് കൈമാറി<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-65 |
| 69 | സാക്ഷരത തുല്യതപരിപാടി -അപാകങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 01-08-2022) | 1-66 |
| 70 | മരുന്നുകൾ വിതരണം ചെയ്തതിൽ കാലതാമസം<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-67 |
| 71 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് വരുത്തിയിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 1-68 |
| | **ഭാഗം 2** | |
| 1 | വരവ് നഷ്ടം-25600/<br>Written By: Sindhulabeevi.M (Audit Officer (HG), On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 02-08-2022) | 2-1 |
| | **ഭാഗം 3** | |
| 1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്--64354/നിരാകരിക്കുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 02-08-2022) | 3-1 |

| | | |
|---|---|---|
| 2 | ടെണ്ടർ കുറവ് വരുത്തിയിട്ടില്ല-64190/ രൂപ നിരാകരിക്കുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 29-07-2022)<br>Last Updated By: AnilKumar R (Senior Grade Auditor, On 29-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 02-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ട്<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Asha G R (Senior Grade Auditor, On 27-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Shiela Ubald (Joint Director, On 03-08-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Asha G R (Senior Grade Auditor, On 27-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 03-08-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 26.03.2020ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ സകർമ്മ മിനിട്സ് ബുക്കിൽ 26.03.2020തീയതിയിൽ കൗൺസിൽ യോഗം ചേർന്നതിന്റെയോ ബജറ്റ് അംഗീകരിച്ചതിന്റെയോ വിവരങ്ങളില്ല. കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 89/25.07.2022) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "മിനിട്സ് യഥാസമയം ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തി ബഹു. ചെയർപേഴ്സൺ അംഗീകരിച്ചിട്ടുണ്ട്. കൗൺസിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയത് അപാകതയായതിനാൽ ടി മിനിട്സ് ബുക്ക് രജിസ്റ്ററിന്റെ 169A, B എന്നീ പേജുകളിലായി 26.03.3020ലെ കൌൺസിൽ യോഗത്തിന്റെ മിനിട്സ് ചേർത്തിട്ടുണ്ട്"

ബജറ്റ് സംക്ഷിപ്തം

| | |
|---|---|
| പ്രാരംഭ ബാക്കി | 28028369 |
| പ്രതീക്ഷിത വരവ് | 996474500 |
| ആകെ വരവ് | 1024502869 |
| പ്രതീക്ഷിത ചെലവ് | 1012852000 |
| നീക്കിയിരിപ്പ് | 11650869 |

റിവൈസ്ഡ് ബജറ്റ് 09.02.2021 ലെ 16(3) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബജറ്റ് തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285, 286പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല

എ) സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ നൽകിയിട്ടില്ല.

ബി) ബജറ്റ് തയ്യാറാക്കുന്നതിന് എല്ലാ നിർവഹണാധികാരികളും (ഉദാ- ഹെൽത്ത് സൂപ്പർവൈസർ) എല്ലാ സെക്ഷനുകളും എസ്റ്റിമേറ്റ്/ ശുപാർശകൾ ലഭ്യമാക്കിയിട്ടില്ല.

സി) ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ നൽകേണ്ട ബജറ്റ് ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ബജററ് എസ്റ്റിമേറ്റ് തയാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

2) 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

എ) മേൽ നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

എന്നാൽ നഗരസഭ ബജറ്റിൽ വകയിരുത്തിയതിലധികം തുക തൻവർഷം ചെലവഴിച്ച്, ബജറ്റ് റിവൈസ് ചെയ്തുവെങ്കിലും പ്രസ്തുത ചെലവുകൾ സാധൂകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ (റിവൈസ്ഡ് ബജറ്റിനെ
അടിസ്ഥാനമാക്കിയാണ് പരാമർശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്)

| ഹെഡ് | 2020-21 റിവൈസ്ഡ് ബജറ്റ് | 2020-21 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|

| | പ്രകാരമുള്ള തുക | |
|---|---|---|
| 2202001 പുസ്തകങ്ങൾ ആനുകാലികങ്ങൾ | 50,000 | 52,548 |
| 2208002 ഉത്സവങ്ങൾ മേളകൾ ചെലവുകൾ | 150000 | 200258 |

ബി) വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, തുക ചെലവഴിക്കാതിരിക്കുകയോ, വകയിരുത്തിയതിലും വളരെ കുറച്ച് ചെലവഴിക്കുകയോ ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ

| ഹെഡ് | 2020-21റിവൈസ്ഡ് ബജറ്റ് പ്രകാരം തുക | 2020-21വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2201101 ഓഫീസ് വൈദ്യുതി | 10,00,000 | 16168 |
| 2201102 വെള്ളക്കരം | 7,50,000 | 367840 |
| 2201199 ഓഫീസ് പരിപാലന സംരക്ഷണ ചെലവുകൾ | 15,00,000 | 17535 |
| 2201202 പോസ്റ്റേജ് ചെലവുകൾ | 1,50,000 | 24000 |
| 2202101 പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 10,00,000 | 547848 |
| 2203001 ടി.എ | 5,00,000 | 0 |
| 2206000 പരസ്യവും പ്രചാരണവും | 5,00,000 | 0 |

സി) 2019-20 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|
| 2201003 നികുതികൾ | 5000 | 0 |
| 2208001 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ-ചെയർപേഴ്സൺ | 800,000 | 0 |
| | | |

(ഡി) വരവിനത്തിൽ ബജറ്റിൽ വളരെ കൂടുതൽ തുക വകയിരുത്തുകയും എന്നാൽ വളരെ കുറഞ്ഞതുകയാണ് യഥാർത്ഥത്തിൽ ലഭ്യമായിരിക്കുന്നത്.

| ഹെഡ് | ബജറ്റിൽ | ധനകാര്യപത്രിക |
|---|---|---|

| | വകയിരുത്തിയ തുക | പ്രകാരം വരവ് |
|---|---|---|
| 1101002 തൊഴിൽ നികുതി ജീവനക്കാർ | 10,000,000 | 10278771 |
| 1101601 വിനോദ നികുതി | 100,000 | 0 |

ഇതേ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും പരിഹരിക്കപ്പെട്ടിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 1 /15.07.2022)

എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 29.07.2021 | - | - |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ധനകാര്യപത്രിക പ്രകാരം രസീപ്റ്റ്സ് ഫ്രം ലൈബ്രറീസ് (140501600) എന്നയിനത്തിലെ വരവ് 5001/-ആണ്. എന്നാൽ സാംസ്കാരിക കേന്ദ്രം വെൺകുളം എന്ന ലൈബ്രറിയുടെ കാഷ് ബുക്ക് പ്രകാരം വരവിനത്തിലെ 728/- രൂപ വിവിധ രസീതുകൾ പ്രകാരം പഞ്ചായത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ ലൈബ്രറിയിൽ നിന്നുള്ള വരവായി 140501600 എന്ന ശീർഷകത്തിൽ ( രസീപ്റ്റ്സ് ഫ്രം ലൈബ്രറീസ് )ഉൾപ്പെടുത്തിയിട്ടില്ല.

2. സെക്രട്ടറിയുടെ പേരിൽ കാനറാബാങ്കിൽ നിലവിലുള്ള അക്കൌണ്ട് നം 716201001125ന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ് 4651, നീക്കിയിരിപ്പ്- 220019).

പ്രസ്തുത അക്കൌണ്ട് നഗരസഭാചെയർമാന്റെ ദുരിതാശ്വാസനിധി എന്ന അക്കൌണ്ടാണെന്നും 2022-23 ലെ AFS ൽ ടി അക്കൌണ്ട് ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് ( നം 25) മറുപടി ലഭ്യമാക്കി.

3. അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) പാസ് ബുക്ക് ,കാഷ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വിശദാംശം ചുവടെ

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ) | ക്രമീകരിക്കാനുള്ളത് | വ്യത്യാസം |
|---|---|---|---|---|---|---|---|
| കാഷ് ബുക്ക് പ്രകാരം | 650344.50 | 10043493 | 10022278 | 671559.5 | 4621173.50 | 3949614 | 152111 * |
| ധനകാര്യപത്രിക പ്രകാരം | 872807 | ലഭ്യമല്ല (ഹെഡ് കോഡ്320100100) | ലഭ്യമല്ല | 519448 | 4621173.50 | 4101725.50 | - |

*റീകൺസിലിയേഷൻ പത്രിക പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന തുക 4101725

അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് (AUEGS) ഭരണചെലവുകൾ എന്നയിനത്തിൽ ലഭിക്കുന്ന വരവുകൾ കാനറാബാങ്കിന്റെ 0716101060054 എന്ന അക്കൌണ്ടിലാണ് വരവു വയ്ക്കുന്നത്.ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 സാമ്പത്തിക വർഷം ലഭിച്ചിരിക്കുന്ന എല്ലാ വരവുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5) AUEGSബാങ്ക് അക്കൌണ്ടിൽനിന്നും ഡെബിറ്റ് ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ചെലവിന്റെ വിവരം AUEGSകാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക | തീയതി | ചെക്ക് നം | തുക ലഭിച്ച വ്യക്തി | ചെലവിനം |
|---|---|---|---|---|
| 97137 | 05.10.2020 | ലഭ്യമല്ല | സെക്രട്ടറി | കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |

6) IOB സാക്ഷരത (044501000010268) ബാങ്ക് സ്റ്റേറ്റ്മെന്റിൽ 29.03.2021 ൽ SBA Unclaimed Deposit ഇനത്തിൽ 8225.13/- രൂപ ബാങ്ക് കുറവു ചെയ്തിരിക്കുന്നു. നഗരസഭയുടെ അനുവാദമില്ലാതെ ബാങ്ക് പിൻവലിച്ച തുക തിരികെ ലഭ്യമായിട്ടില്ല.

7)

(A) IOB ബാങ്ക് അക്കൌണ്ടിൽ ( 044501000028711) IHSDP ) നീക്കിയിരിപ്പായി 15620468.80 (തൻവർഷം ലഭ്യമായ പലിശ ഉൾപ്പെടെ) രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു. സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ടി തുക PMAY ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 25 നുള്ള മറുപടി നൽകി.

(B) SBI IHSDP (67058739898) അക്കൗണ്ടിലും 15620468 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടും നിലവിൽ നിഷ്ക്രിയമാണ്. നിഷ്ക്രിയമായി അവശേഷിക്കുന്ന മേൽ അക്കൗണ്ടിലെ തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശമനുസരിച്ച് ചെലവഴിക്കുകയോ ചെയ്യേണ്ടതാണ്.

8) ICICI ശുചിത്വമിഷൻ 1453അക്കൌണ്ടിന്റെ ബാങ്ക് റീ കൺസിലിയേഷൻ പത്രിക പ്രകാരം Cheques Issued But Not Presented To Bank എന്നയിനത്തിലെ 92016/- രൂപയുണ്ട് .കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുക State Cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരവായി രേഖപ്പെടുത്തിയിട്ടില്ല.

9) എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ 2020-21ലെ വരവ് 795889/- രൂപയാണ്.എന്നാൽ സഞ്ചയ ഇ- പേയ്മെന്റ് ഓൺലൈൻ ലോഗിനിൽ നിന്നുള്ള Consolidated സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ലെ വരവ് 840207/-രൂപയാണ്.

10) ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന (ആർ പി 40ബി) ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് കോഡ് | അക്കൌണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 450210200 | Nationalised Banks Municipal Fund 2 | 0.10 |
| 450220300 | Ex In Audit | 0.36 |
| 450230100 | DCB6240 | 0.10 |
| 450230300 | DCB6241 | 0.10 |
| 450230400 | DCB500 | 0.17 |
| 450250101 | Treasury MF1 | 246239 |
| 450250900 | Treasury (Panchayat Fund) | 493025 |

11) കാനറാ ബാങ്ക് പി എം എ വൈ 14അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രീക (മാർച്ച് 2021 ) പ്രകാരം Directly Debited By Bank എന്നയിനത്തിൽ 11052000/- രൂപ നിലനിർത്തിയിരിക്കുന്നു. ആയത് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ തീയതി | തുക |
|---|---|
| 31.07.20 | 90000 |

തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

12. കാനറാബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ ( മാർച്ച് 2021) രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമാക്കിയില്ല.

| ചെക്ക് നം | തീയതി | തുക | രസീത് നം | വരവിനം |
|---|---|---|---|---|
| 437987 | 25.02.2019 | 9350 | 118160400061 | തൊഴിൽ നികുതി |
| 161727 | 06.02.2019 | 16250 | 118160500246 | തൊഴിൽ നികുതി |

13. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നയിനത്തിൽ നൽകിയ തുക ധനകാര്യപത്രിക, ബിൽ ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

| ഇനം | ധനകാര്യപത്രിക പ്രകാരം | ബിൽ ബുക്ക് (24239) പ്രകാരം | ബിൽ നം , തീയതി |
|---|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1020000 | 1140000 | 18/25.02.21 Rs 120000<br>9/18.09.20 Rs 1020000 |

14. സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം (24239) മിശ്രവിവാഹിതർക്കുള്ള ധനസഹായമിനത്തിൽ ബിൽ നം 15/30.01.2021പ്രകാരം 90,000/- രൂപ നൽകിയിട്ടുണ്ട്.ആയതിന്റെ വിവരം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

15. ടെണ്ടറുകളുടെ ടെണ്ടർ ഫോറവിലയിനത്തിൽ 2020-21സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

16.ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

17. ബി14 – Stock In Hand (Inventories) ൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടുകളിന്മേലുള്ള കുറിപ്പ്, വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

18.മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ രണ്ടു വർഷത്തെ തുകകൾ ലഭ്യമാക്കി, താരതമ്യ പഠനം സാധ്യമാക്കിയിട്ടില്ല.

19. ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

20) ഐ സി ഡി എസ് സൂപ്പർ വൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അങ്കണവാടി പോഷകാഹാര പ്രോജക്ട് (പ്രോജക്ട് നം. 248 ) പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് 767008/- ആണ്. എന്നാൽ സുലേഖ പത്രികയിൽ ചെലവുരേഖപ്പെടുത്തിയിട്ടില്ല

21)ചുവടെ ചേർത്തിട്ടുള്ള വരവ് ഇനങ്ങളിൽ ഡിമാന്റ് ഉള്ള ഇനങ്ങളുടെ കറന്റ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് , അരിയർ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ എന്നിവയും ഡിമാന്റ് ഇല്ലാത്തവയുടെ കളക്ഷൻ എന്നിവ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

എ. ഡി ആന്റ് ഒ ലൈസൻസ്

ബി. തൊഴിൽ നികുതി

സി. വാടക വരവുകൾ

ഡി.ലേലം

ഇ. ബിൽഡിംഗ് പെർമിറ്റ്

22)സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വസ്തുനികുതിയുടെ ഡി സി ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായില്ല.

23)ധനകാര്യപത്രികയിലെ ലാന്റ്സ്കേപ്പ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മുന്നിരിപ്പുകൾ മുൻവർഷത്തെ നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

| ഇനം | മുന്നിരിപ്പ് (2020-21) | നീക്കിയിരിപ്പ് (2019-20 ലെ ബാലൻസ് ഷീറ്റ് പ്രകാരം ) |
|---|---|---|
| സസ്പെൻസ് | 232902 | 125844 |
| എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പൻഡിച്ചർ | 114399015.14 | (64632621) |
| ജനറൽ ഫണ്ട് | (147964250.07) | 31067386.07 |

24) മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 53 പ്രകാരം സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് തുക അനുവദിക്കുവാൻ സാധിക്കാത്തപക്ഷം വാർഷിക കണക്കിൽ പ്രസ്തുത ചെലവുകൾക്കായി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ നഗരസഭയിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2021ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

25) പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ,ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീസ് എന്നിയിനങ്ങളിലെ വരവുകൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| വരവിനം | വരവ് | |
|---|---|---|
| | ധനകാര്യപത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം |
| പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 8700 | 6500 |
| ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീസ് | 1715 | 1400 |

26) മിസല്ലേനിയസ് അഡ്വാൻസ് എന്ന ശീർഷകത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | നൽകിയ തുക | തിരികെ ലഭിച്ച തുക | ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| 460100700 മിസല്ലേനിയസ് അഡ്വാൻസ് | 25500 | 1397100 | 424242 | 927858 |

27) Profession Tax Institutions Professionals And Traders , Receivables Of Licence Fees എന്നീയിനങ്ങളിൽ കുടിശ്ശികയിനത്തിൽ തൻവർഷം 811381/- രൂപ, 28699/- രൂപ കളക്ട് ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത വിവരം മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരുന്നില്ല.

28) Receivables Of Service Cess 400440കുടിശ്ശികയിനത്തിലെ തുക ആണ് . (മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ) . എന്നാൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക വരവായി രേഖപ്പെടുത്തിയിരിക്കുന്നു ( 2020-21 വർഷത്തെ ആർ പി 37പ്രകാരം വരവ് 656150)

29) ഡെപ്പോസിറ്റിനങ്ങളിലെ (ഉദാ- ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്) വരവ്, ചെലവ്, നീക്കിയിരിപ്പുകളുടെ വിശദാംശങ്ങൾ പരിശോധിക്കാനാവശ്യമായ രജിസ്ററർ സൂക്ഷിക്കുന്നില്ല. ബി 7 പ്രകാരം 18194191/- രൂപ വിവിധ ഡെപ്പോസിറ്റിനങ്ങളിലെ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഇതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ( തുക) ലഭ്യമല്ല.

30) I 18 Prior Period Items – Incomes എന്ന ഷെഡ്യൂൾ പ്രകാരം Rent From Office Buildings, Other Rents, Other User Charges, Other Incomes എന്നീയിനങ്ങളിൽ ആകെ 157761/-രൂപ കുറവു ചെയ്തിരിക്കുന്നു. ആയതിനാധാരമായ കമ്മിറ്റി തീരുമാനം അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

31)ഹഡ്കോ വായ്പയുടെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ധനകാര്യപത്രിക പ്രകാരം | രജിസ്ററർ പ്രകാരം |
|---|---|---|
| തൻവർഷ തിരിച്ചടവ് | രേഖപ്പെടുത്തിയിട്ടില്ല | 13240001 |
| നീക്കിയിരിപ്പ് | 213040000 | 199799999 |

32)ഗുണഭോക്തൃവിഹിതമിനത്തിലെ വരവ് , ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം ) | ചെലവ് ( സാംഖ്യപ്രകാരം ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്തൃവിഹിതം | ० | 11750/- | 0 | 69300 | 12050/- |

33) വാല്യൂ ആഡഡ് ടാക്സ് ( VAT)നിലവിലില്ലാതിരിക്കെ 69190 /- രൂപയുടെ വരവായി ധനകാര്യപത്രികയിൽ (ആർ പി) രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏതിനത്തിലെ വരവാണെന്ന് വ്യക്തമല്ല.വരവ് തുക ശരിയായ ഹെഡുകളിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

34) ബാലൻസ് ഷീറ്റ് B 21 പ്രകാരം Provisions എന്നയിനത്തിൽ – 2063660/- രൂപ ആസ്തിയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ, രേഖപ്പെടുത്തലിനാധാരമായ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം ( 2020-2021)

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ) | ചെലവ് (സുലേഖ പ്രകാരം ) | ചെലവ് (എ സി ആർ) | 2020-21 ലെ ക്യൂ ബിൽ തുക /ലാപ്സായതുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 99872199 | 101508001 | 101508001 | 99580801 | -1635802 | വരവിനേക്കാൾ ചെലവുരേഖപ്പെടുത്തിയിരിക്കുന്നു. |
| വികസന ഫണ്ട് (എസ്.സി.പി) | 31224000 | 25531181 | 25531181 | 25531181 | 5692819 | 82% |
| സി.എഫ്.സി (Untied) | 162151913 | 82137762 | 91095348 | 86703039 | 80014151 | 51% |
| സി.എഫ്.സി (Tied) | 64890000 | 8957586 | | 8957586 | 55932414 | 14% |
| മെയിന്റനൻസ് ഫണ്ട് റോഡ് | 13295100 | 13295100 | 13295100 | 13295100 | 0 | 100% |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 27984068 | 23849792 | 23849792 | 25996200 | 4134276 | 85% |

എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ എന്നിവയിലെ ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല.

ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകൾ സർക്കാർ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല

വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 99872199 | 116003000<br>( 2890800 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം +13240001 ലൈഫ് വായ്പ മുതൽ തിരിച്ചടവ് ) |
| മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) | 27984068 | 28270000<br>( 285932രൂപ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവ് ചെയ്ത തുക ) |

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് നഗരസഭ പദ്ധതി ചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവു കുറവായി രേഖപ്പെടുത്താനിടയാകുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

സ.ഉ (സാധാ) 2657/2020/ധന തീയതി 01.04.2020 പ്രകാരം അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിലെ പ്രാദേശിക സർക്കാർ വിഹിതമായി 963600/- രൂപ കുറവുചെയ്താണ് വികസന ഫണ്ടിന്റെ ഒന്നാംഗഡു അനുവദിച്ചിരുന്നത് . എന്നാൽ നഗരസഭ പ്രസ്തുത തുകയ്ക്ക് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല.

സ.ഉ ( സാധാ) നം 4444/2020/ധന തീയതി 03.08.2020 പ്രകാരം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് 285932രൂപ കുറവ് ചെയ്ത തുകയാണ് നഗരസഭയ്ക്ക് അനുവദിച്ചിരുന്നത്.എന്നാൽ പ്രസ്തുത തുകയ്ക്ക് നഗരസഭ പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല.

2. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ) | 99580801 | 101508001 |
| മെയിന്റൻസ് ഫണ്ട് നോൺ റോഡ് | 25996200 | 23849792 |
| സി എഫ് സി ബേസിക് ഗ്രാന്റ് (Untied) | 86703039 | 82137762 |

3) ഗ്രാന്റ് യൂട്ടിലൈസേഷൻ -വിനിയോഗത്തിലെ അപാകതകൾ

(എ) സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 12402640/- രൂപയാണ്. ഈയിനത്തിൽ ആകെ 11157200/- രൂപ അടങ്കൽ വകയിരുത്തുകയും 7193102/- രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 64% മാത്രം വിനിയോഗിച്ചിട്ടുള്ളത്.

(ബി) ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് പൊതു വിഭാഗം

വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 6201320/- ആണ്. ചെലവ് 2007620/- വകയിരുത്തലിന്റെ ചെലവ് ശതമാനം 32%.( ഓഡിറ്റ് എൻക്വയറി നമ്പർ 28/ 19.07.2022)

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവ് തുക | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1525200 | 0 | 0 |
| | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 6 | 5054970 | 4181698 | 100 |
| | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1 | 1656200 | 1500000 | 50 |
| | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 2830000 | 70000 | 50 |
| | കൃഷി ഓഫീസർ | 22 | 21 | 11880667 | 8181713 | 95 |
| | സെക്രട്ടറി | 28 | 23 | 18198761 | 14725123 | 82 |
| | വെറ്ററിനറി സർജൻ | 5 | 5 | 1911750 | 1277750 | 100 |
| | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 2 | 2 | 4923221 | 4923221 | 100 |
| | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ | 7 | 6 | 25163323 | 24840843 | 86 |
| | പട്ടിതജാതി വികസന ഓഫീസർ | 10 | 6 | 29798924 | 16310000 | 60 |
| | ഹെൽത്ത് ഓഫീസർ | 20 | 14 | 32680918 | 6569077 | 70 |
| | മുനിസിപ്പൽ എഞ്ചിനീയർ | 22 | 11 | 41777615 | 19803033 | 50 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 283 | 200 | 204722382 | 131817053 | 71 |
| | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 14468000 | 10785496 | 86 |
| | പ്രിൻസിപ്പൽ | 19 | 14 | 72600000 | 5288877 | 74 |
| | മെഡിക്കൽ ഓഫീസർ പി എച്ച് സി | 3 | 3 | 5106110 | 5005538 | 100 |
| | | 439 | 319 | 408958041 | 255279422 | 73 |

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 73 ശതമാനം ചെലവഴിച്ചിരിക്കുന്നു

2) ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ 2200000 രൂപ അടങ്കൽ വകയിരുത്തിയ വനിതകൾക്ക് സ്വയം തൊഴിൽ സംരഭം എന്ന പദ്ധി നടപ്പാക്കിയിട്ടില്ല, 630000/- വകയിരുത്തിയ ഷീ ഓട്ടോറിക്ഷ എന്ന പദ്ധതിയിൽ 70000/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

3)പട്ടികജാതി വികസന ഓഫീസർ അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളിൽ 6 എണ്ണം നടപ്പാക്കി, വകയിരുത്തിയ ഫണ്ടിന്റെ 55 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

4)മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് വകയിരുത്തിയ 41777615 രൂപയിൽ 19803033 രൂപ ചെലവഴിച്ചു (50%).

5)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 83 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല.

6)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

7) ഫിഷറീസ് ഓഫീസർക്ക് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഒരു പദ്ധതി നടപ്പാക്കിയിട്ടില്ല.

ബി) പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കാവുന്നതാണ്. എന്നാൽ അപ്രകാരം പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പദ്ധതി രൂപീകരണത്തിൽ ആസൂത്ര സമിതിയുടെ ചുമതലകൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ വികസന സെമിനാർ നടത്തുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സാധിച്ചിട്ടില്ല എന്ന് നേരിട്ട് അറിയിച്ചെങ്കിലും ആയതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 22, 8.07.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-5 ക്ഷേമ പദ്ധതികൾ

ധനകാര്യ പത്രിക പ്രകാരം തൻവർഷം നെയ്യാറ്റിൻകര നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 357000 | 511 |
| കർഷക തൊഴിലാളി പെൻഷൻ | 14618700 | 1004 |
| വിധവാപെൻഷൻ | 36414200 | 2562 |
| വാർദ്ധക്യകാല പെൻഷൻ | 74785000 | 5284 |
| വികലാംഗ പെൻഷൻ | 12966700 | 866 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1863400 | 127 |
| വിവാഹ ധനസഹായം | 1020000 | 34 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെടുന്നവരുടെ പെൻഷൻ അടിയന്തിരമായി സസ്പെന്റ് ചെയ്യേണ്ടതാണ്.

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുകയാണെങ്കിൽ പെൻഷൻ വിതരണം നിർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 22.9.2017 തീയതിയിലെ SFCB1/71/2017/fin നം സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം

മരണപ്പെടുന്നയാളുടെ പെൻഷൻ ഉടനടി തന്നെ നിർത്തി വക്കേണ്ടതാണ്.

നെയ്യാറ്റിൻകര നഗരസഭയിലെ മരണ രജിസ്റ്ററുകളിലെ ഒരു വാല്യം പരിശോധിച്ചതിൽ സേവന സോഫ്റ്റ്‌വെയർ പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിനുശേഷവും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ്. | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ക്രിസ്തുദാസ്.ജെ | 101750204664 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.2.20 | ആക്ടീവ് | 3/2020 – 6/2022 | 16800/- |
| 2 | ദാസമ്മ.പി | 10750602079 | ദേശീയ വിധവാ പെൻഷൻ | 8.2.2020 | ആക്ടീവ് | 3/2020 – 6/2022 | 45400/- |
| 3 | കമലമ്മ.സി | 101750101486 | കർഷക തൊഴിലാളി പെൻഷൻ | 28.2.2020 | ആക്ടീവ് | 3/2020 – 6/2022 | 41900/- |

താഴെപ്പറയുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിനുശേഷവും സസ്പെന്റ് ചെയ്യാതെ പെൻഷൻ തുക സഹകരണ സംഘത്തിന് കൈമാറിയതായും കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | സുകുമാരദാസ് ജെ | 101750204010 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.3.2020 | ആക്ടീവ് |
| 2 | കമലമ്മ റ്റി | 101750202557 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.3.2020 | ആക്ടീവ് |
| 3 | ബാലകൃഷ്ണൻ വി | 101750204556 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.4.2020 | ആക്ടീവ് |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 48/21.07.2022), സാമൂഹ്യ സുരക്ഷാ

പെൻഷനുകൾ വിതരണം ചെയ്യുന്നത് DBT Cell ആണെന്നും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടത് നഗരസഭയിൽ നിന്നാണെന്നും ഓഡിറ്റ് റിപ്പോർട്ട് ചെയ്ത പെൻഷനുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും മറുപടി തന്നിട്ടുണ്ട്. അനർഹമായി അക്കൗണ്ടുകളിൽ വിതരണം ചെയ്തിട്ടുള്ള തുകകൾ തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ഒരാൾ പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ അയാളുടെ ആധാർ/പെൻഷൻ ഐഡി/ബാങ്ക് പാസ് ബുക്ക് നമ്പർ ഇവ ഉപയോഗിച്ച് മാത്രമെ പെൻഷൻ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സാധിക്കുകയുള്ളൂ. മരണപ്പെടുന്നയാളുടെ മരണ റിപ്പോർട്ടിലോ മറ്റ് രേഖകളിലോ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല. അതിനാൽ മരണപ്പെടുന്ന ആൾക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ എന്നറിയുന്നതിന് പെൻഷൻ വിതരണ പട്ടികയുമായി മാന്വൽ ആയി പേര്/അഡ്രസ് എന്നിവ വച്ച് ഒത്ത് നോക്കിയാൽ മാത്രമെ സാധിക്കുകയുള്ളൂ.

സ.ഉ(എം.എസ്)നം.97/2020/ധന, തീയതി:23/9/2020 ഖണ്ഡിക സി.12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ആയതിനാൽ അങ്കണവാടി/ആശാവർക്കർമാരുടെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും, അനർഹർക്ക് പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.22 തീയതി 2.35 Pm -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 168355/-രൂപയുടെ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ചർച്ചകളും തീരുമാനങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ നഗരസഭ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2020 ന ശേഷം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല.

3) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് നഗരസഭ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

5)പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
6)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.
8) രസീതുകൾ റദ്ദ് ചെയ്യുന്ന മുറയ്ക്ക് റദ്ദുചെയ്യാനുള്ള കാരണം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ വരവ് ചെലവുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (ബാങ്ക് | ക്രമീകരിക്കാനുള്ളത് | കുറിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | സ്റ്റേറ്റ്മെന്റ് പ്രകാരം ) | | | |
| കാഷ് ബുക്ക് പ്രകാരം | 650344.50 | 10043493 | 10022278 | 671559.50 | 4621173.50 | 3949614 | റീകൺസിലിയേഷൻ പത്രിക പ്രകാരം ക്രമീകരിക്കാനുള്ള തുക 4101725 വ്യത്യാസം 152111 |

*കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പിൽ 1,52,111/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/09/2006 | 2005-06 | 22/01/17 |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 13/01/2020 | 2017-18<br>2018-19 | 27/2/2020 |

## 1-10 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ,സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.നഗരസഭയുടെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 88/22- ന് നൽകിയ മറുപടിയിൽ വിവരങ്ങൾ"VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്.സർക്കാർ ഉത്തരവ് പ്രകാരം നഗരസഭയുടെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ(വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ )പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി -എ.എഫ്,എസിലെ തുകയും ഡി.സി.ബി.സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ ഭീമമായ വ്യത്യാസം

2020-21-ലെ AFS-ലെ ബാലൻസ് ഷീറ്റ് പ്രകാരം കറൻറ് ഇനത്തിൽ 1011417/-രൂപയും അരിയർ ഇനത്തിൽ 613790.79/രൂപയും ഉൾപ്പെടെ ആകെ 1625207.79/- രൂപ(പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി ഏഴ് രൂപ എഴുപത്തി ഒമ്പത് പൈസ) പിരിച്ചെടുക്കാൻ ഉണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം അരിയർ ഇനത്തിൽ 36215033/-രൂപയും കറൻറ് ഇനത്തിൽ 14582518/-രൂപയും ഉൾപ്പെടെ 50722341/-(അഞ്ച് കോടി ഏഴ ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി നാല്പത്തി ഒന്ന് )രൂപയും ആണ്. ആയത് പ്രകാരം AFS-ഉം DCB-യും തമ്മിൽ 49097133.21 രൂപയുടെ (50722341.00 -1625207.79=49097133.21) വ്യത്യാസം കാണുന്നു.സ.ഉ.(സാധാ)നം.540/2019/ തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യതിയതി 1-4-2016-ആയി നിശ്ചയിച്ചിട്ടുണ്ട്.ആയത് പ്രകാരം നടത്തിയ വസ്തുനികുതി പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ AFS-ഉം DCB-യും തമ്മിൽ താരതമ്യം ചെയ്ത് വ്യത്യാസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാലാണ് പ്രസ്തുത വ്യത്യാസം നിലനിൽക്കുന്നത്. ഇപ്രകാരം കണ്ടെത്തിയ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 102/2022- ന് മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത വിഷയത്തിൽ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.എ.എഫ്,എസിലെ തുകയും ഡി.സി.ബി.സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ ഭീമമായ വ്യത്യാസത്തിന് വ്യക്തമായ മറുപടിയും, വ്യത്യാസം പരിഹരിച്ചും

വിവരം അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി കുടിശ്ശിക 50722341/-രൂപ.ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ നഗരസഭ പ്രകടമായ അലംഭാവം പുലർത്തുന്നതായി സ്ഥാപനം സമർപ്പിച്ച ഡി.സി.ബി.സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനം ഹാജരാക്കിയ വസ്തുനികുതിയുടെ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് പ്രകാരം 31-3-2021 -ൽ 50722341/-(അഞ്ചു കോടി ഏഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി നാല്പത്തി ഒന്ന് )രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഓരോ വാർഡിലും വസ്തുനികുതി കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മുൻവർഷത്തെ വസ്തു നികുതി കടിശ്ശിക | തൻവർഷത്തിലെ കുടിശ്ശികയായ വസ്തു നികുതി. | ആകെ ലഭിക്കാനുള്ള കുടിശ്ശികയായ തുക |
|---|---|---|---|
| 1 | 760383 | 313352 | 1073732 * |
| 2 | 1010086 | 728803 | 1738816* |
| 3 | 1373884 | 444304 | 1818183 * |
| 4 | 2085227 | 522934 | 2563638 * |
| 5 | 433146 | 336215 | 769355 * |
| 6 | 416460 | 189740 | 606200 |
| 7 | 292359 | 155447 | 447412 * |
| 8 | 380062 | 234407 | 614459 * |
| 9 | 357713 | 198629 | 556332 * |
| 10 | 328696 | 162309 | 490990 * |
| 11 | 471318 | 224098 | 695398 * |
| 12 | 386227 | 188105 | 574330 * |
| 13 | 1629754 | 436308 | 2066062 |
| 14 | 423749 | 254426 | 678171 * |
| 15 | 405387 | 206034 | 611349 * |
| 16 | 580778 | 226465 | 807046 * |
| 17 | 427765 | 260967 | 688732 |
| 18 | 360488 | 198818 | 559156 |
| 19 | 415482 | 194302 | 609783 * |
| 20 | 398053 | 211285 | 609324 * |
| 21 | 371258 | 205863 | 577121 |
| 22 | 345979 | 180832 | 526811 |
| 23 | 328110 | 200275 | 528333 * |
| 24 | 3615081 | 1010507 | 4622743 * |
| 25 | 3266138 | 696472 | 3962499 * |
| 26 | 1013016 | 510525 | 1523182 * |
| 27 | 555721 | 351201 | 906922 |
| 28 | 633087 | 271273 | 904122 * |
| 29 | 210865 | 197626 | 400649 * |
| 30 | 672857 | 282624 | 955480 * |
| 31 | 334938 | 220419 | 554999 * |
| 32 | 357401 | 217111 | 574251 * |
| 33 | 331502 | 215760 | 547257 * |
| 34 | 305122 | 204835 | 509888 * |
| 35 | 474237 | 232633 | 706870 |
| 36 | 759855 | 281760 | 1041593 * |
| 37 | 2206416 | 551181 | 2757209 * |
| 38 | 556804 | 235242 | 792045 * |
| 39 | 1091171 | 490726 | 1581894 * |
| 40 | 2661105 | 1116940 | 3763697 * |
| 41 | 476523 | 234157 | 710675 * |
| 42 | 257260 | 187206 | 441735 * |
| 43 | 1927403 | 520415 | 2447744 * |
| 44 | 526167 | 279987 | 806154 |

*സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം മുൻവർഷത്തെ വസ്തു നികുതി കുടിശ്ശികയും തൻ വർഷത്തിൽ കുടിശ്ശികയായ വസ്തു നികുതിയും തമ്മിൽ കൂട്ടുമ്പോൾ വ്യത്യാസം കാണുന്നു.

1994-ലെ കേരള മുൻസിപ്പാലിറ്റിആക്ട് വകുപ്പ് 539 (2) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 (2) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണ്. സ്ഥാപനത്തിന്റെ തനത് വരുമാനത്തിലെ സിംഹഭാഗവും ലഭിക്കേണ്ട വസ്തുനികുതി പിരിച്ചെടുത്തില്ലായെങ്കിൽ വികസനപ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും വാർഡ് ജനപ്രതിനിധികളുടെ സഹകരണത്തോടെ സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ.

നഗരസഭയിലെ തൊഴിൽ നികുതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തു താമസിച്ചുകൊണ്ട് ഒരു തൊഴിലോ, കലയോ ജോലിയോ നടത്തുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നതായ ഏതൊരാളും ചട്ടങ്ങൾ അനുസരിച്ച് കണക്കാക്കിയ അർദ്ധ വാർഷിക നികുതി ഒടുക്കേണ്ടതാണ്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷികം | വാർഡ് |
|---|---|---|---|
| 1 | LSGD അതിയന്നൂർ ബ്ലോക്ക് ഓഫീസ് | 1st | 1 |
| 2 | നിംസ് ആശുപത്രി | 1st , 2nd | 1 |
| 3 | നൂറൽ ഇസ്ലാം കോളേജ് ഓഫ് ഡെന്റൽ സയൻസ് | 2nd | 1 |
| 4 | നിംസ് ഹാർട്ട് ഫൌണ്ടേഷൻ | 2nd | 1 |
| 5 | TMM മോട്ടോർസ് | 1st , 2nd | 3 |
| 6 | സെന്റ് ഫിലിപ്പ് സ്കൂൾ ,TB Jn | 1st , 2nd | 4 |
| 7 | കൃഷി ഭവൻ നെയ്യാറ്റിൻകര | 1st , 2nd | 4 |
| 8 | NIP Section And Channel Sub Division | 2nd | 4 |
| 9 | സതേൺ റെയിൽവെ | 1st , 2nd | 4 |
| 10 | SC/ST പ്രി മെട്രിക് ഹോസ്റ്റൽ | 2nd | 4 |
| 11 | 110 Kv സബ് സ്റ്റേഷൻ തൊഴുക്കൽ | 1st , 2nd | 5 |
| 12 | ആൽഫാ ഹോസ്പ്പിറ്റൽ | 1st , 2nd | 8 |
| 13 | സ്നേഹദീപം ഹോസ്പ്പിറ്റൽ പെരുമ്പഴുതൂർ | 1st , 2nd | 9 |
| 14 | പെരുമ്പഴുതൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കൊ ഓപ്പറേറ്റീവ് സൊസൈറ്റി | 1st , 2nd | 12 |
| 15 | വിസ്മയപുരം വെൽഫയർ കൊ ഓപ്പറേറ്റീവ് സൊസൈറ്റി | 1st , 2nd | 12 |
| 16 | അർബൻ പ്രൈമറി ഹെൽത്ത് സെന്റർ | 1st | 21 |
| 17 | നെയ്യാറ്റിൻകര ഗവ. ഹോസ്പിറ്റൽ കൊ ഓപ്പറേറ്റീവ് സൊസൈറ്റി | 1st , 2nd | 24 |
| 18 | സബ് രജിസ്ട്രാർ ഓഫീസ് | 2nd | 24 |
| 19 | ഗവ. സർവന്റ്സ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി | 2nd | 24 |
| 20 | എക്സൈസ് റെയ്ഞ്ച് ഓഫീസ് | 2nd | 24 |
| 21 | കോരള സ്റ്റേറ്റ് കൊ ഓപ്പറേറ്റീവ് ബാങ്ക് | 2nd | 24 |
| 22 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ് | 1st , 2nd | 24 |
| 23 | NTA വെൽഫയർ കൊ ഓപ്പറേറ്റീവ് സൊസൈറ്റി | 1st , 2nd | |

| | | | |
|---|---|---|---|
| 24 | SBI PBB NTA | 1st , 2nd | |
| 25 | മുത്തൂറ്റ് സിൻഡിക്കേറ്റ് നിധി ലിമിറ്റഡ് | 2nd | |
| 26 | വാസൻ ഐ കെയർ ഹോസ്പിറ്റൽ | 1st , 2nd | 26 |
| 27 | ബജാജ് അലയൻസ് ലൈഫ് ഇൻഷ്യുറൻസ് കൊ ലിമിറ്റഡ് | 1st , 2nd | 26 |
| 28 | ശിവജി മോട്ടോർസ്. | 1st , 2nd | 26 |
| 29 | തിരുവിതാംകൂർ ദേവസ്വം ബോർഡ് കുട്ടപ്പന | 1st , 2nd | 18 |
| 30 | രാമേശ്വരം ദേവസ്വം | 2nd | 27 |
| 31 | പോപ്പുലർ ഓട്ടോ ഡീലേർസ് പ്രൈവറ്റ് ലിമിറ്റഡ് | 1st , 2nd | 29 |
| 32 | NILT അമരവിള | 1st , 2nd | 30 |
| 33 | Larsen & Tubro(L&T) Ltd | 1st , 2nd | 30 |
| 34 | പ്രൈമറി ഹെൽത്ത് സെന്റർ പെരുങ്കടവിള | 2nd | 32 |
| 35 | മെഡിക്കൽ മിഷൻ ക്ലിനിക്ക് ഓലത്താനി | 2nd | 32 |
| 36 | പെരുമ്പഴുതൂർ സർവ്വീസ് സഹകരണ ബാങ്ക് ബ്രാഞ്ച് ഓലത്താനി | 1st , 2nd | 33 |
| 37 | VVHSS Olathanni | 2nd | 33 |
| 38 | VVHSS Olathanni(HSS) | 1st , 2nd | 33 |
| 39 | ന്യൂ ഇന്ത്യ അഷ്യുറൻസ് കമ്പനി ലിമിറ്റഡ്, കൊടാങ്ങാവിള | 1st , 2nd | 35 |
| 40 | നെയ്യാറ്റിൻകര താലൂക്ക് കൊ ഓപ്പറേറ്റീവ്എംപ്ളോയിസ് സൊസൈറ്റി | 1st , 2nd | 37 |
| 41 | സെന്റ് തെരേസസ്സ് GHSS NTA | 2nd | 37 |
| 42 | നെയ്യാറ്റിൻകര ക്ഷീരോൽപാദക സഹകരണ സംഘം | 1st , 2nd | 37 |
| 43 | KSFE (M&E) Branch | 1st | 37 |
| 44 | മുത്തൂറ്റ് മർക്കറ്റയിൽ ലിമിറ്റഡ്. കൊടങ്ങാവിള | 1st , 2nd | 38 |
| 45 | ട്രിവാൻഡ്രം സർവോദയ സംഘം | 2nd | 39 |
| 46 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 2nd | 40 |
| 47 | HDFC Life Nta | 1st , 2nd | 40 |
| 48 | LMS Employees Co Operative Society | 1st , 2nd | 40 |
| 49 | പ്രൈവറ്റ് സ്കൂൾ എംപ്ളോയിസ് കൊ ഓപ്പറേറ്റിവ് സൊസൈറ്റി | 1st , 2nd | 40 |
| 50 | ICICI Bank | 1st | 40 |
| 51 | അസി. രജിസ്റ്റാർ ഓഫ് കൊ ഓപ്പറേറ്റിവ് സൊസൈറ്റി(ജനറൽ) | 2nd | 40 |
| 52 | ഫുഡ് സേഫ്റ്റി ഓഫീസ് നെയ്യാറ്റിൻകര | 2nd | 40 |
| 53 | അസിസ്റ്റന്റ് ലേബർ ഓഫീസ് | 2nd | 40 |
| 54 | ൗൺ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് നെയ്യാറ്റിൻകര | 1st , 2nd | 40 |
| 55 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കൊ ഓപ്പറേറ്റിവ് സൊസൈറ്റി (ഓഡിറ്റ്) | 1st , 2nd | 40 |
| 56 | താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ് | 2nd | 40 |
| 57 | ഡിസ്ട്രിക് എഡ്യൂക്കേഷണൽ ഓഫീസ് | 2nd | 40 |
| 58 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് | 1st , 2nd | 40 |
| 59 | GOVT UPS അതിയന്നൂർ | 1st | 43 |
| 60 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | 1st , 2nd | 43 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11, 18.07.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-2 അർദ്ധ വാർഷിക നികുതി ഈടാക്കിയിട്ടില്ല.

നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് ജോലി ചെയ്യുന്നവരിൽ 2019-20സാമ്പത്തിക വർഷത്തിൽ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടവരുടെ വിവരങ്ങൾ ചുവടെ പറയുന്നു.

| ക്രമ നം. | ജോലി ചെയ്യുന്നവർ | നികുതി ഈടാക്കിയവരുടെ എണ്ണം | നികുതി ഈടാക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | അഭിഭാഷകർ | 5 | 315 |
| 2 | ഡോക്ടേഴ്സ് | - | 25 |
| 3 | ഓഡിറ്റോറിയം | - | 11 |
| 4 | പെട്രോൾ പമ്പ് | - | 4 |
| 5 | ആധാരം എഴുത്ത് ജീവനക്കാർ | - | 11 |
| 6 | സപ്ലൈക്കോ | - | 2 |
| 7 | ടാക്സ് കൺസൾട്ടേഷൻ | - | 9 |

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ 2005 എന്നിവ പ്രകാരം 2019-20 വർഷം മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് മുനിസിപ്പാലിറ്റി പരിധിയിൽ 60 ദിവസത്തിനുമേൽ കരാർ പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങൾ, മുൻസിപ്പാലിറ്റി പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പുകളിൽ(49/21.7.22,66/22.7.2022) 66/22.7.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ലാത്തവരിൽ നിന്നും നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു . ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതി നഷ്ടം ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക – സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല.

ടൗൺ മാർക്കറ്റ് മുറികൾ/സ്റ്റാളുകളിലെ വാടക കുടിശ്ശിക നാളിതുവരെ പിരിച്ചെടുക്കാനുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറി/സ്റ്റാൾ നം . | വാടകയ്ക്ക് എടുത്ത ആളിന്റെ പേര് | വാടക കുടിശ്ശിക |
|---|---|---|---|
| 1 | മുറി 1 | നസറുദ്ദീൻ, റ്റി.ബി ജംഗ്ഷൻ, നെയ്യാറ്റിൻകര | 68223/- |
| 2 | മുറി 2 | നസറുദ്ദീൻ, റ്റി.ബി ജംഗ്ഷൻ, നെയ്യാറ്റിൻകര | 79340/- |
| 3 | മുറി 8 | നൗഷാദ് എ, മേലെകാരം വിള പുത്തൻ വീട് | 38688/- |
| 4 | മുറി 12 | ജയകുമാർ, ജിനി ഭവൻ | 9837/- |
| 5 | മുറി 13 | സുധീർ, മേലെ വിട്ടുവിളാകം | 18858/- |
| 6 | സ്റ്റാൾ നം.14 | സുധീർ, മേലെ വിട്ടുവിളാകം | 18858/- |
| 7 | സ്റ്റാൾ നം.15 | സുധീർ, മേലെ വിട്ടുവിളാകം | 37164/- |
| 8 | സ്റ്റാൾനം.24 | ജമാൽ | 1289/- |
| 9 | സ്റ്റാൾ നം.26 | അൻസാരി, പ്ലാവിള പുത്തൻവീട് | 1289/- |
| 10 | സ്റ്റാൾനം.40 | ഷാജഹാൻ, പ്ലാവിള പുത്തൻവീട് | 6657- |
| 11 | സ്റ്റാൾ നം.41 | പൌളി, അജിൻ ഭവൻ | 6657/- |
| 12 | സ്റ്റാൾ നം. 42,43,44,45 | കെ. നാസ്സർ പ്ലാവിള പുത്തൻവീട് | 42137/- |
| 13 | പഴയ മുൻസിപ്പൽ ലൈബ്രറി ഹാൾ | ഷജില എസ്, മരുത്തൂർ തോട്ട് വരമ്പ് വീട് | 218592/- |
| | | ആകെ | 547589/- |

വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (65/22.7.22) തുക അടവാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും എഗ്രിമെന്റ് പുതുക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. -അധിക ചെലവിന് മറുപടി ലഭ്യമാക്കിയില്ല.

25-09-2013-ലെ സ.ഉ.(ആർ.റ്റി)നം.2380/2013 തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് പ്രകാരം വസ്തുനികുതി ഡേറ്റ (റവന്യൂ ഡേറ്റ) കമ്പ്യൂട്ടർവൽക്കരണം ചെയ്യുന്നതിന് നിർദ്ദേശം നൽകി. പ്രസ്തുത ആവശ്യത്തിനായി പ്ലാൻ, തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. കൂടാതെ പ്രീ പ്രോസസ്സിംഗിനും ഡാറ്റാ എൻട്രിക്കുള്ള ഫോം 2/6-നും10/- രൂപയും ഫോം നമ്പർ 2A-യ്ക്ക് 4 രൂപയും,രേഖപ്പെടുത്തിയ ഡേറ്റകളുടെ ഉദ്യോഗസ്ഥ പരിശോധനയ്ക്കും മുൻ വർഷങ്ങളിലെ കളക്ഷൻ രേഖപ്പെടുത്തുന്നതിന് 2/-രൂപയും ഫോം നമ്പർ 2A-യ്ക്ക് 2/-രൂപയും എന്ന രീതിയിൽ ആകെ 18/-രൂപയും ചെലവാക്കുന്നതിനും കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ വസ്തുനികുതി പരിഷ്കരണ പ്രവർത്തനങ്ങൾ നഗരസഭ ആരംഭിച്ചത് 20-10-2017-ൽ ആണെന്ന് R1-2737/15നമ്പർ ഫയലിൽ നിന്നും വ്യക്തമാകുന്നു. നഗരസഭ വസ്തുനികുതി പരിഷ്കരണ പ്രവർത്തനങ്ങൾക്കായി 2021മാർച്ച് 31വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ ,തിയതി | തുക |
|---|---|
| 50,26/7/2018 | 31215/- |
| 79,21/8/2018 | 265630/- |
| 128,2-11-2018 | 56200/- |
| 251,25/1/2019 | 132777/- |
| 387,19-3-2019 | 97100/- |
| 70,18-7-2019 | 355844/- |
| 77,24-7-2019 | 60104/- |
| 112,21-8-2019 | 211932/- |
| 176,14-7-2020 | 37000/- |
| 484,24/3/2021 | 40420/- |
| ആകെ | 1288222/-* |

*27697കെട്ടിട നമ്പർ പ്ലേറ്റുകൾ പതിപ്പിക്കുന്നതിനായി ചെലവഴിച്ച 83091/-രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 2 ഡി.റ്റി.പി ഓപ്പറേറ്ററെ നിയമിക്കുകയും5-2-2018-ലെ R1-2737/2015- നമ്പർ ഉത്തരവ് പ്രകാരം 13 നഗരസഭാ ജീവനക്കാരെ 44 വാർഡുകളുടെ ഉത്തരവാദിത്വം ഏല്പിക്കുകയും ചെയ്തു. 20-10-2011- ലെ സ.ഉ.(സാധാ)2414/2011 നമ്പർ ഉത്തരവ് പ്രകാരം കെട്ടിടങ്ങളിൽ നമ്പർ പ്ലേറ്റ് പതിപ്പിക്കുന്നതിനായി ഒരു നമ്പർ പ്ലേറ്റിന് നികുതി കഴിച്ച് 5.85/-രൂപ നിരക്കിൽ 36540 എണ്ണം വാങ്ങി. 211932/- രൂപ ചെലവഴിച്ചു. 8-6-2018-ലെ EU2-237/2018 നമ്പർ ഉത്തരവ് പ്രകാരം നഗരകാര്യഡയറക്ടർ 15 ക്ലാർക്ക്മാരെ നിയമിക്കാനും അനുവദിച്ചു. കൂടാതെ 21-7-2018-ലെ 43- ാം നമ്പർ തീരുമാനപ്രകാരം നഗരസഭ 4 ഡി.റ്റി.പി ഓപ്പറേറ്ററെ നിയമിക്കാനും തീരുമാനിച്ചു. 7-3-2020-ലെ R1-2737/2015 നമ്പർ കത്ത് പ്രകാരം നഗരകാര്യ വകുപ്പിലെ റീജിണൽ ജോയിന്റ് ഡയറക്ടറെ വസ്തു നികുതി പരിഷ്കരണം പൂർത്തിയായതായും 36000/-ലധികം ഉണ്ടായിരുന്ന കെട്ടിടങ്ങളിൽ നിലവിൽ 27740 എണ്ണം ഉള്ളതായും അറിയിച്ചു.എന്നാൽ നഗരസഭ സെക്രട്ടറിയുടെ 16-10-2021-ലെ R1-2737/2015-ാം നമ്പർ ഉത്തരവിൽ ഇനിയും 7000/- ലധികം കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്താനുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

അപാകങ്ങൾ

1.സഞ്ചയയിൽ മിസലേനിയസ് റിപ്പോർട്ടിൽ (After 3-9-2014 മുതൽ)ഡേറ്റാ എൻടറി ആകെ 28457-എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

2.സഞ്ചയയിൽ രസീത് വിവരങ്ങളിൽ ഡേറ്റാ എൻട്രി എണ്ണം (After 3-9-2014 മുതൽ) 14731 എണ്ണം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഡാറ്റാ എൻട്രിയുടെ അനുവദനീയമായ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫോം2, 6,2A,ഡേറ്റാ എൻട്രി,ഫീൽഡ് തല പരിശോധന എന്നിവ | 28457 X 18 = 512226/- |
| കമ്പ്യൂട്ടർ വാടക | 51000/- |
| ടേപ്പ്, മാർക്കർ മുതലാവ വാങ്ങിയത് | 2640/- |

| | |
|---|---|
| നമ്പർ പ്ലേറ്റ് | 211932/- |
| ആകെ | 777798/- |

വസ്തു നികുതി പരിഷ്കരണത്തിനായി വിവിധ ബില്ലുകൾ പ്രകാരം 1288222/-രൂപ ചെലവഴിച്ചു.എന്നാൽ സർക്കാർ ഉത്തരവിൽ വിവരിക്കുന്ന തുകയെക്കാൾ 510424/-രൂപ അധികമായി ചെലവഴിച്ചു.സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടുതൽ ചെലവ് നടത്തിയതിനെ തുടർന്ന് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന വിവരങ്ങൾ അന്വേഷണകുറിപ്പ് 64 /22 പ്രകാരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

1.20-10-2017- ൽ ആരംഭിച്ച നെയ്യാറ്റിൻകര നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ടെങ്കിൽ എന്ന് പൂർത്തിയായിയെന്നുള്ള വിവരവും,

2പ്രസ്തുത നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് ചെലവ് ഇനത്തിൽ നാളിതുവരെ എത്ര രൂപ നൽകിയെന്നും, ചെലവുകളുടെ ഇനം തിരിച്ചുള്ള വിവരവും ലഭ്യമാക്കാനും

3. നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡേറ്റാ എൻട്രി നടത്തിയ ഫോം നമ്പർ 6 -ന്റെഎണ്ണംഎത്രയെന്നും,

4.ഡേറ്റാ എൻട്രി നടത്തിയ ഒരു ഫോം നമ്പർ 6 -ന് എത്ര രൂപ നിരക്കിൽ നൽകിയെന്നും,

5.നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡേറ്റാ എൻട്രി നടത്തിയ രസീതുകളുടെ എണ്ണംഎത്രയെന്നും,

7.ഓരോ കെട്ടിടത്തിനും നമ്പർ പ്ലേറ്റ് പതിച്ച് നൽകുന്നതിന് 3 രൂപ ചെലവഴിക്കാൻ അനുവദിച്ചിരുന്നു.ആയത് പ്രകാരം 2021- മാർച്ച് 31 വരെ എത്ര കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിച്ച് നൽകിയെന്നും,

8. 8-6-2018- ലെ EU2-237/2018 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 15 ക്ലാർക്ക് മാരെ കുടുംബശ്രീയിൽ നിന്നും നിയോഗിക്കാൻ അനുവദിച്ചിരുന്നു.ആയത് പ്രകാരം എത്രപേരെ നിയമിച്ചുവെന്നും,അവർ എത്ര ദിവസം ജോലി ചെയ്തുവെന്നും, അവർ തയ്യാറാക്കിയ ഫീൽഡ് തല റിപ്പോർട്ടുകളും ഓഡിറ്റിന് ലഭ്യമാക്കാനും,

9.ഫീൽഡ് തല റിപ്പോർട്ട് പ്രകാരം നെയ്യാറ്റിൻകര നഗരസഭ പരിധിയിൽ നിലവിൽ എത്ര കെട്ടിടങ്ങൾ നിലനിൽക്കുന്നുവെന്നും,

10.സെക്രട്ടറിയുടെ 6-10-2021-ലെ R1-2737/15 ഉത്തരവ് പ്രകാരം 7000/-കെട്ടിടങ്ങളുടെ Data Entry അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കാനും,

11.ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിച്ച ക്ലാർക്ക്മാർക്ക് ദിവസ വേതനം എത്ര രൂപ നിരക്കിൽ നൽകിയെന്നും, ആകെ എത്ര രൂപ നൽകിയെന്നും അറിയിക്കാനും,

12.കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിനായി വിവിധ പദ്ധതികൾ പ്രകാരം ഭീമമായ തുക ചെലവഴിച്ചിട്ടും സഞ്ചയയിലെ പരിശോധനയിൽ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങളിൽ വ്യാപക തെറ്റുകൾ കണ്ടെത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു.എന്നാൽ ആയതിനെ കുറിച്ചുള്ള യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

25-09-2013-ലെ സ.ഉ.(ആർ.റ്റി)നം.2380/2013തസ്വഭവ ഉത്തരവ് പ്രകാരം നൽകാവുന്ന തുകയെക്കാൾ തുക ചെലവഴിച്ചിട്ടും നഗരസഭ പരിധിയിലെ മുഴവൻ കെട്ടിടങ്ങുടെയും യഥാർഥ വിവരങ്ങൾ സഞ്ചയയിൽ ചേർക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ നിന്നും വ്യക്താമാകുന്നു. കൂടാതെ സഞ്ചയയിൽ ലഭ്യമായ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ വിസ്തീർണം, വഴി സൗകര്യം,മേഖല തുടങ്ങിയ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങളിൽ വ്യാപക തെറ്റുകൾ 2019-20,2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.വസ്തുനികുതി പരിഷ്കരണം നടത്തുന്നതിന്റെ പ്രധാന ലക്ഷ്യം കെട്ടിട വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുകയും ആയത് പ്രകാരം പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തിരം നികുതി അടവ് സാധ്യമാക്കുകയും ആയിരുന്നു.എന്നാൽ നഗരസഭയിലെ മുഴവൻ കെട്ടിടങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം 31-3-2021- ലും പൂർത്തിയായിട്ടില്ലാത്തതിനാൽ ലക്ഷ്യം പൂർത്തീകരിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. സർക്കാർ അനുമതി ലഭ്യമാക്കാതെ സർക്കാർ നിശ്ചയിച്ച തുകയെക്കാൾ കൂടിയ നിരക്കിൽ തുകചെലവഴിച്ചതിനാൽ സംഭവിച്ച 510424/-രൂപയുടെ അധിക ചെലവിന് വ്യക്തമായ വിശദീകരണവും അന്വേഷണകുറിപ്പ് 64/22 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളും ലഭ്യമാക്കാത്തപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-16 നിയമാനുസൃത വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല -നികുതി ചോർച്ച

കെട്ടിടം നിർമ്മാണം പൂർത്തിയായതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ച കഴിഞ്ഞാൽ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയ ശേഷമാണ് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. കെട്ടിടങ്ങളുടെ തരം, വിസ്തീർണം, മേഖല, റോഡ് സൗകര്യം, ഉപയോഗക്രമം, സെൽഫ്ടലൈസ്ഡ് എ.സി.തുടങ്ങിയ നികുതി നിർണ്ണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്. 15-3-2013-ലെ സ.ഉ.(അ)നമ്പർ 100/13

/ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്തിന് അകത്തുള്ളതോ,മുൻസിപ്പാലിറ്റി പ്രദേശത്തുകൂടി കടന്ന് പോകുന്നതോ ആയ റോഡുകളുടെയും നടപ്പാതകളുടെയും വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്.എന്നാൽ നഗരസഭ അത്തരത്തിൽ വിജ്ഞാപനം ചെയ്തതിന്റെ കോപ്പി ഓഡിറ്റിന് സമർപ്പിച്ചില്ല. വഴി സൗകര്യം അനുസരിച്ച് നികുതിയിലും ഏറ്റകുറച്ചിലുകൾ ഉണ്ടാകും.5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ് ഈടാക്കേണ്ടതാണ്. എന്നാൽ സഞ്ചയയിലെ പല കെട്ടിടങ്ങളുടെയും അടിസ്ഥാന രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ റോഡ് സൗകര്യം-N.H.5മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങൾക്ക് പോലും നിയമാനുസൃത നികുതി വർദ്ധനവ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി. കൂടാതെ ഒരു കെട്ടിട്ടത്തിന് ഒന്നിൽ കൂടുതൽ നമ്പർ നൽകാമെങ്കിലും കെട്ടിടത്തെ ഒന്നാകെ രീതിയിൽ കണക്കാക്കി നികുതി നിശ്ചയിക്കേണ്ടതാണ്.എന്നാൽ നഗരസഭപരിധിയിലെ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ ഇപ്രകാരമുള്ള നിയമാനുസൃത നികുതി നിശ്ചയിക്കൽ നടത്തിയിട്ടില്ലായെന്ന് കണ്ടെത്തി.ഉദാഹരണമായി സഞ്ചയയിലെ പരിശോധനയിൽ മാനേജിംഗ് ഡയറക്ടർ K.S.T.C-യുടെ പേരിൽ നെയ്യാറ്റിൻകരയിലെ ഡിപ്പോയിൽ ഒറ്റ കെട്ടിടമായി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

A

| വാർഡ് -37<br>കെട്ടിട നമ്പർ, | വിസ്തീർണം | ചുമത്തിയ അടിസ്ഥാന നിരക്ക് | ചുമത്തേണ്ട നിരക്ക് | നഷ്ടം |
|---|---|---|---|---|
| 542 | 21.25 M2 | 60 | 85 | 531.25 |
| 543 | 21.25 M2 | 60 | 85 | 531.25 |
| 544 | 21.25 M2 | 60 | 85 | 531.25 |
| 545 | 21.25 M2 | 60 | 85 | 531.25 |
| 546 | 21.25 M2 | 60 | 85 | 531.25 |
| 547 | 19.50M2 | 60 | 85 | 487.50 |
| 548 | MISSING | | M | 0 |
| 549 | 21.25 M2 | 60 | 85 | 531.25 |
| 550 | 21.25 M2 | 60 | 85 | 531.25 |
| 551 | 26.98 M2 | 60 | 85 | 674.50 |
| 552 | 28.90M2 | 60 | 85 | 722.50 |
| 553 | 24.65M2 | 60 | 85 | 616.25 |
| 554 | 24.65 M2 | 60 | 85 | 616.25 |
| 555 | 24.65 M2 | 60 | 85 | 616.25 |
| 556 | 24.65 M2 | 60 | 85 | 616.25 |
| 557 | 24.65 M2 | 60 | 85 | 616.25 |
| 558 | 24.65 M2 | 60 | 85 | 616.25 |
| 559 | 24.65 M2 | 60 | 85 | 616.25 |
| 559 | 24.65 M2 | 60 | 85 | 616.25 |
| 560 | 24.65 M2 | 60 | 85 | 616.25 |
| 561 | 29.65 M2 | 60 | 85 | 741.25<br>മേഖലാ ഇളവ് (355.80/-രൂപ)നൽകി. |
| 562 | 9.10 M2 | 60 | 85 | 227.50 |
| 563 | 9.10 M2 | 60 | 85 | 227.50 |
| 564 | 9.10 M2 | 60 | 85 | 227.50 |
| 565 | 9.10 M2 | 60 | 85 | 227.50 |
| 566 | 9.10 M2 | 60 | 85 | 227.50 |
| 567 | 20.65 M2 | 60 | 85 | 516.25 |
| 568 | 22.82 M2 | 60 | 85 | 570.50 |

| | | | | |
|---|---|---|---|---|
| 569 | 22.55 M2 | 60 | 85 | 563.75 |
| 570 | 26.55 M2 | 60 | 85 | 663.75 |
| 571 | 28.33 M2 | 60 | 85 | 708.25 |
| 572 | 21.25 M2 | 60 | 85 | 531.25 |
| 573 | 28.35 M2 | 60 | 85 | 708.75 |
| 574 | 28.32 M2 | 60 | 85 | 708 |
| 575 | 26. 20 M2 | 60 | 85 | 655 |
| 576 | 21.25 M2 | 60 | 85 | 531.25 |
| 577 | 28.35 M2 | 60 | 85 | 708.75 |
| 578 | 780.10 M2 | 60 | 85 | 19502.50 (14042/-രൂപ ഇളവ് നൽകി) |
| 579 | 471.90 M2 | 60 | 85 | 11797.50<br>(8494.25/-രൂപ ഇളവ് നൽകി) |
| 580 | 51 M2 | 60 | 85 | 1275 |
| ആകെ | 2098.75M2 | | | 52468.75 |

B.

| വാർഡ് -37<br>കെട്ടിട നമ്പർ, | വിസ്തീർണം | ചുമത്തിയ അടിസ്ഥാന നിരക്ക് | ചുമത്തേണ്ട നിരക്ക് | നഷ്ടം |
|---|---|---|---|---|
| 541 | 999.40 M2 | 60 | 85 | 24985 |

മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കാത്തതിനാൽ 77453.75രൂപ അടിസ്ഥാന നികുതിയിൽ തന്നെ കുറവ് വന്നതായി കാണുന്നു.പ്രസ്തുത അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് അന്വേഷണകുറിപ്പ് 37/22 പ്രകാരം ചുവടെ വിവരിക്കുന്ന വിവരങ്ങളും ഫയലുകളും ആവശ്യപ്പെട്ടു.

1) മേൽ വിവരിച്ച കെട്ടിങ്ങൾക്ക് നികുതി ചുമത്തിയത്തിന്റെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാനും,

2) 1-8-2011-ലെ കൗൺസിൽ തീരുമാന പ്രകാരം (ആർ 1/ 4704/2011) ഫസ്റ്റ് സോണിൽ ഉൾപ്പെടുന്ന പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനും,

3) മൂന്ന് വർഷം കാലപഴക്കം ഉള്ള പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ച R.I-യുടെ പേര് വിവരങ്ങൾ ലഭ്യമാക്കാനും

4) ഒരു കെട്ടിത്തിലെ ഷോപ്പുകൾക്ക് വിവിധ നമ്പറുകൾ നൽകാമെങ്കിലും കെട്ടിടം ഒന്നായി കണക്കാക്കി നിയമാനുസൃത നികുതി ഈടാക്കാത്തതിനുള്ള കാരണം അറിയിക്കാനും ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ, രേഖയോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് മൂന്ന് മാസത്തിനകം പ്രസ്തുത കെട്ടിടം പരിശോധിച്ച് നിയമാനുസൃത നികുതി നിശ്ചയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൃത്യമായ മറുപടി നൽകാത്തപക്ഷം നഷ്ടതുക ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-17 ക്രമവൽക്കരണം നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല.നഷ്ടതുക ഈടാക്കേണ്ടതാണ്.

A.2020-21 വർഷത്തിൽ ആകെ 143 കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തിയതായി ഫയൽ പരിശോധനയിൽ കണ്ടെത്തി.പ്രസ്തുത ഫയലുകളിൽ ചില ഫയലുകളിൽ നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല.

നഗരസഭ പെർമിറ്റ് ഫീസ് ഇനത്തിൽ ചുമത്തുന്ന നിരക്ക് :പാർപ്പിടം-150$m^2$ വരെ-10.50/-രൂപ, 150$m^2$നു മുകളിൽ 21/-രൂപ, വാണിജ്യം- 1$m^2$നു 30/-രൂപയുമാണ്. ക്രമവൽക്കരണം നടത്തുമ്പോൾ പെർമിറ്റ് ഫീസും അതിന്റെ രണ്ട് ഇരട്ടിയും ചേർന്ന ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ ആകെ 143 കെട്ടിടങ്ങൾ ക്രമവൽക്കരണത്തിനായി ലഭിച്ച 143 കെട്ടിട അപേക്ഷകളിൽ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ നിയമാനുസൃത ഫീസ് ഈടാക്കാതെ ക്രമവൽക്കരണം നടത്തിയതായി കണ്ടെത്തി.വിവരം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | വിസ്തീർണം | എടുത്ത ഫീസ് | എടുക്കേണ്ട ഫീസ് |
|---|---|---|---|
| E1-16377/20 | 133.85 M2 | 469 | 1405 |

| | | | |
|---|---|---|---|
| E1-15902/20 | 180,26 M2 | 1800 | 3785. |
| E1-18305/20 | 68.36 M2 | 239 | 718. |
| E1-16376/20 | 127.16 M2 | 445 | 1335 |

ഇപ്രകാരം ഫീസ് കുറവായി ഈടാക്കിയതിനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 99/2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയതിന്റെ ഫലമായി നഷ്ടപ്പെട്ട 7243/-തുക അപേക്ഷകരിൽ നിന്നും 3 മാസത്തിനകം ഈടാക്കാത്ത പക്ഷം അപേക്ഷകൾക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ക്രമവൽക്കരണ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല,

| ഫയൽ നമ്പർ | M2 |
|---|---|
| E1-7619/20 | 201.93 M2 |
| E1-7618/20 | 169.47 M2 |
| E1-9826/20 | 167.12m2 |
| E1-11518/20 | 161.99M2 |
| E1-11840/20 | 573.79M2 |
| E1-12795/20 | 233.08M2 |
| E1-12806/20 | 453.6M2 |
| E1-14918/20 | 381.54M2 |
| E1-15871/20 | 243.37M2 |
| E1-4845/21 | 191.47M2 |
| E1-4869/21 | 573.79M2 |
| E1-6207/21 | 138.76M2(Tower) |

മേൽ വിവരിച്ച ക്രമവൽക്കരണ ഫയലുകൾ അന്വേഷണകുറിപ്പ് (99/22) പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ക്രമവൽക്കരണം നടത്തിയത് നിയമാനുസൃത ഫീസ് ഈടാക്കിയും കെട്ടിടനികുതി ചട്ടങ്ങൾ പാലിച്ചുമാണെന്ന് ബോധ്യപ്പെടുവാൻ പ്രസ്തുത ഫയലുകളുടെ അഭാവത്തിൽ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-18 ഭവന നിർമ്മാണം അനന്തമായി നീണ്ടു പോകുന്നത് ആശാസ്യമല്ല

പദ്ധതി നമ്പർ: 513
പദ്ധതിയുടെ പേര്: ഭവന നിർമ്മാണം
അടങ്കൽ തുക: 95,70,000/-
ചെലവ് തുക: 47,40,000/-
ഫണ്ടിനം:: വികസന ഫണ്ട്

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം - 79/ 2022, തീയതി:23.07.2022)

1.അജിത് കുമാർ കെ.എസ്
2.ശ്യാമള റ്റി
3.വാസന്തി പി

പദ്ധതി നമ്പർ: 68
പദ്ധതിയുടെ പേര്: ഭവന പുനരുദ്ധാരണം
അടങ്കൽ തുക: 95,74,000/-
ചെലവ് തുക: 47,40,000/-
ഫണ്ടിനം: വികസന ഫണ്ട്

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം - 79/2022, തീയതി:23.07.2022)

1.ബിജുമോൻ എ

2.ശോഭന

3.കുമാരി സുധ

4.ഷീജ എൽ

5.ജി പ്രകാശ്

6.രേഖ വി

7.വസന്ത ആർ

പദ്ധതി നമ്പർ: 66

പദ്ധതിയുടെ പേര്: ഭവന നിർമ്മാണം

അടങ്കൽ തുക:1,20,00,000/-

ചെലവ് തുക: 68,40,000/-

ഫണ്ടിനം: വികസന ഫണ്ട്

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം - 84/2022, തീയതി: 23.07.2022)

1.കവിത ബി എം

2.രജിഷ് ആർ

3.സുമതി എൽ

4. വിലാസിനി ആർ

5.നീതു മോൾ ജി

6.വിജി ബി

7.മണിയമ്മ റ്റി

8.മോനിഷ സി യു

നിശ്ചിത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ ഗഡുക്കൾ കൈപ്പറ്റിയിട്ടും വ്യക്തിപരമായ കാരണങ്ങളാൽ ഭവന നിർമ്മാണം അനന്തമായി നീണ്ടു പോകുന്നത് ആശാസ്യമല്ല. പദ്ധതിയുടെ ഗുണം അർഹരായവരിൽ എത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം സമയം

പദ്ധതി നമ്പർ:31

പദ്ധതിയുടെ പേര്: പി.എച്ച്.സി.പെരുമ്പഴുതൂർ മരുന്ന് വാങ്ങലും,

പ്രതിരോധ കുത്തിവയ്പ്പും

അടങ്കൽ: 3,00,000/-

ചെലവ്: 2,75,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ: 10/2020-'21,09.02.2021

മേൽ പദ്ധതിയിൽ മരുന്നുകളുടെ വിലയായ 2,75,000/- രൂപ 20.12.2021 ൽ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചത് ചുവടെ വിവരിക്കും പ്രകാരം 04.05.2022 ൽ ആണ്.

| ബിൽ നമ്പർ | മരുന്നുകൾ ലഭ്യമായ തീയതി | തുക |
|---|---|---|
| 1618 | 04.05.2022 | 28,294 |
| 1596 | 04.05.2022 | 30,819 |
| 10490 | 28.12.2021 | 3,763 |
| 10393 | 23.12.2021 | 67,626 |
| 10271 | 18.12.2021 | 43,607 |
| 8574 | 06.11.2021 | 8,936 |
| 6893 | 02.10.2021 | 8,547 |

| | | |
|---|---|---|
| 6892 | 02.10.2021 | 27,532 |
| 4761 | 05.08.2021 | 44,027 |
| 4744 | 05.08.2021 | 11,849 |
| | ആകെ | 2,75,000 |

മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം സമയം എടുത്തതിന്റെ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/18.07.22) മറുപടിയായി നിരവധി തവണ മരുന്ന് ലഭ്യമാക്കുന്നതിനായി ഫോൺ മുഖേന ആവശ്യപ്പെടുകയുണ്ടായി എന്ന് അറിയിച്ചിട്ടുണ്ട്. അവശ്യ സേവനമായ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ആരോഗ്യ രംഗത്തെ പദ്ധതികൾ സമയബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 മരുന്നുകൾ ലഭ്യമാകാൻ ഒരു വർഷത്തിലധികം കാലതാമസം

പദ്ധതി നമ്പർ:26

പദ്ധതിയുടെ പേര്: ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ

അടങ്കൽ തുക:15,00,000/-

ചെലവ് തുക:15,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി:1/30.12.2020

മരുന്നുകളുടെ വിലയായ പതിനഞ്ച് ലക്ഷം രൂപ 30.12.2020 ൽ നൽകിയിരുന്നുവെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിരിക്കുന്നത് ചുവടെ വിവരിക്കും പ്രകാരം 09.02.2022 ൽ മാത്രമാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | എൽ.എഫ്.64 | 30.04.2021 | 50,000/- |
| 02 | എൽ.എഫ്.519 | 06.06.2021 | 50,000/- |
| 03 | എൽ.എഫ്.1075 | 10.08.2021 | 6,32,907/- |
| 04 | എൽ.എഫ്.2051 | 27.12.2021 | 3,92,030/- |
| 05 | എൽ.എഫ്.2499 | 09.02.2022 | 3,75,063/- |
| | | ആകെ | 15,00,000/- |

മരുന്നുകളുടെ കാലഹരണ തീയതി ബില്ലിൽ രേഖപ്പെടുത്തുന്നില്ല. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഷീ ഓട്ടോറിക്ഷ - വനിതകൾക്ക് (സ്പിൽ ഓവർ)

പദ്ധതി നമ്പർ: 155

പദ്ധതിയുടെ പേര്: ഷീ ഓട്ടോറിക്ഷ - വനിതകൾക്ക് (സ്പിൽ ഓവർ)

അടങ്കൽ തുക: 36,30,000/-

ചെലവ് തുക: : 70,000/-

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി: 1/27.04.2020,70,000/-

അടങ്കൽ തുകയുടെ രണ്ട് ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഗുണഭോക്തൃ പട്ടികയിൽ ഉണ്ടായിരുന്നവർക്ക് ഡ്രൈവിങ്ങ് ലൈസൻസ് ഇല്ലാതിരുന്നതിനാലാണ് പദ്ധതി തുക ചെലവഴിക്കാൻ സാധിക്കാതെ പോയതെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. അർഹരായവർ മാത്രം ഉൾപ്പെടേണ്ട ഗുണഭോക്തൃ പട്ടികയിൽ എങ്ങനെ ഡ്രൈവർ ലൈസൻസ് ഇല്ലാത്തവർ മാത്രം ഉൾപ്പെട്ടു എന്നത് ഗൗരവമേറിയ കാര്യമാണ്. പദ്ധതി രൂപീകരണ സമയത്ത് തന്നെ പാളിച്ച പറ്റിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു കാരണം മറ്റു വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കാമായിരുന്ന ധനം പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നു. ഭാവിയിൽ പദ്ധതി രൂപീകരണത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-22 വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം - പദ്ധതി നടപ്പിലായില്ല

പദ്ധതി നമ്പർ:21

പദ്ധതിയുടെ പേര്: വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം വ്യക്തിഗതം

അടങ്കൽ തുക:55,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ:ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

മുകളിൽ വിവരിച്ച പദ്ധതി 2020-'21 വർഷത്തിൽ നടപ്പിലാക്കിയില്ല. കോവിഡ് പ്രതിസന്ധി കാരണം വാർഡ് സഭ കൂടാൻ കഴിയാത്തതിനാൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാൻ കഴിയാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. കോവിഡ് മഹാമാരിയുടെ കാലത്തും മറ്റുള്ള പദ്ധതികൾ നടന്നതിനാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതികൾ നടത്തിപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 1-23 അലോപ്പതി മരുന്നുകൾ രണ്ട് വർഷത്തിലധികം വൈകി ലഭ്യമായി

പദ്ധതി നമ്പർ: 418

പദ്ധതിയുടെ പേര്: പാലിയേറ്റീവ് കെയർ യൂണിറ്റ്

അടങ്കൽ തുക: 19,56,110/-

ചെലവ് തുക: 19,49,500/-

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി:1/2020-21, 27.04.2020

അലോപ്പതി മരുന്നുകളുടെ വിലയായ 17,73,200/- രൂപയും 27.04.2020ൽ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിരിക്കുന്നത് 06.05.2022 ൽ മാത്രമാണ്. (ഡി.ഡി.എം.എസ്. രസീത് നമ്പർ കെ.എൽ.00026/എഫ്.പി. /0001/22-23, തീയതി 06.05.2022). മരുന്നുകൾ രണ്ട് വർഷത്തിലധികം വൈകി). ഓഡിറ്റ് അന്വേഷണം - 42/ 2022, തീയതി:20.07.2022)

## 1-24 റെയ്ഡ്കോ സ്ഥാപനതല റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല- 15,000 /- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്, നം - സ്ഥാപനതല റിംഗ് കംപോസ്റ്റ് (481/21)

അടങ്കൽ - 6,25,000/- (260625 ധനകാര്യകമ്മിഷൻ ഗ്രാന്റ്, 218750 സംസ്ഥാനാവിഷ്കൃതഫണ്ട്, 145625 കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 15,000/- (ബിൽ നം.28/31.03.21 )

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

നഗരസഭാപരിധിയിൽ വരുന്ന അംഗൻവാടികൾ സർക്കാർ സ്കൂളുകൾ എന്നിവിടങ്ങളിൽ ഉറവിട മാലിന്യസംസ്കരണത്തിന്റെ ഭാഗമായി റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി (ഒരു യൂണിറ്റിന്(2 റിംഗ് വീതം ) 2500/- രൂപ നിരക്കിൽ ) ശുചിത്വമിഷൻ അക്രഡിറ്റഡ് സ്ഥാപനമായ റെയ്ഡ്കോയിൽ നിന്നും യൂണിറ്റുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. നഗരസഭാപരിധിയിൽ വരുന്ന അംഗൻവാടികളിൽ ഒരു യൂണിറ്റ് വീതവും സ്കൂളുകളിൽ രണ്ട് യൂണിറ്റ് വീതവും റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് റെയ്ഡ്കോ നെയ്യാറ്റിൻകര ബ്രാഞ്ച് മാനേജർക്ക് കത്ത് നൽകുകയും (ഹെൽത്ത് സൂപ്പർവൈസറുടെ 19.02.2021 ലെ എച്ച് 1/7207/2020 നമ്പർ കത്ത്) റെയ്ഡ്കോയിൽ നിന്നും ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ (Rs.15,000/-) ബിൽ നം 28/31.03.21 പ്രകാരം 15,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ എത്തിച്ച് റെയ്ഡ്കോയുടെ മേൽ നോട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി നൽകുന്നതിനാണ് റെയ്ഡ്കോയുമായുള്ള കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. റെയ്ഡ്കോയ്ക്ക് നൽകിയ ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | സ്ഥാപിച്ചതിന്റെ വിവരം |
|---|---|---|
| 1 | 66 അംഗൻവാടികൾ | സ്ഥാപിച്ചിട്ടില്ല |
| 2 | ഗവ. യു. പി. സ്കൂൾ, അതിയന്നൂർ | സ്ഥാപിച്ചിട്ടില്ല (സ്ഥലപരിശോധനനടത്തിയതിൻ പ്രകാരം) |
| 3 | ജെ.ബി.എസ്. നെയ്യാറ്റിൻകര | ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം 86/25.07.2022) |

| | | |
|---|---|---|
| 4 | ഠൌൺ എൽ.പി.എസ്. നെയ്യാറ്റിൻകര | ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.86/25.07.2022) |
| 5 | ജെ.ബി.എസ്. അമരവിള | ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.86/25.07.2022) |
| 6 | വേങ്കഴി എൽപി എസ് | ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.86/25.07.2022) |
| 7 | നഗരസഭ നഴ്സറി സ്കൂൾ, ബ്രഹ്മം കോട് | സ്ഥാപനം പ്രവർത്തിക്കുന്നില്ല |
| 8 | അർബൻ പി.എച്ച്.സി ചായക്കോട്ടുകോണം | സ്ഥാപിച്ചിട്ടില്ല (നം 86/25.07.2022) |
| 9 | അർബൻ പി.എച്ച്.സി. മാമ്പഴക്കര | സ്ഥാപിച്ചിട്ടില്ല ( ഫോൺ സന്ദേശം) |

ഇൻവോയിസിന്റെ (NYK/1742/2020-21)അടിസ്ഥാനത്തിലാണ് 6യൂണിറ്റുകളുടെ തുക നൽകിയിരിക്കുന്നത്. റെയ്ഡ്കോയിൽ നിന്നുള്ള ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ യൂണിറ്റുകൾ എത്തിച്ചതിന്റെ രേഖകൾ, ആയവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ (Installation Report) റിപ്പോർട്ട്, സ്ഥാപനമേധാവികളുടെ കൈപ്പറ്റ് രസീത്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല (ഓഡിറ്റ് എൻക്വയറി നമ്പർ 36/20.07.2022).

2020-21 വർഷം നഗരസഭാപരിധിയിൽ ഉൾപ്പെട്ടിരിക്കുന്ന 66 അംഗൻവാടികളിലും റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ61/21.07.2022) ഐ.സി.ഡി.എസ്. സൂപ്പർവൈസറും, റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണത്തിന്റെ ഭാഗമായി റിംഗ് കംപോസ്റ്റുകളൊന്നും സ്ഥാപിച്ചിട്ടില്ലായെന്ന് മെഡിക്കൽ ഓഫീസർ, UPHC, ചായ്ക്കോട്ടുകോണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ( നം 86/25.07.2022).

മേൽ പരാമർശിച്ച കാരണങ്ങളാൽ റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ചെലവുതുക 15000/- രൂപ തടസ്സപ്പെടുത്തുന്നു.

രണ്ടുമാസത്തിനകം റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ റെയ്ഡ്കോയിൽ നിന്നും ലഭ്യമാക്കി മതിയായ രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം റെയ്ഡ്കോയ്ക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. സാധിക്കാത്ത പക്ഷം ചെലവുതുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതായി നിജപ്പെടുത്തുന്നതാണ്.

## 1-25 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ കൗൺസിൽ തീരുമാന പ്രകാരം തിരഞ്ഞെടുത്തിരിക്കുന്നു. ഇപ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതിന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് 18.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.20 ന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തിഗതാനുകൂല്യങ്ങൾ നൽകിയ പദ്ധതികൾ നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥർ ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-26 എസ്റ്റിമേറ്റും കരാറും ഇല്ലാതെ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ തുക നൽകി - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല - 21,78,831/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (85/21) |
| അടങ്കൽ തുക | 21,78,831/- |

| | |
|---|---|
| ചെലവ് തുക | 21,78,831/- |
| ബിൽനം തീയതി | 34/31.3.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

നഗരസഭയിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്നും 21,78,831/- രൂപ വകയിരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തുക വാട്ടർ അതോറിറ്റി നെയ്യാറ്റിൻകരയുടെ എസ് ബി ഐ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഉത്തരവാവുകയും (നം.E2/6435/2021, 31.03.2021) അപ്രകാരം തുക വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയും ചെയ്തിരിക്കുന്നു. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഈ തുക കൈമാറിയിട്ടുള്ളത് എന്നും ആയതു നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ അംഗീകൃത എസ്റ്റിമേറ്റും പദ്ധതി നടത്തിപ്പിനായി ഏർപ്പെട്ട കരാറും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 21.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 54ന് മറുപടി ലഭ്യമാക്കിയില്ല.

ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കണമെന്ന് ധാരണയാകാതെയും വാർഡ് സഭകൾ മുഖേന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു പരിഗണിച്ച് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി അതിൻ പ്രകാരം തുക ഒടുക്കേണ്ടതിന് പകരം 31.3.2021 ൽ 21,78,831/- രൂപ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ ഒടുക്കിയിരിക്കുന്നു. ചെലവ് തുക പ്രവൃത്തി പൂർത്തീകരണ കാലയളവ് തുടങ്ങിയവ സംബന്ധിച്ച കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. മാത്രവുമല്ല ഇത്രയും തുക ഡെപ്പോസിറ്റ് ചെയ്ത വിവരം വാട്ടർ അതോറിറ്റി അറിഞ്ഞിട്ടുമില്ല. 31.3.2021 ൽ തുക ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മംകോട് വാർഡിൽ വിവേകാനന്ദ റോഡിൽ കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് 16.4.2021 ൽ ആവശ്യപ്പെട്ട അവസരത്തിൽ ഈ തുക ലഭ്യമായിട്ടില്ല എന്ന് വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നു. തദവസരത്തിൽ Acknowledgement Receipt ലഭ്യമാക്കണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റിയ്ക്ക് 22.9.2021 ൽ നഗരസഭ കത്ത് നൽകി. ഇതിന്റെ തുടർ നടപടികളും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതികൾക്കായി തുക ഒടുക്കി ഒരു സാമ്പത്തിക വർഷം കൂടി പിന്നിട്ടിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ 21,78,831/- രൂപയ്ക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി കുടിവെള്ള ലഭ്യതയ്ക്കായുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനും ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്. ചെലവ് തുക പ്രവൃത്തി പൂർത്തീകരണ കാലയളവ് തുടങ്ങിയവ സംബന്ധിച്ച കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെട്ട് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 നഗരസഭ വികസന പ്രവർത്തനങ്ങളുടെ ലഘുലേഖ തയ്യാറാക്കൽ - സർക്കാർ നിർദേശം പാലിച്ചില്ല - 399000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | നഗരസഭ വികസന പ്രവർത്തനങ്ങളുടെ ലഘുലേഖ തയ്യാറാക്കൽ (501/21) |
| അടങ്കൽ തുക | 4,00,000/- |
| ചെലവ് തുക | 3,99,000/- |
| ബിൽനം തീയതി | 14/28.7.2020 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

തദ്ദേശ സ്ഥാപനങ്ങളുടെ മുൻ ഭരണസമിതിയുടെ കാലയളവിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പരിധി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 4.8.2020 ലെ സ.ഉ.(സാധാ)നം.1452/2020/ത.സ്വ.ഭ.വ പ്രകാരം തനതു ഫണ്ടിൽ നിന്നും രണ്ടര ലക്ഷം രൂപ ഈ ഇനത്തിൽ നഗരസഭകൾക്ക് ചെലവഴിക്കാവുന്നതാണ്. എന്നാൽ സർക്കാർ നിർദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും 399000/- രൂപ ചെലവഴിച്ചിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 56 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 399000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് നൽകിയ 19980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശ അനുസരിച്ച് കൗൺസിൽ തീരുമാനം എടുത്ത് ശ്രീമതി ആശ എസ്. വി. എന്ന വ്യക്തിയ്ക്ക് 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് വൗച്ചർ നം 78/28.7.2020 പ്രകാരം (ചെക്ക് നം 616088/28.7.2020 ) 19980/- രൂപ നൽകിയിരിക്കുന്നു (27*740=19980). ഇതു സംബന്ധിച്ച് നൽകിയ 26.07.2022 ലെ ഓഡിറ്റ് അന്വേഷണം നം. 97 ന്, നഗരസഭകളിൽ അക്കൗണ്ടന്റിന്റെ തസ്തിക ഇല്ലാത്തതിനാലും അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകിയിരുന്ന സി-ബൾബ് എന്ന സ്ഥാപനത്തിന്റെ സേവനം 2016-17 മുതൽ പിൻവലിച്ചതിനാലുമാണ് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി തുക നൽകിയിട്ടുള്ളത് എന്ന് മറുപടി നൽകി. നിലവിൽ അക്കൗണ്ടിംഗ് സെക്ഷനിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് പരിശീലനം ലഭിച്ചിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ സ.ഉ(എംഎസ്)നം.182/2012/തസ്വഭവ, തീയതി 30.6.2012 പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള യു.ഡി. ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. അപ്രകാരം നടപടി സ്വീകരിച്ച് അക്കൗണ്ടിംഗ് ചുമതലകൾ നിർവ്വഹിക്കപ്പെടേണ്ടതിന് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-29 ആദായ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി നടത്തിയ വാങ്ങലുകൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകിയിരിക്കുന്നു.

| പദ്ധതിയുടെ പേരും നമ്പരും | ചെലവ് തുക | ജി എസ് റ്റി ഒഴിവാക്കിയ തുക | സ്ഥാപനം |
|---|---|---|---|
| ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങൽ (379/21) | 496940/- | 407492/- | മാസ് വുഡ് ഇൻഡസ്ട്രീസ് |
| നഗരസഭയ്ക്ക് കമ്പ്യൂട്ടർ (376/21) | 398820/- | 337983/- | ഗെയ്ൻ ഇൻഫോ സിസ്റ്റംസ് |
| നഗരസഭ വികസന പ്രവർത്തനങ്ങളുടെ ലഘുലേഘ തയ്യാറാക്കൽ (501/21) | 399000/- | 356250/- | ഡി കെ പ്രിന്റേഴ്സ് |
| നഗരസഭ ഓഫീസ് നെറ്റ് | 448518/- | 379258/- | എസ്റോസോഫ്റ്റ് |

| | | | |
|---|---|---|---|
| വർക്കിംഗ് (380/21) | | | |

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. മേൽ പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച 21.07.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 55 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ (371/21) |
| അടങ്കൽ തുക | 6,00,000/- |
| ചെലവ് തുക | 6,00,000/- |
| ബിൽനം തീയതി | 9/18.6.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

വഴിമുക്ക് 44-ാം വാർഡിൽ അംഗൻവാടി നിർമ്മിക്കുന്നതിന് ശ്രീ. ഗംഗാധരൻ നാടാർ എന്ന വ്യക്തിയുടെ സർവ്വേ നം. 147/3 - 00/81, 3488/138-2-0081 ൽ ഉൾപ്പെടുന്ന നാല് സെന്റ് ഭൂമി വാങ്ങുന്നതിന് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ഭൂമിയുടെ കരം തീർത്ത രസീത്, ബാധ്യത സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കത്ത് നൽകിയിരിക്കുന്നു. എന്നാൽ അതിയന്നൂർ വില്ലേജ് ബ്ലോക്ക് നം. നാലിൽ റീസർവ്വേ നം 67/64 ൽ ഉൾപ്പെട്ട സ്ഥലം വാങ്ങാൻ ഉദ്ദേശിക്കുന്നു എന്നും വില നിശ്ചയിച്ച് നൽകാനും താലൂക്ക് ഓഫീസർക്ക് സെക്രട്ടറി 27.11.2019 ൽ കത്ത് നൽകി. 6,00,000/- രൂപ വില നിശ്ചയിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ റഷീദ് എന്ന വ്യക്തിയിൽ നിന്നും ഭൂമി വാങ്ങുന്നതിന് തുക ചെലവഴിച്ചു.

അംഗൻവാടിക്കായി വാങ്ങിയ ഭൂമിയുടെ ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നിയമോപദേശം നേടിയിട്ടില്ല. കൂടാതെ അംഗൻവാടി പണിയുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമാണോ, വഴി സൗകര്യമുണ്ടോ എന്നത് സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ വസ്തുതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.07.2022 ലെ ഓഡിറ്റ് അന്വേഷണം നം.71 ന് മറുപടി ലഭ്യമാക്കിയില്ല. ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതിനും അംഗൻവാടി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും മറുപടി ലഭ്യമാക്കിയില്ല. മേൽ വസ്തുതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടത്തിപ്പിൽ അപാകതകൾ - അധികം നൽകിയ 64354/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (204/21) |
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 3,71,549/-<br>1,28,190/- |
| ബിൽനം തീയതി | 2/15.5.2020<br>18/12.11.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

നഗരസഭയിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിന്റെ ഭാഗമായി ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾചുവടെ ചേർക്കുന്നു.

1. അടങ്കൽ തുക 5,00,000/- രൂപ വരുന്ന പദ്ധതിയായിട്ടും ഇ-ടെൻഡർ നടപടി സ്വീകരിച്ചില്ല.

2. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ രജിസ്ട്രേഷൻ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ഇലക്ട്രിക്കൽ സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം 3055/D.A.3/2011/LSGD, 15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

4. അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്ററും, കേടായ സാധനങ്ങൽ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

5. രണ്ട് ബില്ലുകളിലായി 1784 ട്യൂബ് ലൈറ്റുകളും 41 സോഡിയം വേപ്പർ ലാമ്പുകളും മെയിന്റനൻസ് നടത്തിയതിന് തുക നൽകിയിരിക്കുന്നു. രാമേശ്വരം, പനങ്ങാട്ടുകര, ബ്രഹ്മപുരം, പ്ലാവിള, നിലമേൽ, തവരവിള, കൌളാകുളം എന്നീ വാർഡുകളിൽ മെയിന്റനൻസ് നടത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എന്നാൽ പ്രവൃത്തിയുടെ എം ബുക്കിൽ (നം 165/19-20), ഫസ്റ്റ് ആന്റ് പാർട്ട് ബിൽ പ്രകാരം 27 വാർഡുകളിലായി 1266 ട്യൂബ് ലൈറ്റ് മെയിന്റനൻസ് നടത്തിയെങ്കിലും 1313 ട്യൂബ് ലൈറ്റ് മെയിന്റനൻസ് നടത്തിയതായി കാണിച്ച് തുക നൽകിയതിനാൽ 47 ട്യൂബുകൾക്ക് അധികം മെയിന്റനൻസ് ചാർജ്ജ് നൽകിയിരിക്കുന്നു. കൂടാതെ മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ ജി എസ് റ്റി കോമ്പൻസേഷൻ 12% നിരക്കിൽ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എം ബുക്ക് പ്രകാരം നൽകിയ തുക

| | |
|---|---|
| ട്യൂബ് ലൈറ്റുകളുടെ മെയിന്റനൻസ് 1784 Nos @ 230/- | 410320 |
| സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് 41 Nos @ 875/- | 35875 |
| ആകെ | 446195 |
| ജി എസ് റ്റി കോമ്പൻസേഷൻ @ 12% | 53544 |
| | 499739 |

നൽകാവുന്ന തുക

| | |
|---|---|
| ട്യൂബ് ലൈറ്റുകളുടെ മെയിന്റനൻസ് 1737 Nos @ 230/- | 399510 |
| സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് 41 Nos @ 875/- | 35875 |
| ആകെ | 435385 |
| അധികം നൽകിയ തുക | 64354 |

എം ബുക്ക് പ്രകാരം 1737 ട്യൂബ് ലൈറ്റുകളാണ് മെയിന്റനൻസ് നടത്തിയിരിക്കുന്നത്. എന്നാൽ 1784 ട്യൂബ് ലൈറ്റുകൾ മെയിന്റനൻസ് നടത്തി എന്ന് കാണിച്ച് തുക കണക്കാക്കിയതിനാലും അർഹമല്ലാത്ത ജി എസ് റ്റി കോമ്പൻസേഷൻ @ 12% നിരക്കിൽ നൽകിയതിനാലും 64354/- രൂപ അധികം നൽകിയിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 24/18.07.2022, 47/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം എം ബുക്ക് അളവുകൾ സാക്ഷ്യപ്പെടുത്തിയതും അംഗീകരിച്ചതുമായ ഉദ്യോഗസ്ഥരുടെ ബാധ്യത ആയിരിക്കുന്നതാണ്.

## 1-32 ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല - 4246381/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതു ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 57, തീയതി :21.07.2022 ന് മറുപടി ലഭ്യമാക്കിയില്ല.

| പദ്ധതിയുടെ പേരും നമ്പരും നമ്പരും | ഐ കെ എം വിഹിതം (2/2021) | എസ് എസ് എ വിഹിതം (10/2021 |
|---|---|---|
| അടങ്കൽ തുക | 800000/- | 3500000/- |
| ചെലവ് തുക | 746381/- | 3500000/- |

| | | |
|---|---|---|
| ബിൽനം തീയതി | 4/22.5.2020 | 7/11.6.2020 |

മേൽ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 ഓഫീസ് നെറ്റ് വർക്കിംഗ് - സാങ്കേതികാനുമതി ഇല്ലാതെ പദ്ധതി നടപ്പാക്കി

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | നഗരസഭ ഓഫീസ് നെറ്റ് വർക്കിംഗ് (380/21) |
| അടങ്കൽ തുക | 450000/- |
| ചെലവ് തുക | 448518/- |
| ബിൽനം തീയതി | 6/5.6.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

നഗരസഭയുടെ ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി നിർവ്വഹണത്തിന് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. 26.12.2019ലെ നോട്ട് ഫയൽ കുറിപ്പ് പ്രകാരം (പദ്ധതി രൂപീകരണവും മോണിറ്ററിംഗും) നഗരസഭ ഓഫീസിൽ കാമറ സ്ഥാപിക്കൽ, നെറ്റ് വർക്കിംഗ്, പഞ്ചിംഗ് മെഷീൻ എന്നീ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നെയ്യാറ്റിൻകര ഗവ. പോളി ടെക്നിക് പ്രിൻസിപ്പാളിന് കത്ത് നൽകുന്നതിന് തീരുമാനം എടുത്തതായി രേഖപ്പെടുത്തി. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക് വിഭാഗവും എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ലാത്തതാണ്. എയ്റോസോഫ്റ്റ് എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡർ അംഗീകരിക്കുകയും ആയതിൻപ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിന് 17.3.2020 ലെ കൗൺസിൽ തീരുമാനം നം. 43 അനുസരിച്ച് വർക്ക് ഓർഡർ നൽകി. പ്രവത്തി പൂർത്തീകരിച്ചതായി ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു. സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്ന് തീരുമാനമുണ്ടായെങ്കിലും കരാറിൽ ഏർപ്പെടാത്തതിനാൽ അറ്റകുറ്റപണികൾ നിർവ്വഹിക്കപ്പെടുന്നത് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 16.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 23 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി സ്വീകരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-34 ലൈബ്രറികൾക്ക് ഫർണിച്ചർ,പുസ്തകം വാങ്ങൽ പദ്ധതി - ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ലൈബ്രറികൾക്ക് ഫർണിച്ചർ, പുസ്തകം വാങ്ങൽ (379/21) |
| അടങ്കൽ തുക | 1000000/- |
| ചെലവ് തുക | 996940/- |
| ബിൽനം തീയതി | 15/12.10.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

മേൽ പദ്ധതി രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലുള്ള രജിസ്റ്റേഡ് ലൈബ്രറികൾക്ക് ഫർണിച്ചറും, പുസ്തകങ്ങളും വാങ്ങി നൽകുന്നതിന് പദ്ധതി നടപ്പാക്കി. മാസ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ സ്വീകരിച്ച് ഫർണിച്ചർ നൽകിയതിന് 20.8.2020 ലെ ഇൻവോയ്സ് നം.MIC/17-18/023 പ്രകാരം 496940/- രൂപ ജി.എസ്.റ്റി. ഉൾപ്പെടെ നൽകിയിരിക്കുന്നു. ഫർണിച്ചറിന്റെ വിലയായ 407492/- രൂപയോടൊപ്പം 9% CGST 44724/- രൂപ, 9%SGST 44724/- രൂപ എന്നിങ്ങനെ 496940/- രൂപ സ്ഥാപനത്തിന് നൽകി. 407492/- രൂപയുടെ 9% എന്നത് 36674/- രൂപയായിരിക്കേ 44724/- രൂപയായി കണക്കാക്കി CGST, SGST നൽകിയതിനാൽ 16100/- രൂപ അധികം നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫർണീച്ചർ ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഹാർഡ് വുഡ് ബുക്ക് ഷെൽഫ് | 26 | 11471.8 | 298267/- |
| കംമ്പ്യൂട്ടർ ടേബിൾ | 8 | 2861 | 22895/- |
| ഹാർഡ് വുഡ് ആംഡ് ചെയർ | 32 | 2697.81 | 86330/- |

| | | | |
|---|---|---|---|
| | | ആകെ | 407492/- |
| നൽകിയ തുക | | 9% CGST | 44724/- |
| | | 9% SGST | 44724/- |
| ആകെ | | | 496940/- |
| നൽകാവുന്ന തുക | | 9% CGST | 36674/- |
| | | 9% SGST | 36674/- |
| ആകെ | | | 480840/- |
| അധികം നൽകിയ തുക | | | 16100/- |

മേൽ വസ്തുതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 16.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 7 ന് മറുപടി ലഭ്യമാക്കിയില്ല. ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കുന്നതാണ്.

## 1-35 അഗതി രഹിത കേരളം പദ്ധതി - അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടില്ല

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 199 ഗുണഭോക്താക്കളിൽ അനർഹരേയും മരണപ്പെട്ടവരേയും ഒഴിവാക്കി നിലവിലുള്ള 126 ഗുണഭോക്താക്കളെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓൺലൈൻ സർവ്വേയിലൂടെ കണ്ടെത്തിയ 855 പേരിൽ 135 വ്യക്തികളെ അർഹരായി നിർണ്ണയിച്ചെങ്കിലും പ്രസ്തുത ഗുണഭോക്താക്കളുടെ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചിട്ടില്ല. അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കാത്തത് വീഴ്ചയായി വിലയിരുത്തുന്നു. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും അഗതി രഹിത കേരളം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

അഗതി രഹിത കേരളം പദ്ധതി നടപ്പാക്കുന്നതിന് ചലഞ്ച് ഫണ്ടിനത്തിൽ 1189800/-രൂപ ലഭ്യമായത് ബന്ധപ്പെട്ട സി.ഡി.എസ്. അക്കൗണ്ടിൽ (നം. 520101267861241) 21.7.2020ൽ ക്രഡിറ്റ് ചെയ്തിരിക്കുന്നു. അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനം സമർപ്പിച്ച പ്രോജക്ടുകൾ അംഗീകരിച്ചാണ് ചലഞ്ച് ഫണ്ട് അനുവദിച്ചിരിക്കുന്നത്. ഫയലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 126 ഗുണഭോക്താക്കൾക്ക് ഭക്ഷണം, ചികിൽസ, വീട്, ഭൂമി, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അവണാകുഴി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ഭക്ഷണസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നു. ഗവൺമെന്റ് സ്കൂളുകളിൽ നിന്നും സൗജന്യ യൂണിഫോം, ഭക്ഷണം, പുസ്തകങ്ങൾ എന്നിവ ലഭ്യമാകുന്നതിനാൽ ആയത് നൽകാൻ സാധിച്ചിട്ടില്ല എന്ന് 25.07.2022 ലെ ഓഡിറ്റ് അന്വേഷണം നം. 90 ന് മറുപടി നൽകി. കോവിഡ് കാലമായതിനാൽ ചികിൽസാ സഹായം നൽകുന്നതിനും വിലയിരുത്തൽ സമിതി കൂടി മറ്റ് സേവനങ്ങൾ നൽകുന്നതിനും സാധിച്ചിട്ടില്ല. അർഹരായ ഭവനരഹിതർക്ക് വീട് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയുടെ മേൽനോട്ടത്തിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്/ എൽ/ *935*/2019, 18.12.2019 നം ഉത്തരവ് പ്രകാരം രൂപീകരിച്ച വിലയിരുത്തൽ സമിതിയുടെ മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിന് സാധിച്ചിട്ടില്ല. അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതും അർഹരായ എല്ലാ വ്യക്തികളേയും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. കൃത്യമായ കാലയളവുകളിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്.

## 1-36 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ- VAT- കുറവ് ചെയ്തില്ല-കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്-

സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50,000/-രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ മേൽ നിബന്ധന പാലിക്കാതെ 50,000/-രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പ്രോജക്ടുകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയതായി കാണുന്നു. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ

സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ, തീയതി-13.11.2014-ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ്-ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃസമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2.ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

3.കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.തൊഴിലാളികളുടെ വേതനം സംബന്ധിയായ കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.താഴെ പറയുന്ന MP Ladsവർക്കിന്റെ ഓരോ ഐറ്റത്തിന്റെയും ഡാറ്റാ അനാലിസിസിൽ 10% ഓവർഹെഡ് ചാർജ് നല്കിയിട്ടുണ്ട്. അതിനു അടിസ്ഥാനമായ ഉത്തരവുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക്(25.07.2022 ലെ 85-ാം നമ്പർ ) മറുപടി ലഭിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

(എ) നിർവ്വഹണോദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക5%VAT2% IT | ചെക്ക് നം/തിയതി |
|---|---|---|---|
| തവരവിള വാർഡിൽ തവരവിള ചാനൽബണ്ട് റോഡ് കോൺക്രീറ്റിംഗ്.E2/21641/17.<br>TS - 8311/2018-19 Dt 10.05.2018 ₹4,90.000 (44.12%cost Index)<br>കരാർ 10 Dt 15.06.2019<br>കൺവീനർ. ശ്രീ .സതീഷ് കുമാർ.<br>ചെലവ് - ₹494258/(ltd To 4,90,000) (Including 1%tax)<br>അളവ് പുസ്തകം 6 2/19-20, | 489364 | VAT-24468/<br>IT-4893/(1% ഈടാക്കിയിട്ടുണ്ട്) | 616134/ 3.9.20<br>Rs4,79,576/ |
| ഇലിപ്പാട്ടുകോണം-മണലിവിളാകം<br>വിഴക്കുപാരയ്ക്കൽ തോട്ബണ്ട് റോഡ് നിർമ്മാണം.E2/1153/2018.<br>M.book-15/20<br>TS No-3960/18-19 Dt 3.5.18<br>കരാർ-20.05.2018<br>കൺവീനർ-ശ്രീ.സാബു.<br>ചെലവ് -484080/- | 4,79,288/ | VAT-5%-23964/<br>IT-4792/(1% ഈടാക്കിയിട്ടുണ്ട്) | 616175/1.10.20.<br>Rs4,59,876/ Vrno<br>801/1.10.20. |

മേൽ പരാമർശിച്ച തുക VAT, IT എന്നിവ കൺവീനറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-37 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് - മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (സ്പിൽ ഓവർ)

പ്രോജക്ട് നം - 484/21

അടങ്കൽ - 12,50,000/- ( 474610 – ധനകാര്യകമ്മിഷൻ അവാർഡ്

4,65,500/- – കേന്ദ്രാവിഷ്കൃത ഫണ്ട്

3,09,890/- സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ് - 4,68,301/- (9/21.05.2020)

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ മുനിസിപ്പാലിറ്റി

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഖരമാലിന്യ പരിപാലനത്തിന് വേണ്ടി 2019-20വർഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ എന്ന പ്രോജക്ട് രൂപീകരിക്കുകയും 2020-21വർഷം സ്പിൽ ഓവറായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ 2 എം.സി.എഫുകൾ സ്ഥാപിക്കുന്നതിന് IRTC, പാലക്കാട് എന്ന സ്ഥാപനവുമായി കരാർ വയ്ക്കുകയും എസ്റ്റിമേറ്റ് തുകയുടെ 50% 4,68,301/- മുൻകൂറായി നൽകുകയും ചെയ്തു. രണ്ട് എം.സി.എഫുകൾ സ്ഥാപിക്കുന്നതിനാണ് കരാർ വച്ചിരുന്നതെങ്കിലും നിലവിൽ ഒരു എം.സി.എഫ് മാത്രമേ (നഗരസഭാ കാര്യാലയത്തിന് പുറകിൽ) നിർമാണം പൂർത്തീകരിച്ചിട്ടുള്ളു (ഫയൽ പ്രകാരം). മുൻകൂറായി IRTCയ്ക്ക് തുക നൽകിയതിനുശേഷം ഒരു എം.സി.എഫ്. സ്ഥാപിക്കാത്തതിനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 92/25.07.2022). പ്രോജക്ട് ഉപേക്ഷിച്ചിട്ടുണ്ടോ, തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങളും ലഭ്യമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 ബയോഗ്യാസ് പ്ലാന്റ് - ചെലവിന്റെ വിശദാംശങ്ങൾ അക്കൗണ്ട്സ്, സുലേഖ പത്രിക എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. 1,51,200/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - ബയോഗ്യാസ് പ്ലാന്റ്

പ്രോജക്ട് നം - 145/2021 (ഫയൽ പ്രകാരം)

അടങ്കൽ - ലഭ്യമല്ല

ചെലവ് - 1,51,200 ( Bill No 7/19.05.2020)

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ മുനിസിപ്പാലിറ്റി

ഉറവിട മാലിന്യസംസ്കരണത്തിന്റെ ഭാഗമായിസ്വന്തം നിലയിൽ മാലിന്യം സംസ്കരിക്കുന്നതിനായി നഗരവാസികൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. നഗരസഭകളുമായി കരാർ വച്ചതനുസരിച്ച് 0.5m3ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് RAIDCO യുമായി കരാർ വയ്ക്കുകയും കരാർ തുക റെയ്ഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

. പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ വിശദാംശങ്ങൾ സുലേഖപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ എ.സി.ആർലും, സാംഖ്യയിലും മേൽ ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഹെൽത്ത് ഓഫീസറുടെ ബിൽ ബുക്കിൽ മാത്രമാണ് തുക പിൻവലിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഏതു ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത് എന്ന വിവരം ലഭ്യമല്ല.

. നഗരസഭ അക്കൗണ്ട്സുകളിൽ രേഖപ്പെടുത്താതെ പ്ലാൻഫണ്ട് ചെലവഴിച്ചതിന് കാരണം വിശദമാക്കാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 94/25.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

. മേൽക്കാരണങ്ങളാൽ ചെലവുതുക 1,51,200/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-39 ടെണ്ടർ ഇളവ് കുറവ് ചെയ്തില്ല – 64,190/- രൂപ നിരാകരിക്കുന്നു.

എ) പ്രോ. നം.410/21 വഴുതൂർ വാർഡിലെ വിവിധ കടവുകൾ മെയിന്റനൻസ്

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,82,232/-

ബിൽ നം./തീയതി - 143/23.12.2020

എം ബുക്ക് നം. - 227/19-20

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതിക്കായി ഇടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മാന്വൽ ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾ ഒന്നും ലഭ്യമായില്ലായെന്നും, റീടെണ്ടർ ക്ഷണിച്ചപ്പോൾ സിംഗിൾ ടെണ്ടർ ലഭിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം നൽകിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) ശ്രീ. ബാലരാജ് സമർപ്പിച്ച 4% കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെണ്ടർ കൗൺസിൽ അംഗീകരിച്ചതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) സ.ഉ. (പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുകളിൽ വ്യതിയാനം വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 03.09.2020 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി ഭരണസമിതി അംഗീകാരം നൽകിയിട്ടുള്ളത് 15.10.2020 ലെ 15(2) തീരുമാനത്തിലൂടെയാണ്. അതായത് ഭരണാനുമതി കൂടാതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്.

4) എം ബുക്ക് പേജ് 15-21 വരെയായി പ്രവൃത്തി മൂല്യം 4,30,564/- ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും കരാർ/ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള 4% ടെണ്ടർ കുറവ് കുറയ്ക്കാതെയാണ് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ

എം. ബുക്ക് പേജ് 21 പ്രകാരമുള്ള പ്രവൃത്തി മൂല്യം - 430564

(-) ടെണ്ടർ കുറവ് @4% - 17222.56

413341

(+) ജി.എസ്.ടി. @12% - 49601

അനുവദിക്കേണ്ട തുക - 4,62,942/-

അനുവദിച്ച തുക - 4,82,232/-

അധികമായി അനുവദിച്ച തുക - 19,290/-

ബി) പ്രോ. നം.449/21 അതിയന്നൂർ വാർഡിൽ കടകമ്പ് ഓട നിർമ്മാണവും കവറിംഗ് സ്ലാബ് ഇടലും

ഫണ്ടിനം - വികസന ഫണ്ട് എസ്.സി.പി.

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,99,979/-

ബിൽ നം./തീയതി - 155/9.2.2021

എം ബുക്ക് നം. - 233/19-20

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ വിളിച്ചതിൽ എസ്റ്റിമേറ്റ് തുകയിൽ നിന്നും 0.5% കുറവ് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ എൻ അനിൽകുമാറിനാണ് പ്രവൃത്തിയുടെ കരാർ അനുവദിച്ചത്. എന്നാൽ പ്രവൃത്തി ബിൽ അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെൻഡർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് അധികം തുക അനുവദിച്ചു. വിശദാംശം ചുവടെ.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം - 446410

(-) ടെണ്ടർ കുറവ് @0.5% - 2232

444178

(+) ജി.എസ്.ടി. @12% - 53301

അനുവദിക്കേണ്ട തുക - 497479/-

അനുവദിച്ച തുക - 499979/-

അധികമായി അനുവദിച്ച തുക - 2500/-

സി) പ്രോ. നം. 146/21 പെരുമ്പഴുതൂർ മൃഗാശുപത്രി നവീകരണം

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 2,13,066/-

ബിൽ നം./തീയതി - 74/31.3.2021

എം ബുക്ക് നം. - 157/19-20, 193/18-19

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1. പെരുമ്പഴുതൂർ മൃഗാശുപത്രി നവീകരണത്തിനായി നടപ്പാക്കിയ പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഇനം പ്രവൃത്തികളും നടപ്പാക്കിയില്ല. 2017-2018 ൽ പദ്ധതി അംഗീകാരം ലഭിച്ചെങ്കിലും 2020-21 വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് 17-18 ൽ നവീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും 2020-21 ലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും അതിലൂടെ ക്ഷീര കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് നൽകേണ്ടിയിരുന്ന സേവനങ്ങൾ യഥാസമയം നൽകുന്നതിനും തടസ്സം നേരിട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസത്തിനു കരാറുകാരനെതിരെ നടപടി സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

2. എസ്റ്റിമേറ്റ് തുകയുടെ 19.9% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡർ സമർപ്പിച്ച ശ്രീ. മണികണ്ഠൻ ന് ആണ് കരാർ അനുവദിച്ചിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ ടെൻഡർ ബിലോ കുറവ് ചെയ്യാതെ തുക നൽകി. അധികമായി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം - 213066

(-) ടെണ്ടർ കുറവ് @19.9% - 42400

170666

അനുവദിക്കേണ്ട തുക - 170666/-

അനുവദിച്ച തുക - 213066/-

അധികമായി അനുവദിച്ച തുക - 42400/-

(കുറിപ്പ്- പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 2017-18 സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുള്ളതിനാൽ ജി.എസ്.ടി. കോമ്പൻസേഷന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നില്ല.)

3. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും പെർഫോർമൻസ് ഗ്യാരന്റി തിരികെ നൽകുന്നതിന് എ ഇ തീരുമാനം എടുക്കുകയും തുക തിരികെ നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ പദ്ധതികളിലെ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.69/22.07.2022, 80/23.07.2022 101/26.07.2022 ) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്കു വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ടെണ്ടർ ഇളവ് കുറവു ചെയ്യാത്തതിനാലുണ്ടായ അധികചെലവായ 64,190/- (19290+2500+42400) രൂപ നിരാകരിക്കുന്നു. അധികമായി കൈപ്പറ്റിയിട്ടുള്ള തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തിയുടെ ബില്ലുകൾ തയ്യാറാക്കിയ/ ചെക്ക് മെഷർചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-40 കരാർ പ്രകാരമുള്ള നിരക്കിലും അധികമായി തുക അനുവദിച്ചു - 1,29,482/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പ്രോ. നം.355/21 കൃഷ്ണപുരം വാർഡിൽ മൂഴിയാംതോട്ടം റോഡ് റീടാറിംഗ്, സൈഡ് ബേം കോൺക്രീറ്റിംഗ്

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക (ഒറിജിനൽ) - 13,46,000/-

ചെലവ് തുക - 12,39,854/-

ബിൽ നം./തീയതി - 95/19.11.2020

എം ബുക്ക് നം. - 129/19-20

കോസ്റ്റ് ഇൻഡക്സ് - 37.93%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) പ്രവൃത്തിക്കായി റീടെണ്ടർ ചെയ്തതിൽ സിംഗിൾ ടെണ്ടർ (ഐറ്റം റേറ്റ്) ലഭ്യമായതിനാൽ, ലഭ്യമായ ടെണ്ടററെ (റോബിൻസൺ എസ്) 28.10.2019 ലെ 6-ാം നം. തീരുമാനത്തിലൂടെ കൗൺസിൽ അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ടി കരാറുകാരൻ 13.11.2019 ൽ നഗരസഭയുമായി കരാറിലേർപ്പെടുകയും, പ്രവൃത്തി സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് 980 മീ നീളത്തിൽ ടാർ ചെയ്യുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത് എന്നും, 1036മീ നീളത്തിൽ ടാർ ചെയ്താൽ മാത്രമേ പ്രദേശവാസികൾക്ക് പദ്ധതി പ്രയോജനപ്പെടുകയുള്ളൂവെന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭ്യമാകുന്നതിനായി 19.01.2020 ൽ ഓവർസീയർ കുറിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയതായി ഫയലിൽ കുറിച്ചിട്ടുണ്ട്. എന്നാൽ മേൽ തീരുമാനങ്ങൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൗൺസിൽ തീരുമാനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് മുനിസിപ്പൽ എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല. 10.03.2020 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി എം ബുക്കിൽ മുനിസിപ്പൽ എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്.

3) പ്രവൃത്തിക്കായി ശ്രീ. റോബിൻസൺ എസ്. സമർപ്പിച്ച ഐറ്റം റേറ്റ് പ്രകാരമുള്ള നിരക്കിലല്ല ടിയാൾക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ.

അനുവദിക്കേണ്ട തുക (ശ്രീ. റോബിൻസൺ സമർപ്പിച്ച ബിഡ് പ്രകാരമുള്ള നിരക്കിൽ)

| പ്രവൃത്തി ഇനം | ചെയ്ത അളവ് | എസ്റ്റിമേറ്റ് നിരക്ക് | ബിഡ് പ്രകാരമുള്ള നിരക്ക് | അനുവദിച്ച തുക (എസ്റ്റിമേറ്റ് നിരക്ക്xചെയ്ത അളവ്) | അനുവദിക്കേണ്ട തുക (ബിഡ് പ്രകാരമുള്ള നിരക്ക്xചെയ്ത അളവ്) |
|---|---|---|---|---|---|
| 4.9 Wet Mix Macadam ...... | 90.90 | 2999.36 | 2781.3065 | 272641.82 | 252820.76 |
| 5.5.B.2a Modified Penetration Madadam 75mm Thick Using Bitumin S-65........ | 437.65 | 329.06 | 305.1373 | 144013.11 | 13543.34 |
| 5.1.1a. Prime Coat – Low Pororsity .... | 606 | 54.84 | 50.8531 | 33233.04 | 30816.98 |
| 5.2.3a Tack Coat....... | 606 | 11.75 | 10.8958 | 7120.50 | 6602.85 |
| 5.2.1a Tack Coat .............. | 2581.93 | 9.87 | 9.1525 | 25483.65 | 23631.11 |
| 5.9.1.2a 20mm Thick Open-graded Premix Carpet .... | 3187.93 | 156.59 | 145.2059 | 499197.96 | 462906.24 |
| 5.12.A.3.2a Seal Coat - Manual Means – Type C ... | 3187.93 | 61.94 | 57.4370 | 197460.38 | 183105.14 |
| Od221753/2019-2020 Exccavation In Cutting In Soil By Manual Means With Lead Upto 50m.... | 77.55 | 288.61 | 231.8250 | 22381.71 | 17978.03 |
| | | | | 1201532/- | 9,91,404/- |

Work Done - 991404

Add GST @12% - 118968

Value Of Work Done - 11,10,372/-

അനുവദിക്കേണ്ടതുക - 11,10,372/-

ബിൽ പ്രകാരം അനുവദിച്ച തുക- 12,39,854/-

അധികമായി അനുവദിച്ച തുക - 1,29,482/-

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/20.07.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. കരാർ/ടെണ്ടർ പ്രകാരമുള്ള നിരക്കിലും അധികമായി അനുവദിച്ച തുക 1,29,482/- രൂപ തടസ്സം ചെയ്യുന്നു. തുക രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തിയുടെ ബില്ലുകൾ തയ്യാറാക്കിയ/ ചെക്ക് മെഷർചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-41 ഇ ടെണ്ടർ ഫീ നഗരസഭക്ക് ലഭിച്ചിട്ടില്ല

മരാമത്ത് പണികൾക്കായി നഗരസഭ ക്ഷണിക്കുന്ന വിവിധ ഇ ടെണ്ടറുകളുടെ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. നഗരസഭ ക്ഷണിച്ചിട്ടുള്ള ഇടെണ്ടറുകളുടെ ഫീ ഇനത്തിൽ നാളിതുവരെ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് നഗരസഭക്ക് വ്യക്തമല്ല. പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി നഗരസഭ നടപടികളും സ്വീകരിച്ചു കാണുന്നില്ല. ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/15.07.2022) മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ ഫീയിനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട തുക സംബന്ധിച്ച സാമ്പത്തിക വർഷം തിരിച്ച വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും, ജില്ലാ പഞ്ചായത്തിൽ നിന്നും പ്രസ്തുത തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുടെ അക്കൗണ്ടിൽ ഇ ടെണ്ടർ ഫീ നിക്ഷേപിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 1-42 മരാമത്ത് പണികൾ - ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലെ അപാകങ്ങൾ

മരാമത്ത് പണികൾക്കായി നഗരസഭ ക്ഷണിക്കുന്ന ടെണ്ടറുകൾക്ക് സ.ഉ(പി)നം.13/2012/പൊ.മ.വ. തീയതി 01.02.2012 മരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ/വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല. പ്രവൃത്തികൾക്കായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിക്കുന്നതിനും, ടെണ്ടർ നോട്ടീസുകൾ പരസ്യപ്പെടുത്തുന്നതു സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1. ടെണ്ടർ നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുന്നതിന് പൊതുമരാമത്ത് മാന്വൽ പാരാ 2006 പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. നഗരസഭ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചതിന്റെയും, നോട്ടീസ് പത്രത്തിലും വെബ് സൈറ്റിലും പരസ്യപ്പെടുത്തിയതിനുമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ പ്രവൃത്തി ഫയലുകളിൽ സൂക്ഷിക്കുന്നില്ല. ടെണ്ടർ നോട്ടീസുകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിനോ, വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനോ രേഖകളില്ല. പ്രസിദ്ധപ്പെടുത്തിയ ടെണ്ടറുകൾ സമർപ്പിക്കുന്നതിന് കരാറുകാർക്ക് നിശ്ചിത കാലയളവ് നൽകേണ്ടതാണെങ്കിലും അപ്രകാരം സമയം അനുവദിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

2. ടെണ്ടറുകളുടെ ഫീ ഈടാക്കി ടെണ്ടർ ഫോറം വിതരണം ചെയ്യുന്നതു സംബന്ധിച്ച രേഖകൾ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. ടെണ്ടർ ഫോറത്തിൽ ടെണ്ടർ ഫോറം വാങ്ങുന്ന കരാറുകാരന്റെ പേര്, ടെണ്ടർ ഫീ തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

3. 50,000/- രൂപയിലധികം അടങ്കലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ നടപടികളും, 5ലക്ഷം രൂപയിലധികം അടങ്കലുള്ള പ്രവൃത്തികൾക്ക് ഇടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. പ്രവൃത്തി ഫയലുകളിൽ പ്രവൃത്തിക്കായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചതിനും, ടെണ്ടർ നോട്ടീസ് വെബ്സൈറ്റ്/പത്രത്തിൽ പരസ്യപ്പെടുത്തിയതിനുമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. നഗരസഭ ക്ഷണിക്കുന്ന മാന്വൽ ടെണ്ടറുകൾക്ക് മത്സര സ്വഭാവമുള്ള ബിഡുകൾ ലഭ്യമായി കാണുന്നില്ല. ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് ബിഡുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| പ്രോ.നം., പേര് | അടങ്കൽ തുക | ഫയൽ പ്രകാരം ലഭ്യമായിട്ടുള്ള ടെണ്ടറുകളുടെ വിശദാംശം |
|---|---|---|
| 199/21 പനങ്ങാട്ടുകരി വാർഡിലെ പനവിള മേക്കുരി റോഡ് ഇന്റർലോക്കിംഗ് | 500000 | മാന്വൽ ടെണ്ടർ<br>ത്യാഗരാജൻ 3% കൂടുതൽ<br>ഷീജുമോൻ 0.01% കുറവ് |
| 415/21 വീരരാഘവൻ സ്മൃതി മണ്ഡപം വിപുലീകരണം | 325600 | മാന്വൽ ടെണ്ടർ<br>മധു ജെ 2% കൂടുതൽ |

| | | |
|---|---|---|
| | | സ്റ്റീഫൻ ഡി എസ്റ്റിമേറ്റ് റേറ്റ് |
| 427/21 ചായ്ക്കോട്ടുകോണം വാർഡിൽ അമ്പലകുളങ്ങര റോഡ് റീകോൺക്രീറ്റ് ആന്റ് കോൺക്രീറ്റ് | 350000 | റീടെണ്ടർ<br>ശശാങ്കൻ എസ്റ്റിമേറ്റ് നിരക്ക് |
| 428/21 ചായ്ക്കോട്ടുകോണം വാർഡിൽ മാവറത്തല സൈഡ് വാൾ കോൺക്രീറ്റ് | 500000 | മാന്വൽ ടെണ്ടർ<br>റോബിൻസൺ 2% കൂടുതൽ<br>ജിജോപോൾ 0.05% കുറവ് |
| 429/21 നിലമേൽ വാർഡിൽ അക്ഷയ റോഡ് ഇന്റർലോക്കിംഗ് | 200000 | മാന്വൽ ടെണ്ടർ<br>മധു ജെ എസ്റ്റിമേറ്റ് റേറ്റ്<br>അനിൽ ആർ 1.1% കുറവ് |
| 443/21 ചുണ്ടവിള വാർഡിലെ ഓലത്താന്നി നള്ളിയോട് റീടാറിംഗ് | 306000 | മാന്വൽ ടെണ്ടർ<br>ജയകുമാർ എസ്റ്റിമേറ്റ് റേറ്റ്<br>അനിൽ ആർ 0.5% കുറവ് |
| 446/21 വടകോട് വാർഡിലെ പേരത്തല റോഡ് കോൺക്രീറ്റും, കാവുവിള റോഡ് ഇന്റർലോക്കിംഗും | 160000 | റീടെണ്ടർ<br>അനിൽ കുമാർ എസ്റ്റിമേറ്റ് റേറ്റ് |
| 448/21 ആലംപൊറ്റ വാർഡിൽ കോണത്തുവിള താഴെ കോട്ടർ മടയൻകോട് നടപ്പാത കോൺക്രീറ്റ് അന്റ് സൈഡ് വാൾ | 500000 | മാന്വൽ ടെണ്ടർ<br>റോബിൻസൺ 0.05% കുറവ്<br>ജിജോപോൾ 2% കൂടുതൽ |
| 452/21 വ്ലാങ്ങാമുറി വാർഡിലെ ചമ്പയിൽ ഇടവഴി ടാഗോർ ഗാർഡൻ രണ്ടാം ഘട്ടം ബ്ലസി റോഡ് ഇന്റർലോക്കിംഗ് | 550000 | മാന്വൽ ടെണ്ടർ<br>മധു ജെ 0.123% കുറവ്<br>അനിൽ ആർ 1% കുറവ് |
| 454/21 ചുണ്ടവിള വാർഡിലെ റോഡ് ഇന്റർലോക്കിംഗ് | 463000 | മാന്വൽ ടെണ്ടർ<br>ജയകുമാർ 2% കുറവ്<br>അനിൽ ആർ 2% കൂടുതൽ |
| 457/21 കുട്ടപ്പന വാർഡിൽ വേട്ടകുളം മുതൽ തേരന്നൂർ റെയിൽവേ പാലം വരെ റീടാറിംഗ് | 900000 | ടെണ്ടർ/റീടെണ്ടറുകളിൽ ബിഡുകൾ ലഭ്യമായില്ല<br>ബാലരാജ് ഓഫർ നൽകി |
| 459/21 ടൗൺ വാർഡിൽ പ്ലാവിള നടപ്പാത, യൂറോകോൺ റാമ്പ്, ഓട നിർമ്മാണം | 600000 | ടെണ്ടർ/റീടെണ്ടറുകളിൽ ബിഡുകൾ ലഭ്യമായില്ല<br>മധു ജെ 1% കുറവിൽ ക്വട്ടേഷൻ നൽകി |
| 489/21 പള്ളിവിളാകം വാർഡിൽ തേരന്നൂർ റോഡ് കോൺക്രീറ്റിംഗ് | 450000 | മാന്വൽ ടെണ്ടർ<br>ജയകുമാർ 0.01% കുറവ്<br>അനിൽ ആർ 1% കൂടുതൽ |
| 492/21 ഊരുട്ടുകാല വാർഡിൽ അപ്പട്ടുവിള നടപ്പാത കോൺക്രീറ്റിംഗ് | 100000 | മാന്വൽ ടെണ്ടർ<br>മധു ജെ എസ്റ്റിമേറ്റ് നിരക്ക്<br>അനിൽ ആർ 0.1% കുറവ് |

വിവിധ പ്രവൃത്തികൾക്ക് ടെണ്ടർ, റീടെണ്ടറുകൾ ക്ഷണിച്ചിട്ടും ബിഡുകൾ ലഭ്യമാകാത്തതും പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ബിഡുകൾ ലഭിക്കാത്തതും ടെണ്ടർ നടപടികളിലെ അപാകതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ടെണ്ടറുകൾക്ക് വേണ്ടത്ര പരസ്യം നൽകുന്നതിനും, ബിഡുകൾ സമർപ്പിക്കുന്നതിന് കരാറുകാർക്ക് വേണ്ടത്ര സമയം ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4. നഗരസഭ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ലഭ്യമായ തീയതി, ടെണ്ടർ തുറന്ന തീയതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ്, കുറഞ്ഞ ടെണ്ടർ സംബന്ധിച്ച വിശദാംശം, കൗൺസിൽ തീരുമാനം എന്നിവ രേഖപ്പെടുത്തി അസി. എഞ്ചിനീയർ/മുനിസിപ്പൽ എഞ്ചിനീയർ ഒപ്പു വച്ചിട്ടില്ല. (പൊതുമരാമത്ത് മാന്വൽ പാരാ

2009.1)

ടെണ്ടർ നടപടികളിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയും, ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാനറിയിച്ചും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 2/15.07.2022, 83/23.07.2022) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നിർവഹണത്തിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-43 എസ്റ്റിമേറ്റുകൾ വ്യാപകമായി ഭേദഗതി വരുത്തി നടപ്പാക്കുന്നു.

വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കി, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവഹിച്ചു പോരുന്നു. ഉദാഹരണമായി പ്രോ.നം. 199/21 പനങ്ങാട്ടുകരി വാർഡിലെ പനവിള മേയ്ക്കേരി റോഡ് ഇന്റർലോക്കിംഗ് പ്രവൃത്തിക്കായി ഇന്റർലോക്കിംഗ് ഇനം ഉൾപ്പെടുത്തി 5ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തിക്കായി 0.01% കുറഞ്ഞ നിരക്കിൽ ശ്രീ. ഷീജുമോൻ നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തു.

പദ്ധതി റോഡ് മുൻപ് കോൺക്രീറ്റ് ചെയ്തതായതിനാൽ പൊതുജനങ്ങളുടെ താത്പര്യ പ്രകാരം പ്രസ്തുത റോഡ് റീകോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതിക്കായി നിർവഹണോദ്യോഗസ്ഥൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 26.12.2019 (തീരുമാനം നം. 7) ലും, നഗരസഭാ കൗൺസിൽ 27.12.2019 (തീരുമാനം നം.25(8)) ലും അനുമതി നൽകുകയുണ്ടായി. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്റർ ലോക്കിംഗ് ഇനങ്ങൾ ഒഴിവാക്കി, കോൺക്രീറ്റിംഗ് ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റോഡ് റീകോൺക്രീറ്റ് ചെയ്യുകയുണ്ടായി. പൊതുജനങ്ങൾ സമർപ്പിച്ച അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.

എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനുമായി കരാർ സ്ഥാപിച്ച ശേഷം പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും മാറ്റേണ്ടി വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.83/23.07.2022) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായി മാറ്റേണ്ടി വരുന്നത് പ്രവൃത്തികൾക്ക് കാര്യക്ഷമമായ ബിഡുകൾ ലഭിക്കുന്നതിനും തടസ്സമാകും. ഇത്തരം അപാകങ്ങൾ കർശനമായി ഒഴിവാക്കേണ്ടതും, പ്രവൃത്തി സ്ഥലം പരിശോധന നടത്തി ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ജി.എസ്.ടി. കോമ്പൻസേഷൻ അധികമായി അനുവദിച്ചു - 27,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോ. നം.529/21 സ്വദേശാഭിമാനി ചിൽഡ്രൻ പാർക്ക് പരിപാലനം

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,99,952/-

ബിൽ നം./തീയതി - 152/05.02.2021

എം ബുക്ക് നം. - 240/2019-20

കോസ്റ്റ് ഇൻഡക്സ് - 37.93%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മുനിസിപ്പൽ എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമായ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഡി.എ.ആർ പ്രകാരമുള്ള 8 പ്രവൃത്തി ഇനങ്ങളും, ഒറിജിനൽ ബിൽ ലഭ്യമാക്കി അനുവദിക്കാവുന്ന ഗാർഡനിംഗ് ഇനങ്ങളും ആണുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം അനുവദിച്ച തുക ഇപ്രകാരമാണ് (എം ബുക്ക് 240/2019-20പേജ് 34-45).

| പ്രവൃത്തി ഇനം | ചെയ്ത അളവ് | നിരക്ക് | തുക |
|---|---|---|---|
| Items As Per DAR (A) | | | |
| 14.53.1 Wall Painting... | 219.19 | 76.21 | 16704.47 |
| 14.54.1 Painting With Synthetic Enamel... | 111.18 | 70.76 | 7867.09 |
| 8.3.2 Providing Edge Moulding To 18mm Thick Marble... | 416.66 | 338.89 | 141202 |
| 30.2.3 Supllying And Stacking Sludge At The Site... | 57.82 | 324.89 | 18785 |
| 30.2.4.1 Supplying And Stacking At Site Dump.. | 56.3 | 235.41 | 13254 |

| | | | |
|---|---|---|---|
| 30.2.9 Mixing Earth And Sludge... | 114.22 | 29.45 | 3364 |
| 30.2.8 Spreading Of Sludge..... | 101.8 | 42.69 | 4346 |
| 30.2.10.2 Grassing With Selecton No.1 Grass... | 544.71 | 10.83 | 5899 |
| Total | | | 211421.56 |
| Items As Per Bill (B) | | | |
| Grass | | | 7560 |
| Grass, Plants | | | 92500 |
| Grass | | | 41000 |
| Labour Charges | | | 81000 |
| Electrical Appliances | | | 13798 |
| Total | | | 235858 |
| Total (A)+(B) | | | 447279 |

മേൽ പട്ടിക പ്രകാരമുള്ളതിൽ (B) പ്രകാരമുള്ള ഇനങ്ങൾ യഥാർത്ഥ ചെലവിനെ അടിസ്ഥാനമാക്കിയുള്ളതാണ്. അതായത് സാധനങ്ങൾക്ക് ബിൽ പ്രകാരമുള്ള സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഫ്ലഡ് സെസ്സ് ഉടങ്ങിയ നികുതികൾ ഉൾപ്പെടെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഇനങ്ങളിൻമേൽ കോമ്പൻസേഷൻ ആയി നൽകുന്ന 12% ജി.എസ്.ടി. അനുവദിക്കേണ്ടതില്ല. (A) പ്രകാരമുള്ള ഇനങ്ങൾക്കു മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കേണ്ടതുള്ളൂ. അതായത്

പ്രവൃത്തി മൂല്യം - 447279

(-) ടെണ്ടർ കുറവ്@0.1% - 448

446831

Add GST @12% (211422*12/100) - 25371

Value Of Work Done - 4,72,202/-

അനുവദിക്കേണ്ടതുക - 4,72,202/-

ബിൽ പ്രകാരം അനുവദിച്ച തുക- 4,99,952/-

അധികമായി അനുവദിച്ച തുക - 27,750/-

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/20.07.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്കു വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ അധികമായി അനുവദിച്ച തുക 27,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. തുക രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തി ബില്ലുകൾ തയ്യാറാക്കുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-45 എസ്.സി.പി. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ - സാധ്യതാ പഠനം നടത്തിയിട്ടില്ല -54,58,272/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർവഹിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിന് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം, സാമൂഹ്യ ഭൂപടം എന്നിവ നിർബന്ധമാണ് (സ.ഉ.(കൈ)നം.17/2018/തസ്വഭവ തീയതി 02.02.2018 ഖണ്ഡിക 6.1). പദ്ധതികൊണ്ട് പ്രദേശത്തെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നോ, അതിൽ എത്ര കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെന്നോ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| പ്രോ. നം., പേര് | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|
| 147/21 | 246085 | 10/27.04.2020 |
| 150/21 | 494998 | 9/20.04.2020 |
| 157/21 | 381290 | 8/20.04.2020-245437<br>132/29.11.2020-135853 |

| | | |
|---|---|---|
| 282/21 | 234799 | 35/24.03.2021 |
| 287/21 | 234475 | 47/28.03.2021 |
| 345/21 | 149149 | 45/15.05.2020 |
| 348/21 | 533126 | 62/26.05.2020 |
| 411/21 | 594200 | 16/01.03.2021 |
| 412/21 | 192706 | 78/31.03.2021 |
| 449/21 | 499979 | 155/09.02.2021 |
| 450/21 | 499431 | 160/12.02.2021 |
| 461/21 | 499879 | 93/03.11.2020 |
| 575/21 | 499955 | 86/11.09.2020 |
| 577/21 | 398200 | 85/11.09.2020 |
| ആകെ | 5458272 | |

രേഖകൾ ലഭ്യമല്ലാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.100/27.07.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ കൊണ്ട് പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടികയോ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ പട്ടികയോ, പദ്ധതി പ്രദേശത്തെ സാമൂഹ്യ ഭൂപാമോ ലഭ്യമല്ലാത്തതിനാലും, ഇതു സംബന്ധിച്ച് യാതൊരു രേഖകളും പട്ടികജാതി വികസന ഓഫീസറിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, എസ്.സി.പി. ഫണ്ട് ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടോയെന്നും, ഫണ്ട് വകമാറ്റാതെ ചെലവു ചെയ്തിട്ടുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരം ചെലവു ചെയ്ത 54,58,272/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-46 ഗുണഭോക്തൃസമിതി നിർവഹിച്ച പ്രവൃത്തികൾക്ക് അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു - 88,686/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

എ) പ്രോ. നം.525/21 ശാസ്താംതല യു.പി. സ്കൂളിനു ഗ്രൗണ്ട് മെയിന്റനൻസ്

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 10,00,000/-

ചെലവ് തുക - 9,98,055/-

ബിൽ നം./തീയതി - 44/14.05.2020 - 515039/-

- 88/15.10.2020 - 483016/

എം ബുക്ക് നം. - 146/19-20

കോസ്റ്റ് ഇൻഡക്സ് - 37.93%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) നേരിട്ടുള്ള നിർവഹണത്തിനാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.11.19 ലെ തീരുമാനം 23 ലൂടെ പ്രവൃത്തി ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിക്കുന്നതിനു തീരുമാനിക്കുകയും നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തോടെ ശാസ്താംതല യു.പി.എസ്. ന്റെ ഹെഡ്മാസ്റ്റർ ആയ ശ്രീമതി. ബിന്ദു കെ.ഐ. കൺവീനറും, ശ്രീ. ഡി. തങ്കരാജൻ ചെയർമാനുമായി പ്രവൃത്തി നിർവഹണത്തിനായി 30.03.2020 ൽ നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തു. (ശ്രീ.ഡി. തങ്കരാജൻ പി.റ്റി.എ. പ്രസിഡന്റ് ആണോ എന്നത് വ്യക്തമല്ല.) അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നിർവഹണം നടത്തുന്നതിന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിലും അപ്രകാരം ഡി.പി.സി.യുടെ അംഗീകാരം നേടിയില്ല.

2) ഗുണഭോക്തൃ സമിതി മുഖാന്തിരമുള്ള പ്രവൃത്തിയുടെ തുക കൺവീനറുടെയും, ചെയർമാന്റെയും സംയുക്ത അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കേണ്ടത്. എന്നാൽ തുക കൺവീനറുടെ വ്യക്തിഗത അക്കൗണ്ടായ എസ്.ബി.ഐ. അക്കൗണ്ട് നം. 30595616165 ലേക്കാണ് നിക്ഷേപിച്ചു നൽകിയിട്ടുള്ളത്. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക നിക്ഷേപിച്ചു നൽകിയ അക്കൗണ്ടിന്റെ ബാങ്ക് പാസ്ബുക്ക് പരിശോധനക്കു ലഭ്യമാക്കിയില്ല.

3) ശാസ്താം തല സ്റ്റേഡിയത്തിന്റെ പുനർനിർമ്മാണത്തിനായി നഗരസഭയുടെ മൂന്നുകല്ലിൻമൂട് വാർഡിലെ ഹോമിയോ ആശുപത്രിക്കു സമീപം കിടന്ന 17.5 ക്യൂ.മീ. അളവിലെ മണ്ണ് ലഭ്യമാക്കുന്നതിനായി ശ്രീ. ഡി. തങ്കരാജൻ 20.02.2020 ൽ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ എർത്ത് ഫില്ലിംഗ് ഇനങ്ങൾ ഈ പ്രവൃത്തിയിൽ ചെയ്തിട്ടില്ല. മണ്ണ് എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.73/23.07.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ബി) പ്രോ. നം.389/21 എൽ.പി. യു.പി. സ്കൂളിനു പാർക്ക് നിർമ്മാണം

ഫണ്ടിനം - വികസനഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 3,70,990/-

ബിൽ നം./തീയതി - 1,75,153/- (2019-20ൽ)

- 12/13.05.2020 - 1,95,837-

എം ബുക്ക് നം. - 26/19-20, 107/19-20

കോസ്റ്റ് ഇൻഡക്സ് - 44.12%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) നേരിട്ടുള്ള നിർവഹണത്തിനാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ നഗരസഭാ കൗൺസിലിന്റെ 30.06.2018 ലെ 17(7) തീരുമാനത്തിലൂടെ പ്രവൃത്തി ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിക്കുന്നതിനു തീരുമാനിക്കുകയും യു.പി.എസ്. അതിയന്നൂർ ന്റെ ഹെഡ്മാസ്റ്റർ ആയ ശ്രീ. ശ്രീകുമാർ കൺവീനറായി 03.07.2019 ൽ നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തു. അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നിർവഹണം നടത്തുന്നതിന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിലും അപ്രകാരം ഡി.പി.സി.യുടെ അംഗീകാരം നേടിയില്ല.

2) കാലവർഷകെടുതിയിൽ മരം കടപുഴകി വീണ് മതിൽ പൊളിഞ്ഞതിനാൽ മതിൽ നിർമ്മിക്കുന്നതിന് അനുവദിക്കണമെന്ന് എച്ച്.എം. അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 30.08.2019 ലെ കൗൺസിൽ തീരുമാനം നം.12 ലൂടെ മതിൽ നിർമ്മിക്കുന്നതിലേക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കൺവീനർ വർക്കിന് അനുവദിക്കേണ്ട നിരക്കിലല്ല പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും, വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രവൃത്തിക്കായി 15% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ട്.

അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചതിലൂടെ ഉണ്ടായ നഷ്ടം ചുവടെ.

| പ്രവൃത്തി ഇനം | ചെയ്ത അളവ് | 15% ഓവർഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി അനുവദിച്ച നിരക്ക് | 7.5% ഓവർഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി അനുവദിക്കേണ്ട നിരക്ക് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| 2.6.1 Earth Work In Excavation By Mechanical Means ..... | 27.292ക്യൂ.മീ | 181.52 | 169.67 | 323.41 |
| 7.1.1 Random Rubble Masonry With Hard Stone In Foundation And Plinth... | 36.976 ക്യൂ.മീ | 5715.58 | 5342.85 | 13782.06 |
| 60.7.1 Dry Rubble Masonry- Dry Rubble With Output Concrete Levelling Course.. | 7.152 ക്യൂ.മീ | 2766.10 | 2585.69 | 1290.29 |
| 50.6.5.1 Hollow Block Masonry Using Pre Cast Blocks (Factory | 10.136ക്യൂ.മീ | 4666.23 | 5445.49 | -7898.58 |

| | | | | |
|---|---|---|---|---|
| Made)... | | | | |
| 13.1.1 12mm Cement Plaster Of Mix 1:4.. | 136.18 ചമീ | 249.26 | 232.82 | 2238.80 |
| 13.82.1 Wall Painting With Acrylic Emulsion Paint.... | 136.18 ചമീ | 71.12 | 66.50 | 629.15 |
| Extra1<br><br>15.9.2 Demolishing Stone Rubble Masonry Manually/by Mechanical Means... | 2.238 ക്യൂ.മീ | 1456.23 | 1354.86 | 226.87 |
| Extra2<br><br>60.7.8 DR With Departmental Stone Dry Rubble Masonry Dry Rubble Without Concrete Levelling Course..... | 1.8 ക്യൂ.മീ | 1882.84 | 963.90 | 1654.09 |
| Extra3<br><br>Solid Block Masonry Using Precast Block (Factory Made Of Size Con.... | 4.95 ക്യൂ.മീ | 5424.08 | 5070.33 | 1751.06 |
| Extra4<br><br>Providing Concrete For Plain/reinforced Concrete In Open Foundation...... | 0.60 ക്യൂ.മീ | 6556.65 | 6129.03 | 256.57 |
| Extra 5<br><br>Steel Reinforcement For RCC Work... | 20.51 കിഗ്രാം | 76.25 | 71.27 | 102.14 |
| Extra6<br><br>RCC 1:2:4 Using Home Broken Stone For Slab | 0.18 ക്യൂ.മീ | 7330 | 6851.95 | 86.05 |
| | | | | 14,442/- |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.72/22.07.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ്ജസ് ഇനത്തിൽ അനുവദിച്ച തുക 14,442/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. തുക രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തി നിർവഹണം ചെയ്ത, പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും, ബില്ലുകൾ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സി) പ്രോ. നം.337/21 നെയ്യാറ്റിൻകര നഗരസഭ ബ്രഹ്മംകോട് നഴ്സറി നവീകരണം

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 10,00,000/-

ചെലവ് തുക - 9,00,456/-

ബിൽ നം./തീയതി - 55/26.05.2020

എം ബുക്ക് നം. - 24/2019-20

കോസ്റ്റ് ഇൻഡക്സ് - 44.12%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിക്കുന്നതിനു അംഗീകാരം ലഭിച്ച പദ്ധതിക്കായി ഹെഡ്മാസ്റ്റർ ആയ ശ്രീമതി.

അന്നമ്മ കെ.എം. കൺവീനറായും, ശ്രീ. അരുൺ ആർ ചെയർമാനായും 29.09.2018 ൽ നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി)നം.30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും, വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. പ്രവൃത്തിയുടെ ഭാഗമായി ഒടുക്കേണ്ടുന്ന നികുതികൾ ഒടുക്കുന്നതിലേക്ക് കൂടിയാണ് ഇപ്രകാരം ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തിക്കായി ഓവർഹെഡ് ചാർജ്ജസിനു പുറമേ, ആകെ പ്രവൃത്തിമൂല്യത്തിനു മേൽ 1% നിരക്കിൽ നികുതിയും അനുവദിച്ചു നൽകിയിരിക്കുന്നു. ഓവർ ഹെഡ് ചാർജ്ജസ് ഇനത്തിൽ 7.5% നിരക്കിൽ തുക അനുവദിച്ചിട്ടും, നികുതികൾക്കായി ഇപ്രകാരം അധിക തുക അനുവദിച്ചതു ക്രമമല്ല.

വിശദാംശങ്ങൾ ചുവടെ. (എം ബുക്ക് പേജ് 68 പ്രകാരം)

ആകെ പ്രവൃത്തി മൂല്യം - 8,91,541/-

നികുതി ഇനത്തിൽ അനുവദിച്ച തുക (1% നിരക്കിൽ) - 8915

ബിൽ പ്രകാരം അനുവദിച്ച തുക - 9,00,456/-

അനുവദിക്കേണ്ടതുക - 8,91,541/-

അധികമായി അനുവദിച്ച തുക - 8915/-

അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തുക അധികമായി അനുവദിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.96/26.07.2022) മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 8,915/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. തുക രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തി ബില്ലുകൾ തയ്യാറാക്കുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) പ്രോ. നം.407/21 ഊരുട്ടുകാല എം.റ്റി.എച്ച്.എസ്. മെയിന്റനൻസ്

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 10,00,000/-

ചെലവ് തുക - 9,99,960/-

ബിൽ നം./തീയതി - 1/06.02.2021 - 8,41,554/-

- 57/31.03.2021 - 1,58,406/-

എം ബുക്ക് നം. - 236/19-20

കോസ്റ്റ് ഇൻഡക്സ് - 37.93%

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിക്കുന്നതിനു അംഗീകാരം ലഭിച്ച പദ്ധതിക്കായി ഹെഡ്മാസ്റ്റർ ആയ ശ്രീമതി. വിമല സി.ആർ. കൺവീനറായും, ശ്രീ. തുളസീധരൻ നായർ ചെയർമാൻ ആയും 15.01.2020 ൽ നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും, വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രവൃത്തിക്കായി 15% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചതിലൂടെ ഉണ്ടായ നഷ്ടം ചുവടെ. (എം ബുക്ക് പേജ് 35-42)

| പ്രവൃത്തി ഇനം | ചെയ്ത അളവ് | 15% ഓവർഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി അനുവദിച്ച നിരക്ക് | 7.5% ഓവർഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി അനുവദിക്കേണ്ട നിരക്ക് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| 11.41.2 Providing And Laying Vitrified Floor Tiles In Different Sizes.... | 203.25 | 313815.96 | 293348.69 | 20467.27 |
| 14.54.1 Painting With Synthetic | 441.67 | 31252.56 | 29203.22 | 2049.34 |

| | | | | |
|---|---|---|---|---|
| Enamel Paint Of Approved Brand.... | | | | |
| Extra1<br><br>Renewing Glass Panes And Refixing Existing Wooden Fillets Float Glasspanes Of Thckness Mm | 5.76 | 4757.76 | 4403.52 | 354.24 |
| Extra2<br><br>Structural Steel Work In Single Section Fixed With Or Without Hoisting Fixing | 288.8 | 20244.88 | 18925.06 | 1319.82 |
| Extra3<br><br>Painting With Silicon& Acrylic Emulsion Based Water Thinnable Etc | 3528 | 381316.78 | 356398.56 | 24918.22 |
| Extra4<br><br>12.50 Providing And Fixing Precoated Galvanized Iron Profile Sheet Total Coated Thickness With Zink Coating 120 Grams | 186.3 | 141434.90 | 132213.38 | 9221.52 |
| | | 892822 | 834492 | 58330/- |

പ്രവൃത്തി മൂല്യം(7.5% ഓവർഹെഡ് ചാർജ്ജസ്) - 834492

(+) ജി.എസ്.ടി. @12% - 100139

അനുവദിക്കേണ്ട തുക - 9,34,631/-

അനുവദിച്ച തുക - 9,99,960/-

അധികമായി അനുവദിച്ച തുക - 65,329/-

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.95/26.07.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ്ജസ്/നികുതി ഇനത്തിൽ അനുവദിച്ച തുക 65,329/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. തുക രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തി നിർവഹണം ചെയ്ത, പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും, ബില്ലുകൾ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-47 പെൻഷൻ , ഹോണറേറിയം ഇനത്തിൽ പിൻവലിക്കുന്ന തുകകൾ കാഷായി വിതരണം ചെയ്യുന്നു- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പ്രകാരം ചെക്ക് നം 479956/02.02.21 മുഖേന 9,54,461/- രൂപ ക്യാഷ് ചെക്ക് മുഖേന തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും 01/02/2021ൽ പിൻവലിച്ചിരിക്കുന്നു. (നഗരസഭകണ്ടിജന്റ് വിഭാഗം പെൻഷൻ ജീവനക്കാരുടെ 02/2021 ലെ പെൻഷൻ തുക 5,83,211രൂപ, നഗരസഭ സെക്രട്ടറിയുടെ മൊബൈൽ ഫോൺ അലവൻസ് 1,000/- നഗരസഭകൌൺസിലേഴ്സ്, ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ എന്നിവരുടെ 1/2021 ലെ ഹോണറേറിയം തുക 3,69,100 എന്നീ ചെലവുകൾക്കായാണ് മേൽ തുക പിൻവലിച്ചത്). കണ്ടിജന്റ് പെൻഷൻകാരുടെ വേതനവിതരണ രജിസ്റ്റർ,നഗരസഭ കൌൺസിലേഴ്സ്, ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ ഹോണറേറിയം വിതരണ/കൈപ്പറ്റ് രജിസ്റ്റർ എന്നിവ പ്രകാരം തുക ജീവനക്കാർ ക്യാഷായി കൈപ്പറ്റിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുഴുവൻ മേൽ പരാമർശിച്ചയിനങ്ങളിലെ ചെലവുകൾക്കുള്ള തുക ക്യാഷായി ബാങ്കിൽ നിന്നും പിൻവലിച്ചാണ് ജീവനക്കാർക്ക് നൽകിയിരിക്കുന്നത്.

കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) റൂൾസ് 2007 റൂൾ 33പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിയ്ക്കകം വരുന്ന തുകകൾ (1000/-രൂപ) മാത്രമേ ക്യാഷായി വിതരണം ചെയ്യാൻ പാടുള്ളുവെന്നും ജീവനക്കാരുടെ ബാങ്ക് അക്കൌണ്ടിലേയ്ക്കാണ് മുനിസിപ്പൽ ഫണ്ടിലെ തുകകൾ കൈമാറി നൽകേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ഹോണറേറിയമിനത്തിലെ തുക ഓൺലൈനായി ട്രാൻസ്ഫർ

ചെയ്യേണ്ടതിന് പകരം ക്യാഷായി വിതരണം ചെയ്യാനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം 43)

കണ്ടിജന്റ് വിഭാഗം പെൻഷൻകാർക്ക് അക്കൌണ്ട് വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് പലതവണ നേരിട്ടും അല്ലാതെയും അറിയിപ്പ് നൽകിയിരുന്നുവെങ്കിലും പെൻഷൻകാരുടെ നിസ്സഹകരണം കാരണമാണ് നേരിട്ട് തുക വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടായതെന്നും 8/2022 മുതലുള്ള കണ്ടിജന്റ് പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി നൽകുന്നതാണെന്നും നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (നം 43) .

പെൻഷൻ , ഹോണറേറിയം എന്നിവയുടെ വിതരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-48 മാറ്റിവയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ

സ.ഉ.(അച്ചടി) നം. 46/2020/ധന തീയതി 23.04.2020-ൽ പ്രകാരം സർക്കാർ ജീവനക്കാർ, അധ്യാപകർ തുടങ്ങിയ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളായി മാറ്റി വയ്ക്കുന്നതിനു നിർദ്ദേശിച്ചിരുന്നു. കൂടാതെ, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ശമ്പളം പിൻവലിക്കാത്ത വിഭാഗം ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളം, ഒരു പ്രത്യേക എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ ഒരാഴ്ചക്കുള്ളിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സ.ഉ.(കൈ)നം.73/2020/തസ്വഭവ തീയതി 05.05.2020 ഉത്തരവിലൂടെ തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ഏപ്രിൽ മുതൽ നാലു ഗഡുക്കളായി ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥിര ജീവനക്കാർ, കണ്ടിജന്റ് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവരിൽ നിന്നും മാറ്റി വയ്ക്കപ്പെട്ട ശമ്പളമിനത്തിൽ നഗരസഭ ആകെ 28,77,089 /- രൂപ ഇതിലേക്കായി ആരംഭിച്ച എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ (നം. 799012900000985) ഒടുക്കുവരുത്തിയിട്ടുണ്ട്.

സ.ഉ.(അച്ചടി) നം. 43/2021/ധന തീയതി 26.02.2021 പ്രകാരം, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവയ്ക്കപ്പെട്ട ശമ്പളം 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളിലായി തിരികെ അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവയ്ക്കപ്പെട്ട തുക ഗഡുക്കളായി തിരികെ അനുവദിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന മാറ്റിവച്ച ശമ്പളം നഗരസഭയുടെ തനതു അക്കൗണ്ടിലേക്ക് (കാനറാബാങ്ക് അക്കൌണ്ട് നം 0716101060053) ട്രാൻസ്ഫർ ചെയ്തു ലഭ്യമായപ്പോൾ പ്രസ്തുത തുക ഒറ്റതവണയായി ചുവടെ ചേർക്കും പ്രകാരം ജീവനക്കാർക്ക് അനുവദിക്കുകയുണ്ടായി.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 480038 | 20.03.21 | 2525046<br>(കണ്ടിജന്റ് ജീവനക്കാർ, (റഗുലർ ജീവനക്കാർ) |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാറ്റിവയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ ഒറ്റത്തവണയായി തിരികെ അനുവദിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 19/18.07.2022 ) 5 തുല്യ ഗഡുക്കളായി 2021 ഏപ്രിൽ മാസം മുതൽ നൽകുന്ന വിഷയം ഉത്തരവിൽ പ്രതിപാദിച്ചിരുന്നത് പിന്നീടാണ് ശ്രദ്ധയിൽപ്പെട്ടതെന്നാണ് മറുപടി ലഭ്യമാക്കിയത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാറ്റിവയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ തിരികെ അനുവദിച്ചതിന് സർക്കാർ സാധൂകരണം നേടേണ്ടതും, ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-49 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ

| മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥ | തുക | വൗച്ചർ നം / തീയതി | ആവശ്യം |
|---|---|---|---|
| വിജയലക്ഷ്മി PWD | 10000 | 73/10.03.20 | കെട്ടിടം പൊളിക്കാൻ |

| | | | |
|---|---|---|---|
| വിജയലക്ഷ്മി അമ്മ PWD | 50000 | 36/05.12.2019 | റോഡ് മെയിന്റനൻസ് |
| ആകെ | 60000 | | |

ജി.ഒ(പി) നം.419/11 ഫിൻ തീയതി 04.10.2011 ഉത്തരവിൽ അഡ്വാൻസുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. നിശ്ചിത സമയത്തിനകം ബിൽ സമർപ്പിക്കാത്ത പക്ഷം സമയപരിധി അവസാനിച്ച ഉടനെ മുൻകൂറായി നൽകിയ മുഴുവൻ തുകയും ഒറ്റത്തവണയായി 18% പലിശ സഹിതം കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽനിന്നും തിരികെ ഈടാക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് പിഴപലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. തുക തിരികെ ഈടാക്കാൻ സാധിക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത മുൻകൂറുകളും നടപടിക്രമം പാലിച്ച് യഥാസമയം ക്രമീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/16.07.2022) ബന്ധപ്പെട്ട ജീവനക്കാർക്ക് യഥാസമയം നോട്ടീസ് നൽകിയിരുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-50 ആദായ നികുതി - അപാകതകൾ

(എ)ആദായനികുതിയിനത്തിൽ ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

ആദായ നികുതിയിനത്തിൽ ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും കുറവുചെയ്യുന്ന തുകയാണ് IT Deducted At Source- Municipal Fund എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ്, ഒടുക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഹെഡ് കോഡ് | മുന്നിരിപ്പ് | RP 29 പ്രകാരം വരവ് | അടവാക്കിയ തുക RP29പ്രകാരം | നീക്കിയിരിപ്പ് ബി9 |
|---|---|---|---|---|
| 350200201 IT Deducted At Source-Municipal Fund | 267537 | 47791 | 51030 | 301750 |

(ബി) ധനകാര്യപത്രിക പ്രകാരം 3,01,750/- രൂപ ആദായനികുതി അടവാക്കാൻ ബാക്കിയുണ്ട്. തുക യഥാസമയം അടവാക്കാത്തതിന് കാരണം വ്യക്തമല്ല.

(സി) ആദായനികുതിയുമായി ബന്ധപ്പെട്ട ഫയലിൽ ആദായനികുതി വകുപ്പിൽ നിന്നുള്ള അറിയിപ്പ് (18012021/00770/CD Dated 23.02.2021) പ്രകാരം നഗരസഭയ്ക്ക് ലഭ്യമായ ഇൻകം ടാക്സിനത്തിലെ 12,44,740/-രൂപയുടെ ഡിമാന്റ് നോട്ടീസ് സൂക്ഷിച്ചിട്ടുണ്ട്. ആദായനികുതിയിനത്തിൽ നഗരസഭാ കോൺട്രാക്ടർമാരിൽ നിന്നും ലഭിച്ച ആദായ നികുതിയുടെ TDS (26Q) യഥാസമയം ഫയൽ ചെയ്യാത്തതിനാലാണ് പ്രസ്തുത നോട്ടീസ് ലഭ്യമായിരിക്കുന്നതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭയ്ക്ക് ലഭ്യമാകുന്ന തുക യഥാസമയം സർക്കാരിലേയ്ക്ക് അടവാക്കേണ്ടതും റിട്ടേണുകൾ , തെറ്റുതിരുത്തൽ പത്രികകൾ ഫയൽ ചെയ്യേണ്ടതും നികുതി കുറവുചെയ്യുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ് (Deductor) . നോട്ടീസിന്റെ അടിസ്ഥാനത്തിൽ സത്യവാഗീശ്വരൻ ആന്റ് കോ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് 16.07.2021 ൽ നഗരസഭ സെക്രട്ടറിയ്ക്ക് (A1/3611/2012 Dated 25.06.2011) നൽകിയ കത്തിൽ TRACES സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് നഗരസഭയ്ക്ക് 6,13,730/- രൂപയുടെ ബാധ്യതയുണ്ടെന്നും പ്രസ്തുത ബാധ്യതയിൽ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യാത്തതിന്റെയും നികുതി തുക യഥാസമയം അടവാക്കാത്തതിന്റെയും പിഴകുടി ഉൾപ്പെട്ടിട്ടുണ്ടെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് പിഴയിനത്തിൽ നൽകേണ്ടുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വിശദാംശം | ഡിമാന്റ് തുക | ഡിമാന്റിനം |
|---|---|---|---|
| 2017-18 | 26Q1 | 54830 | Late Filing Levy |
| | 24Q4 | 256110 | Short Payment And Int |
| 2018-19 | 24Q1 | 9600 | Short Pay And Late Filing |

| | | | |
|---|---|---|---|
| | 24Q2 | 11610 | Late Filing Levy |
| | 24Q3 | 12600 | Late Filing Levy |
| | 26Q4 | 1340 | Int On Late Payment |
| 2019-20 | 24Q1 | 2000 | Late Filing Levy |
| | 26Q1 | 105590 | Late Filing Levy |
| | 24Q2 | 5500 | Late Filing Levy |
| | 26Q2 | 84040 | Int And Late Filing Levy |
| | 26Q3 | 41420 | Late Filing Levy |
| | 26Q4 | 29090 | Short Pay And Late Filing Levy |
| Total | | 613730 | |

എന്നാൽ നഗരസഭയുടെ Unconsumed Challan പ്രകാരം 6,67,652/- രൂപ ക്രമീകരിക്കാനവശേഷിച്ചിരുന്നു. നഗരസഭയുടെ അനുവാദത്തോടെ (ചെയർമാന്റെ നമ്പർ 25.07.21ലെ അനുമതി ) പിഴയിനത്തിൽ നൽകേണ്ട തുക 6,13,730/- രൂപ ഡിമാന്റ് നോട്ടീസിൽ ക്രമീകരിക്കുക യാണുണ്ടായത് .

Unconsumed Challan ഇനത്തിൽ തുക അവശേഷിച്ചിരുന്നതുകൊണ്ടാണ് ഫൈൻ ഇനത്തിലെ തുക അടവാക്കാൻ സാധിച്ചത്. പ്രസ്തുത തുക വിവിധ കാലയളവുകളിൽ നികുതിയിനത്തിൽ നഗരസഭ ആദായനികുതി വകുപ്പിലേയ്ക്ക് അടവാക്കിയിരുന്ന തുകയാണ്. ആയത് പിഴയിനത്തിൽ അടവാക്കേണ്ട തുകയ്ക്ക് വേണ്ടി ക്രമീകരിച്ചത് ക്രമ പ്രകാരമല്ല. (ചാർട്ടേർഡ് അക്കൌണ്ടന്റ് ലഭ്യമാക്കിയ കത്തിൽ തുക ക്രമീകരിച്ചതിനുശേഷം ഭാവിയിൽ ഏതെങ്കിലും നികുതിദായകന് (Assesse) ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം നോട്ടീസ് ലഭിക്കുകയാണെങ്കിൽ Unconsumed Challan പ്രകാരം തുക ക്രമീകരിക്കേണ്ടിവരുമെന്നും പിഴത്തുക നഗരസഭ അടവാക്കണമെന്നും അറിയിച്ചിട്ടുണ്ട്) . വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് എൻക്വയറി നമ്പർ 52 /21.07.2022) . വരവ് തുകകൾ അടവാക്കി റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്തിരുന്നോയെന്നതുൾപ്പെടെയുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-51 നഗരസഭയിൽ ജി.എസ്.റ്റി (ടി.ഡി.എസ് ) രജിസ്ട്രേഷൻ എടുത്തിട്ടില്ല.

സ.ഉ(അച്ചടി)നം 87/2017/തസ്വഭവ തീയതി 01.11.2017 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം ഡി എ1/87/2019-തസ്വഭവ തീയതി 08.09.2020പ്രകാരം എല്ലാ ഡി.ഡി.ഒ മാരും ടാക്സ് ഡിഡക്ടർ എന്ന നിലയ്ക്കുള്ള ജി.എസ്.ടി, ടി.ഡി.എസ് രജിസ്ട്രേഷനും എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയിൽ ജി.എസ്.ടി, ടി.ഡി.എസ് ഡിഡക്ടർ എന്ന നിലയ്ക്കുള്ള ജി എസ് ടി രജിസ്ട്രേഷനുകൾ എടുത്തിട്ടില്ല.

നഗരസഭയുടെ ധനകാര്യപത്രിക പ്രകാരം 2020-21 സാമ്പത്തിക വർഷം ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ വരവില്ല. രണ്ടര ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്നതും ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോഴും പ്രവൃത്തികൾ നടത്തുമ്പോഴുമാണ് ബില്ലിൽ ജി.എസ്.ടി, ടി.ഡി.എസ് കിഴിവ് വരുത്തേണ്ടത്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടുകളിൽ (ഉദാ- പ്രോജക്ട് നം 379,376,50,51) ജി.എസ്.ടി, ടി ഡി എസ് ഇനത്തിൽ തുക ഈടാക്കേണ്ടിയിരുന്നുവെങ്കിലും ഈടാക്കിയിട്ടില്ല. ജി.എസ്.ടി, ടി. ഡി. എസ് ഈടാക്കാത്തതിനാൽ ഈയിനത്തിൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ജി എസ് ടി രജിസ്ട്രേഷനുകൾ എടുക്കേണ്ടതുമാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/ 21.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-52 ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല

2003 കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ നഗരസഭാ നിവാസികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ നഗരസഭയ്ക്കും നഗരസഭാ കൗൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ നിന്നും പ്രത്യേകം വരവ് വച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. നഗരസഭയിൽ ഇത്തരത്തിൽ ഒരു നിധി രൂപീകരിച്ച്

ദേശസാത്കൃതബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് (കാനറാ ബാങ്ക് അക്കൗണ്ട് നം 0716201001125) ആരംഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിധിയെ സംബന്ധിച്ച വരവ് ചെലവുകണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2020-21വർഷം ഈ അക്കൗണ്ടിൽ നിന്നും ധനസഹായം നൽകിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് നീക്കിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0716201001125 | 4651 | 215500 | 132 | 22019 |

ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ധന സമാഹരണം നടത്തുന്നതിനും, ദുരതമനുഭവിക്കുന്നവർക്ക് സഹായം അനുവദിക്കുന്നതിനും, സബ്കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം ഭരണ സമിതിയുടെയും, ഇതിനായി രൂപീകരിക്കേണ്ട സബ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം 58/ 21.07.2022)

## 1-53 ബാധ്യതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കുന്നില്ല.

ബാധ്യതയിനത്തിൽ മുൻവർഷങ്ങളിൽ നിലനിൽക്കുന്ന ബാധ്യതയുൾപ്പെടെയുള്ള തുകകൾ തൻവർഷവും അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ

| ഇനം, ശീർഷകം | നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ്2019-20 | നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ്2020-21 |
|---|---|---|
| 350200106 Co Operative Recovery | 86310 | 114600 |
| 350200129 Contributory Pension | 106879 | 1663278 |
| 350200201 IT Deducted At Source-Municipal Fund | 267537 | 301750 |
| 350300100- Library Cess Payable | 4796348.15 | 5745322.15 |
| 350300400- VAT Payable | 78974 | 148164 |

ബാധ്യത തുകകൾ യഥാസമയം അടവാക്കി ധനകാര്യപത്രികയിൽ കൃത്യമായി രേഖപ്പെടുത്തി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54 ഹഡ്കോ വായ്പ- ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

ഹഡ്കോ വായ്പയിനത്തിലെ തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക എന്നിവ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി, വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ ( രജിസ്റ്റർ പ്രകാരം ) | ലഭ്യമായില്ല 231400000 | 184640000 | 28400000 | *13240001 | #199799999 |

#ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 21,30,40,000/- ആണ്.

സ.ഉ (സാധാ) നം 43/2020/ധന തീയതി 01.01.21, സ.ഉ (സാധാ) നം 4461/2020/ധന തീയതി 03.08.2020 എന്നീ

ഉത്തരവുകൾ പ്രകാരം ജി.ഒ പ്രോജക്ടുകൾ മുഖേന ഹഡ്കോ ലോൺ തിരിച്ചടവിനത്തിൽ 13240,001/- രൂപ സൂലേഖയിൽ രൂപീകരിക്കേണ്ടിയിരുന്നു. ആയത് തയാറാക്കിയിട്ടില്ല. പ്രസ്തുത ചെലവുകൾ സാംഖ്യയിലും ബുക്ക് ചെയ്തിട്ടില്ല ( Loan From KURDFC) . അപാകതകൾ പരിഹരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-55 മഴക്കാല പൂർവശുചീകരണം - വിനിയോഗസാക്ഷ്യപത്രം , ചെലവുരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ- ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

പ്രോജക്ട് നം -17/21, മഴക്കാല പൂർവശുചീകരണം

അടങ്കൽ - 250000 ( പൊതുവിഭാഗം വികസനഫണ്ട്)

ചെലവ് - 220000 (ബിൽ നം 11/14.08.20 )

മഴക്കാല ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധപ്രവർത്തനങ്ങളും സമയബന്ധിതമായി നടത്തേണ്ടതുള്ളതിനാൽ നഗരസഭവിഹിതമായി നൽകാനുള്ള തുക തനത് ഫണ്ടിൽ നിന്നും നഗരസഭയുടെ 44 സാനിറ്റേഷൻ കമ്മിറ്റികൾക്കും നൽകുകയും തുടർ പ്രോജക്ട് പ്രകാരമുള്ള തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തിട്ടുള്ളതുമാണ്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കുലർ നം 46/ഡി.സി1/2020 തസ്വഭവ തീയതി 05.02.2020 പ്രകാരം നഗരസഭകൾക്ക് മഴക്കാല പൂർവശുചീകരണത്തിനായി ചെലവഴിക്കാവുന്ന പരമാവധി തുക 25,000/-ആണ് . ( ശുചിത്വമിഷൻ വിഹിതം 10,000/-, എൻ എച്ച് എം വിഹിതം 10,000/-രൂപ തനത് ഫണ്ട് 5000/-രൂപ) . തൻവർഷം ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ബിൽ ബുക്ക് ( നം 24239) പ്രകാരം ബിൽ നം 4/30.06.20 പ്രകാരം 440000/- ബിൽനം (രേഖപ്പെടുത്തിയിട്ടില്ല), Pre Monsoon Sanitation 28.12.2020 പ്രകാരം 440000- രൂപ എന്നിങ്ങനെ ആകെ 880000/- രൂപ പിൻവലിച്ച് കാനറാബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.) പ്രോജക്ടിൽ തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

നഗരസഭ ഹെൽത്ത് സൂപ്പർവൈസറുടെ 11.08.2020 ലെ നമ്പർ എച്ച് 1/10774/2020 നമ്പർ ഉത്തരവ് പ്രകാരം 44 വാർഡുകളിലും സമയബന്ധിതമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി വാർഡ് ഒന്നിന് 5000/- രൂപ വച്ച് വാർഡുതല ശുചിത്വാരോഗ്യപോഷണകമ്മിറ്റികൾക്ക് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 68/21.07.2022).

## 1-56 തൊഴിൽ നികുതിയിനത്തിൽ ലഭ്യമായ തുക പണമാക്കാനായില്ല- നഷ്ടം 25600/- രൂപ

നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാബാങ്ക് അക്കൗണ്ട്) റീകൺസിലിയേഷൻ പത്രികയിൽ ( മാർച്ച് 2021) രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമാക്കിയില്ല.

| ചെക്ക് നം | തീയതി | തുക | രസീത് നം | വരവിനം |
|---|---|---|---|---|
| 437987 | 25.02.2019 | 9350 | 118160400061 | തൊഴിൽ നികുതി, മാനേജർ ഇൻഡ്യൻ ഓവർസീസ് ബാങ്ക് , നെയ്യാറ്റിൻകര |
| 161727 | 06.02.2019 | 16250 | 118160500246 | തൊഴിൽ നികുതി, മാനേജർ എസ് ബി ഐ , ഠൌൺ |

2019ൽ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുക പണമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയില്ല ( ഓഡിറ്റ് അന്വേഷണം നം 25). കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 പ്രകാരം തുടർനടപടികൾ സ്വീകരിച്ച് തുക തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-57 ചെലവുരേഖകൾ ലഭ്യമാക്കിയില്ല- 8,39,648/- രൂപ തടസ്സപ്പെടുത്തുന്നു

തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാബാങ്ക്) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകയുടെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ബാങ്കിൽ നിന്നും പിൻവലിച്ച തീയതി | തുക | കുറിപ്പ് |
|---|---|---|
| 21.01.21 | 122908 | Online Cheque Return |
| 05.12.20 | 83200 | Cash Cheque |
| 30.09.20 | 97317 | Municipality Chq 68310 |
| 25.09.20 | 200 | TDS Cash Wdl |
| 29.09.20 | 34 | Tds Cash Wdl |
| 18.09.20 | 109 | Tds Cash Wdl |
| 11.09.20 | 4000 | Tds Cash Wdl |
| 04.09.20 | 2916 | Tds Cash Wdl |
| 04.09.20 | 489364 | Online Cheque Return |
| 04.04.20 | 39600 | Neft Return |
| ആകെ | 839648 | |

മേൽ പരാമർശിച്ച ചെലവുകൾ നഗരസഭ സെക്രട്ടറിയുടെ അംഗീകാരമില്ലാതെയാണ് ചെയ്തിരിക്കുന്നത്. (തുകകളുടെ പിൻവലിക്കലിന്റെ വിശദാംശം ക്യാഷ്ബുക്ക്/ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല). നഗരസഭയുടെ അനുമതിയില്ലാതെ ബാങ്ക് തുക പിൻവലിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 8,39,648/- രൂപ തടസ്സപ്പെടുത്തുന്നു. തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കുകയോ ചെലവുരേഖകൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-58 ബാങ്ക് അക്കൗണ്ട് മുഖേനയുള്ള വരവും സഞ്ചയ ഇ- പേയ്മെന്റ് ഓൺലൈൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ 2020-21ലെ വരവ് 7,95,889/- രൂപയാണ്. എന്നാൽ സഞ്ചയ ഇ- പേയ്മെന്റ് ഓൺലൈൻ ലോഗിനിൽ നിന്നുള്ള Consolidated സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ലെ വരവ് 8,40,207/-രൂപയാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകത കാരണമാണ് ഇ-പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തുകയിൽ വ്യത്യാസമുണ്ടാകുന്നതെന്നാണ് അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 25) മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും നിലവിലെ അപാകത പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-59 നഗരസഭയുടെ അനുമതിയില്ലാതെ അക്കൗണ്ടിൽ നിന്നും 8225.13/- രൂപ കുറവു ചെയ്ത- തുക തിരികെ ലഭ്യമായിട്ടില്ല

ഇൻഡ്യൻ ഓവർസീസ് ബാങ്ക് സാക്ഷരത (044501000010268) അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 29.03.2021 ൽ SBA Unclaimed Deposit ഇനത്തിൽ 8225.13/- രൂപ കുറവു ചെയ്തിരിക്കുന്നു. തുക പിൻവലിച്ചതിനാധാരമായ രേഖകളൊന്നും ലഭ്യമായിരുന്നില്ല. സ്ഥാപനത്തിന്റെ അംഗീകാരമില്ലാതെ ബാങ്ക് സ്വമേധയാ അക്കൗണ്ടിൽ നിന്നും തുക കുറവ് ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അടിയന്തിരമായി 8225.13/- രൂപ ബാങ്കിൽ

നിന്നും തിരികെ ഈടാക്കേണ്ടതും നിഷ്ക്രിയമായി തുടരുന്ന അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പണമിടപാടുകൾ ഒന്നും ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ടി അക്കൗണ്ട് ക്ലോസ് ചെയ്ത് ടി തുക ബാങ്കിന്റെ ഹെഡോഫിസീൽ ക്രഡിറ്റ് ചെയ്തതെന്നും നഗരസഭസെക്രട്ടറി കത്ത് നൽകുന്ന മുറയ്ക്ക് പുതിയ അക്കൗണ്ട് ആരംഭിച്ച് ടി തുക Unclaimed Balance ആയി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുമെന്നും അടിയന്തിരമായി ബാങ്കിന് കത്ത് നൽകി ടി തുക റീക്ലപ്പ് ചെയ്യുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25) മറുപടി ലഭ്യമാക്കി.

## 1-60 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അപാകങ്ങൾ

അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) പാസ് ബുക്ക്, കാഷ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യപത്രികയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ) | ക്രമീകരിക്കാനുള്ളത് |
|---|---|---|---|---|---|
| 872807 | കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല | കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല | 519448 | 4621173.50 | 4101725 |

അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് (AUEGS) ഭരണചെലവുകൾ എന്നയിനത്തിൽ ലഭിക്കുന്ന വരവുകൾ കാനറാബാങ്കിന്റെ 0716101060054 എന്ന അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 സാമ്പത്തിക വർഷം ലഭിച്ചിരിക്കുന്ന എല്ലാ വരവുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
.ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൌണ്ടിൽ 4621173.50 രൂപ നീക്കിയിരിപ്പുണ്ട്. ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

.ചുവടെ ചേർക്കുന്ന ചെലവിന്റെ വിവരം AUEGSകാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| കാനറാ ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം 0716101060054) പ്രകാരം പിൻവലിച്ച തുക | തീയതി | ചെക്ക് നം | തുക ലഭിച്ച വ്യക്തി | ചെലവിനം |
|---|---|---|---|---|
| 97137 | 05.10.2020 | ലഭ്യമല്ല | സെക്രട്ടറി (അക്കൗണ്ട് നം 0716101060053) | ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |

മേൽ ചെലവിനാധാരമായ വൗച്ചറുകൾ, ബില്ലുകൾ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പരിഷ്കരിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ സ.ഉ(കൈ) നം2 16 / 2017/ ത.സ്വ.ഭ.വ തീയതി 03.11.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഖണ്ഡിക 9.6.ii പ്രകാരം നഗരസഭകൾ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച ചെലവിന് കൗൺസിൽ അംഗീകാരം ലഭ്യമായിട്ടില്ല. ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെ 97,137/- രൂപ കുറവുചെയ്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 15,14/18.07.2022 ) കാനറാബാങ്കിന്റെ തെറ്റായ രേഖപ്പെടുത്തൽ കാരണം ടി തുക നഗരസഭാ സെക്രട്ടറിയുടെ മറ്റൊരു അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം 0716101060053) പോയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. തെറ്റായി ബാങ്ക് പിൻവലിച്ച തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കി AUEGS തനത് ഫണ്ട് കാനറാബാങ്ക് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

.ഖണ്ഡിക 12.3 പ്രകാരം പദ്ധതിയുടെ ധനകാര്യ ഓഡിറ്റ് നിർബന്ധമാണ്. ഇപ്രകാരമുള്ള ഓഡിറ്റ് നടത്തിയിട്ടില്ല. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾ ചാർട്ടേർഡ് അക്കൌണ്ടന്റ് മുഖേന ഓഡിറ്റ് ചെയ്യുന്നതിന് 24.07.2020 ൽ നഗരസഭ ചെയർമാന്റെ അനുവാദം ലഭ്യമായിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

. ഖണ്ഡിക 10 പ്രകാരം പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സംബന്ധിച്ച രജിസ്റ്റർ മുനിസിപ്പൽ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-61 മരാമത്ത് പ്രവർത്തികളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

1)സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ74/23.7.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. മുനിസിപ്പാലിറ്റി നിർവഹണം നടത്തിയ റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം74/തീയതി-23.7.22) മറുപടി ലഭ്യമാക്കിയില്ല.

3) 2020-21 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ ഭൂരിഭാഗം മരാമത്ത് പ്രവൃത്തി ഫയലുകളിലും Site Plan, എസ്റ്റിമേറ്റ് റിപ്പോർട്ട് ഇവ ഉൾപ്പെടുത്തിയിട്ടില്ല . കൂടാതെ സെലക്ഷൻ നോട്ടീസ് നൽകിയ തീയതി/ അയച്ച തീയതി, കൈപ്പറ്റിയ തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 20.10.2020 തീയതിയിലെ നം-ഇ4/10421/2020/സി.ഇ/ ത.സ്വ.ഭ.വ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാർ ഒപ്പ് വയ്ക്കുന്ന വേളയിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തി സംബന്ധിയായ ഫയലുകളിൽ സർക്കാർ നിർദ്ദേശിക്കുന്ന രേഖകളും, വിവരങ്ങളും ഉൾക്കൊള്ളിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4)ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-62 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില-തിരികെ ഈടാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം വരെ ഇ - ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഡിമാൻറ് ചെയ്ത് ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി തുക ലഭ്യമാക്കി മുനിസിപ്പൽ ഫണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-63 ചെളിമണ്ണ് ലേലം -തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നെയ്യാറ്റിൻകര നഗരസഭ കുളങ്ങളുടെ നവീകരണം എന്ന പ്രോജക്ടിൽ ഉൾപ്പെട്ട ഇളവനിക്കര വാർഡിലെ 2 കുളത്തിൽ നിന്നും നീക്കം ചെയ്ത 974 ക്യൂബിക്ക് മീറ്റർ ചെളി മണ്ണ് ലേലം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച 3 ക്വട്ടേഷനുകളിൽ കൂടിയ നിരക്ക് (171/m3) ക്വാട്ട് ചെയ്ത ശ്രീ ആൽബർട്ട് തട്ടാൻവിള വീട്, മാമൂട്ടിക്കട, നട്ടാലം മാർത്താണ്ഡം എന്ന വ്യക്തിക്ക് 30.08.2019-ലെ തീരുമാനം നം-6 പ്രകാരം നൽകുകയുണ്ടായി. ക്വട്ടേഷൻ അംഗീകരിച്ചത് പ്രകാരം 974 ക്യൂബിക് മീറ്റർ ചെളി മണ്ണിന് 171/- രൂപ നിരക്കിൽ 166554/- രൂപ നഗരസഭക്ക് ലഭിക്കേണ്ടതുണ്ട്. പ്രസ്തുത തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-98/2022-ന് മറുപടി ലഭ്യമാക്കിയില്ല. തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-64 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 24/21 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 1250000 |
| ചെലവ് തുക | 625000 |
| ബിൽ നം/തീ | 06/20-21 തീ-13.03.01.2021 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം മുനിസിപ്പാലിറ്റി വിഹിതമായി 50 ഗുണഭോക്താക്കൾക്ക് 12500/- രൂപ നിരക്കിൽ 625000/- രൂപ കൈമാറിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ. (കൈ) നം-22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 )ഖണ്ഡിക 6.2.6 പ്രകാരം മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിക്കണം. എന്നാൽ സബ്സിഡി നൽകിയ ഗുണഭോക്താക്കളിൽ കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ഉൾപ്പെട്ടിട്ടുള്ള 4 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത അപാകതയ്ക്ക് നൽകിയ മറുപടിയിൽ മുനിസിപ്പാലിറ്റി പരിധിയിൽ നെയ്യാറ്റിൻകര മൃഗാശുപത്രി,പെരുംമ്പഴുതൂർ മൃഗാശുപത്രി,ആറാലുംമൂട്, ഇരുമ്പിൽ, ഓലത്താന്നി, ചായ്ക്കോട്ടുക്കോണം എന്നീ നാല് സബ്സെന്ററുകളിൽ നിന്ന് ക്രോഡീകരിച്ച ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്.(ഓഡിറ്റ് അന്വേഷണം നം-5/22) എന്നാൽ പ്രസ്തുത മറുപടി സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 50 കന്നുകുട്ടികളെ എൻറോൾ ചെയ്തതിൽ നിന്നും 1 കന്നുകുട്ടി/കാളക്കുട്ടിയെ പദ്ധതിയിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കിയ കന്നുകുട്ടി/കാളക്കുട്ടിക്കായി കൈമാറിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18, 2018-19, 2019-20 ഈ ഇനത്തിൽ നൽകിയ തുകയുടെ വിനിയോഗ വിവരം സംബന്ധിയായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ആരംഭിച്ച വർഷം | കൈമാറിയ തുക, | ചെലവഴിച്ച തുക | ചെലവഴിക്കാതെ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| 2017-18 | 731250 | 667265 | 63985 | 01.08.2020 |
| 2018-19 | 625000 | 589501 | 35499 | 01.02.2021 |
| 2019-20 | 625000 | 577706 | 47294 | 13.03.2022 |

ആയതിനാൽ മേൽപറഞ്ഞ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിക്കാതെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-65 സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരം സ്ഥാപനത്തിന് കൈമാറി

| | |
|---|---|
| പ്രോജക്റ്റ് നം | 33/21 |
| പ്രോജക്റ്റിന്റെ പേര് | സമഗ്ര വാഴകൃഷി വികസനം |
| അടങ്കൽ തുക | 2559742 |
| ചെലവ് തുക | 1600000 |

| | |
|---|---|
| ബിൽ നം/തീ | 19/20-21 100000/- തീ-20.02.2021<br>23/20-21 1500000/- തീ-17.03.2021 |
| നിർവ്വഹണം | കൃഷി ഓഫീസർ പെരുംമ്പഴൂർ കൃഷിഭവൻ |

2.

| | |
|---|---|
| പ്രോജക്റ്റ് നം | 165/21 |
| പ്രോജക്റ്റിന്റെ പേര് | സമഗ്ര വാഴകൃഷി വികസനം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 2459742 |
| ചെലവ് തുക | 1500000 |
| ബിൽ നം/തീ | 01/20-21 877485/- തീ-21.04.2020<br>02/20-21 463916/- തീ-21.04.2020<br>03/20-21 158599/- തീ-21.04.2020 |
| നിർവ്വഹണം | കൃഷി ഓഫീസർ പെരുംമ്പഴൂർ കൃഷിഭവൻ |

3.

| | |
|---|---|
| പ്രോജക്റ്റ് നം | 39/21 |
| പ്രോജക്റ്റിന്റെ പേര് | സമഗ്ര വാഴകൃഷി വികസനം |
| അടങ്കൽ തുക | 2459742 |
| ചെലവ് തുക | 1500000 |
| ബിൽ നം/തീ | 06/20-21 1500000/- തീ-06.03.2021 |
| നിർവ്വഹണം | കൃഷി ഓഫീസർ നെയ്യാറ്റിൻകര കൃഷിഭവൻ |

4.

| | |
|---|---|
| പ്രോജക്റ്റ് നം | 182/21 |
| പ്രോജക്റ്റിന്റെ പേര് | സമഗ്ര വാഴകൃഷി വികസനം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 2411188 |
| ചെലവ് തുക | 1451446 |
| ബിൽ നം/തീ | 01/20-21 1451446/- തീ-21.04.2020 |
| നിർവ്വഹണം | കൃഷി ഓഫീസർ നെയ്യാറ്റിൻകര കൃഷിഭവൻ |

പ്രോജക്റ്റിന്റെ പേര് വാഴകൃഷി വികസനം എന്നാണെങ്കിലും കൃഷിക്കാർക്ക് വാഴത്തൈകൾ വാങ്ങി നൽകിയിട്ടില്ല. വാഴകൃഷി ചെയ്യുന്നതിന് വളം വാങ്ങുന്നതിനാണ് പ്രോജക്റ്റ് തുക ചെലവഴിച്ചിട്ടുള്ളത്. കർഷകർക്ക് (33/21) (165/21) എന്നീ പ്രോജക്റ്റുകൾക്ക് വളം നൽകിയ ഇനത്തിൽ 1500000 /- രൂപ വീതം ആകെ 3000000/-രൂപയും ,(39/21) (182/21)എന്നീ പ്രോജക്റ്റുകൾക്ക് യഥാക്രമം 1500000 /- , 1451446/- ആകെ 2951446/-രൂപ വെൺപകൽ സർവീസ് സഹകരണ ബാങ്കിന് (അക്കൗണ്ട് നം-020021201800028) നൽകിയിട്ടുണ്ട്. സർക്കുലർ നം ഡി.എ1/553 /2010/ത.സ്വ.ഭ.വ തീയതി 30.07.2018 പ്രകാരം രാസവളങ്ങൾ സഹകരണസംഘങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഇങ്ങനെ വളം വാങ്ങിയതിന് ശേഷം അസ്സൽ ബിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് മാർഗ്ഗരേഖയിൽ (സ.ഉ (കൈ) നം 22/2018/ത സ്വ ഭ വ തിരുവനന്തപുരം തീ യതി 14.02.2018) പറയും പ്രകാരം അനുവദനീയമായ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വളം കൃഷി ആവശ്യത്തിന് ഗുണഭോക്താവ് ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി വിവിധയിനം വളങ്ങൾ വാങ്ങിയതിന് സർവീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക കൈമാറിയിരിക്കുന്നത്. തുകയുടെ കൈപ്പറ്റ് രസീത് ബാങ്കിന്റെ പാസ്ബുക്ക് ഡീറ്റയിൽസ് എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം-75/2022,77/22

എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-66 സാക്ഷരത തുല്യതപരിപാടി -അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 384/21 |
| പ്രോജക്റ്റിന്റെ പേര് | സാക്ഷരത തുല്യതപരിപാടി(സ്പിൽ ഓവർ) |
| അടങ്കൽ തുക | 400000 |
| ചെലവ് തുക | 214560 |
| ബിൽ നം/തീ | 03/20-21 30110/- തീ-23.04.20, 13/20-21 97500/- 13.011.20, 14/20-21 86950/- തീ-13.11.20 |
| നിർവ്വഹണം | പ്രിൻസിപ്പാൾ |

പത്താം തരം തുല്യത കോഴ്സിനായി 47 പഠിതാക്കൾക്ക് 1850/- നിരക്കിൽ 86950/- രൂപ സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിനായി 39 പഠിതാക്കൾക്ക് 2500/- രൂപ നിരക്കിൽ 97500/- രൂപ സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും വിദ്യാർത്ഥികളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കോഴ്സിനുള്ള പ്രോസ്പെക്ടസ് പ്രകാരം നിലവിൽ പത്താം തരം, ഹയർസെക്കന്ററി തുല്യത കോഴ്സിൽ പങ്കെടുക്കുന്നവർക്കും, എട്ട് മുതൽ ഹയർസെക്കന്ററി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ടി കോഴ്സിന് ചേരാവുന്നതാണ്.എന്നാൽ രജിസ്ട്രേഷൻ ഫീസ്,കോഴ്സ് ഫീസ് എന്നീയിനങ്ങളിൽ 2000/- രൂപ അടച്ചാൽ മതിയാകും. എന്നാൽ വിദ്യാർത്ഥികൾക്കും (5 പേർക്ക്) 2500/- നിരക്കിൽ ഫീസ് ഒടുക്കിയിട്ടുണ്ട്.

3.പഠനോപകരണങ്ങൾ വാങ്ങിയ വകയിൽ 30110/- രൂപ ചെലവഴിച്ചിട്ടുണ്ട്. 31.10.2019-ലെ പി.എസ് പ്രിന്റേഴ്സിന്റെ ബില്ലിൽ പഠനോപകരണങ്ങൾ ഇനം,എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.പഠനോപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-/2022-ന് മറുപടി ലഭ്യമാക്കിയില്ല.
മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-67 മരുന്നുകൾ വിതരണം ചെയ്തതിൽ കാലതാമസം

പദ്ധതി നമ്പർ: 418
പദ്ധതിയുടെ പേര്: പാലിയേറ്റീവ് കെയർ യൂണിറ്റ്
അടങ്കൽ തുക: 19,56,110/-
ചെലവ് തുക: 19,49,500/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി:1/2020-21, 27.04.2020
നിർവ്വഹണം : മെഡിക്കൽ ഓഫീസർ, പി എച്ച് സി

മേൽ പദ്ധതി പ്രകാരം ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 75,000 രൂപ 27.04.2020ൽ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | മരുന്നുകൾ ലഭ്യമായ തീയതി | തുക |
|---|---|---|
| 90234936 | 30.11.2021 | 40,440 |
| 90238222 | 27.12.2021 | 24,320 |
| 90245055 | 03.02.2022 | 6794 |
| 90252031 | 25.03.2022 | 3446 |
| | ആകെ | 75,000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ ഔഷധിയുമായി 29.04.2020 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാം നിബന്ധന പ്രകാരം തുക കൈമാറി 60 ദിവസത്തിനകം മരുന്നുകൾ വിതരണം ചെയ്യുമെന്നും, അല്ലെങ്കിൽ നഷ്ടോത്തരവാദിത്തം ഔഷധി വഹിക്കുമെന്നുമാണ് ഉള്ളത്. എന്നാൽ പ്രസ്തുത കരാറിനു വിരുദ്ധമായി രണ്ട് വർഷത്തിനകമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-68 സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് വരുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 387/21 |
| പ്രോജക്ടിന്റെ പേര് | ഗവ.ഗേൾസ് എച്ച്.എസിൽ ക്യാമറ സ്ഥാപിക്കൽ(സ്പിൽ ഓവർ) |
| അടങ്കൽ തുക | 450000 |
| ചെലവ് തുക | 448500 |
| ബിൽ നം/തീ | 02/20-21 തീ-23.04.20 |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

2.

| | |
|---|---|
| പ്രോജക്ട് നം | 189/21 |
| പ്രോജക്ടിന്റെ പേര് | ഹയർസെക്കന്ററി സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ(സ്പിൽ ഓവർ) |
| അടങ്കൽ തുക | 500000 |
| ചെലവ് തുക | 474790 |
| ബിൽ നം/തീ | 01/20-21 തീ-23.04.20, |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

3.

| | |
|---|---|
| പ്രോജക്ട് നം | 515/21 |
| പ്രോജക്ടിന്റെ പേര് | നെയ്യാറ്റിൻകര ജെ.ബി.എസി-ൽ സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ തുക | 475000 |
| ചെലവ് തുക | 472000 |
| ബിൽ നം/തീ | 07/20-21 തീ-08.09.20, |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

4.

| | |
|---|---|
| പ്രോജക്ട് നം | 516/21 |
| പ്രോജക്ടിന്റെ പേര് | ശാസ്താംതല യു.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ തുക | 475000 |
| ചെലവ് തുക | 472000 |
| ബിൽ നം/തീ | 08/20-21 തീ-28.08.20, |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

5.

| | |
|---|---|
| പ്രോജക്ട് നം | 517/21 |
| പ്രോജക്ടിന്റെ പേര് | അതിയന്നൂർ യു.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ തുക | 475000 |
| ചെലവ് തുക | 472000 |
| ബിൽ നം/തീ | 09/20-21 തീ-28.08.20, |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

പ്രസ്തുത പ്രോജക്ടുകൾക്കായി ടെൻഡർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത എയ്റോ സോഫ്റ്റ് കമ്പ്യൂട്ടർ സെയിൽസ് &സർവീസസ് ബാലരാമപുരം എന്ന സ്ഥാപനത്തിന്റെ ടെൻഡറുകൾ അംഗീകരിക്കുകയും ഉപകരണങ്ങൾ ലഭ്യമാക്കിയതിനാൽ തുക നൽകുകയും ചെയ്തു.

6.

| | |
|---|---|
| പ്രോജക്ട് നം | 514/21 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ സൗണ്ട് സിസ്റ്റം(സ്പിൽ ഓവർ) |
| അടങ്കൽ തുക | 375000 |
| ചെലവ് തുക | 368311 |
| ബിൽ നം/തീ | 10/20-21 തീ-28.08.20, |
| ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനം | വൈഗ ഇൻഫോ സൊല്യൂഷൻസ് ധനുവച്ചപുരം |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

7.

| | |
|---|---|
| പ്രോജക്ട് നം | 58/21 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ വൈറ്റ് ബോർഡ് |
| അടങ്കൽ തുക | 500000 |
| ചെലവ് തുക | 499800 |
| ബിൽ നം/തീ | 11/20-21 തീ-15.09.20, |
| ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനം | ട്രാവൻകൂർ ഏജൻസീസ് തകരപറമ്പ് , തിരുവനന്തപുരം |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |

പ്രസ്തുത പ്രോജക്ടുകൾക്കായി ടെൻഡർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത മേൽ പരാമർശിത സ്ഥാപനങ്ങളുടെ ടെൻഡറുകൾ അംഗീകരിക്കുകയും ഉപകരണങ്ങൾ ലഭ്യമാക്കിയതിനാൽ തുക നൽകുകയും ചെയ്തു.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013(ജി.ഒ(പി) നം.03/2013/ എസ്.പി.ഡി തീയതി 21.06.2013) ഖണ്ഡിക 9.61 പ്രകാരം കരാറുക്കാരനുമായി വിതരണ നിബന്ധനകളും കരാർ ലംഘനത്തിന് മേലുള്ള നിയമനടപടികളും ഉൾപ്പെടുന്ന ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.എന്നാൽ അത്തരത്തിൽ കരാറിലേർപ്പെട്ടതായി കാണുന്നില്ല. സ.ഉ (സാധാ)നം-3947/2019/പൊ.വി.വ തീയതി 27.09.2019 പ്രകാരം സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ലാപ്ടോപ്പ് , പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ എന്നിവ വാങ്ങുമ്പോൾ 5 വർഷ വാറന്റി ഉറപ്പാക്കണം. ഇത്തരത്തിൽ വാറന്റി ഉറപ്പാക്കിയിട്ടില്ല.

ജി.എസ്.ടി.ആക്ട് 2017 51(1) പ്രകാരം കരാറു മുഖേനയുള്ള വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 2% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.എന്നാൽ അത്തരത്തിൽ മേൽ പ്രോജക്ടുകളിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ഇൻവോയിസ് പ്രകാരം നൽകിയ തുക | നികുതി കണക്കാക്കുന്നതിനുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി,എസ്.ടി തുക(2%) |
|---|---|---|---|
| 387/21 | 448500/-(74/19.03.2020) | 381550/- | 7631/- |
| 189/21 | 474790/-(72/11.03.20) | 398983/- | 7979/- |
| 515/21 | 472000/-(5/25.08.2020) | 397126/- | 7942 |

| | | | |
|---|---|---|---|
| 516/21 | 472000/- (3/25.08.2020) | 397126 | 7942 |
| 517/21 | 472000/- | 397126 | 7942 |
| 514/21 | 368311/-(5/26.08.2020) | 309505 | 3095/- |
| 58/21 | 499800/-(CR-323/08.09.20) | 499800 | 8484/- |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം- 33/2022, 34/2022 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി കുറവ് ചെയ്യേണ്ടിയിരുന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ് നഷ്ടം-25600/

നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാബാങ്ക് അക്കൗണ്ട്) റീകൺസിലിയേഷൻ പത്രികയിൽ ( മാർച്ച് 2021) രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമാക്കിയില്ല.

| ചെക്ക് നം | തീയതി | തുക | രസീത് നം | വരവിനം |
|---|---|---|---|---|
| 437987 | 25.02.2019 | 9350 | 118160400061 | തൊഴിൽ നികുതി, മാനേജർ ഇൻഡ്യൻ ഓവർസീസ് ബാങ്ക് , നെയ്യാറ്റിൻകര |
| 161727 | 06.02.2019 | 16250 | 118160500246 | തൊഴിൽ നികുതി, മാനേജർ എസ് ബി ഐ , ഠൌൺ |

2019ൽ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുക പണമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയില്ല ( ഓഡിറ്റ് അന്വേഷണം നം 25) . കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 പ്രകാരം തുടർനടപടികൾ സ്വീകരിച്ച് തുക തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്--64354/നിരാകരിക്കുന്നു.

| പദ്ധതിയുടെ പേരും നമ്പരും | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (204/21) |
|---|---|
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 3,71,549/-<br>1,28,190/- |
| ബിൽനം തീയതി | 2/15.5.2020<br>18/12.11.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

നഗരസഭയിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിന്റെ ഭാഗമായി ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾചുവടെ ചേർക്കുന്നു.

1. അടങ്കൽ തുക 5,00,000/- രൂപ വരുന്ന പദ്ധതിയായിട്ടും ഇ-ടെൻഡർ നടപടി സ്വീകരിച്ചില്ല.

2. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ രജിസ്ട്രേഷൻ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ഇലക്ട്രിക്കൽ സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം 3055/D.A.3/2011/LSGD, 15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

4. അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്ററും, കേടായ സാധനങ്ങൽ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

5. രണ്ട് ബില്ലുകളിലായി 1784 ട്യൂബ് ലൈറ്റുകളും 41 സോഡിയം വേപ്പർ ലാമ്പുകളും മെയിന്റനൻസ് നടത്തിയതിന് തുക നൽകിയിരിക്കുന്നു. രാമേശ്വരം, പനങ്ങാട്ടുകര, ബ്രഹ്മപുരം, പ്ലാവിള, നിലമേൽ, തവരവിള, കൌളാകുളം എന്നീ വാർഡുകളിൽ മെയിന്റനൻസ് നടത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എന്നാൽ പ്രവൃത്തിയുടെ എം ബുക്കിൽ (നം 165/19-20), ഫസ്റ്റ് ആന്റ് പാർട്ട് ബിൽ പ്രകാരം 27 വാർഡുകളിലായി 1266 ട്യൂബ് ലൈറ്റ് മെയിന്റനൻസ് നടത്തിയെങ്കിലും 1313 ട്യൂബ് ലൈറ്റ് മെയിന്റനൻസ് നടത്തിയതായി കാണിച്ച് തുക നൽകിയതിനാൽ 47 ട്യൂബുകൾക്ക് അധികം മെയിന്റനൻസ് ചാർജ്ജ് നൽകിയിരിക്കുന്നു. കൂടാതെ മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ ജി എസ് റ്റി കോമ്പൻസേഷൻ 12% നിരക്കിൽ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എം ബുക്ക് പ്രകാരം നൽകിയ തുക

| | |
|---|---|
| ട്യൂബ് ലൈറ്റുകളുടെ മെയിന്റനൻസ് 1784 Nos @ 230/- | 410320 |
| സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് 41 Nos @ 875/- | 35875 |
| ആകെ | 446195 |
| ജി എസ് റ്റി കോമ്പൻസേഷൻ @ 12% | 53544 |
| | 499739 |

നൽകാവുന്ന തുക

| | |
|---|---|
| ട്യൂബ് ലൈറ്റുകളുടെ മെയിന്റനൻസ് 1737 Nos @ 230/- | 399510 |
| സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് 41 Nos @ 875/- | 35875 |
| ആകെ | 435385 |
| അധികം നൽകിയ തുക | 64354 |

എം ബുക്ക് പ്രകാരം 1737 ട്യൂബ് ലൈറ്റുകളാണ് മെയിന്റനൻസ് നടത്തിയിരിക്കുന്ന്. എന്നാൽ 1784 ട്യൂബ് ലൈറ്റുകൾ മെയിന്റനൻസ് നടത്തി എന്ന് കാണിച്ച് തുക കണക്കാക്കിയതിനാലും അർഹമല്ലാത്ത ജി എസ് റ്റി കോമ്പൻസേഷൻ @ 12% നിരക്കിൽ നൽകിയതിനാലും 64354/- രൂപ അധികം നൽകിയിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 24/18.07.2022, 47/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം എം ബുക്ക് അളവുകൾ സാക്ഷ്യപ്പെടുത്തിയതും അംഗീകരിച്ചതുമായ ഉദ്യോഗസ്ഥരുടെ ബാധ്യത ആയിരിക്കുന്നതാണ്.

## 3-2 ടെണ്ടർ കുറവ് വരുത്തിയിട്ടില്ല-64190/ രൂപ നിരാകരിക്കുന്നു.

എ) പ്രോ. നം.410/21 വഴുതൂർ വാർഡിലെ വിവിധ കടവുകൾ മെയിന്റനൻസ്

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,82,232/-

ബിൽ നം./തീയതി - 143/23.12.2020

എം ബുക്ക് നം. - 227/19-20

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതിക്കായി ഇടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മാന്വൽ ടെണ്ടർ

ക്ഷണിച്ചതിൽ ടെണ്ടറുകൾ ഒന്നും ലഭ്യമായില്ലായെന്നും, റീടെണ്ടർ ക്ഷണിച്ചപ്പോൾ സിംഗിൾ ടെണ്ടർ ലഭിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം നൽകിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) ശ്രീ. ബാലരാജ് സമർപ്പിച്ച 4% കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെണ്ടർ കൗൺസിൽ അംഗീകരിച്ചതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) സ.ഉ. (പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുകളിൽ വ്യതിയാനം വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 03.09.2020 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി ഭരണസമിതി അംഗീകാരം നൽകിയിട്ടുള്ളത് 15.10.2020 ലെ 15(2) തീരുമാനത്തിലൂടെയാണ്. അതായത് ഭരണാനുമതി കൂടാതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്.

4) എം ബുക്ക് പേജ് 15-21 വരെയായി പ്രവൃത്തി മൂല്യം 4,30,564/- ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും കരാർ/ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള 4% ടെണ്ടർ കുറവ് കുറയ്ക്കാതെയാണ് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ

എം. ബുക്ക് പേജ് 21 പ്രകാരമുള്ള പ്രവൃത്തി മൂല്യം - 430564

(-) ടെണ്ടർ കുറവ് @4% - 17222.56

413341

(+) ജി.എസ്.ടി. @12% - 49601

അനുവദിക്കേണ്ട തുക - 4,62,942/-

അനുവദിച്ച തുക - 4,82,232/-

അധികമായി അനുവദിച്ച തുക - 19,290/-

ബി) പ്രോ. നം.449/21 അതിയന്നൂർ വാർഡിൽ കടകമ്പ് ഓട നിർമ്മാണവും കവറിംഗ് സ്ലാബ് ഇടലും

ഫണ്ടിനം - വികസന ഫണ്ട് എസ്.സി.പി.

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,99,979/-

ബിൽ നം./തീയതി - 155/9.2.2021

എം ബുക്ക് നം. - 233/19-20

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ വിളിച്ചതിൽ എസ്റ്റിമേറ്റ് തുകയിൽ നിന്നും 0.5% കുറവ് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ എൻ അനിൽകുമാറിനാണ് പ്രവൃത്തിയുടെ കരാർ അനുവദിച്ചത്. എന്നാൽ പ്രവൃത്തി ബിൽ അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെൻഡർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് അധികം തുക അനുവദിച്ചു. വിശദാംശം ചുവടെ.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം - 446410

(-) ടെണ്ടർ കുറവ് @0.5% - 2232

444178

(+) ജി.എസ്.ടി. @12% - 53301

അനുവദിക്കേണ്ട തുക - 497479/-

അനുവദിച്ച തുക - 499979/-

അധികമായി അനുവദിച്ച തുക - 2500/-

സി) പ്രോ. നം. 146/21 പെരുമ്പഴുതൂർ മൃഗാശുപത്രി നവീകരണം

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 2,13,066/-

ബിൽ നം./തീയതി - 74/31.3.2021

എം ബുക്ക് നം. - 157/19-20, 193/18-19

നിർവഹണാധികാരി - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1. പെരുമ്പഴുതൂർ മൃഗാശുപത്രി നവീകരണത്തിനായി നടപ്പാക്കിയ പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഇനം പ്രവൃത്തികളും നടപ്പാക്കിയില്ല. 2017-2018 ൽ പദ്ധതി അംഗീകാരം ലഭിച്ചെങ്കിലും 2020-21 വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് 17-18 ൽ നവീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും 2020-21 ലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും അതിലൂടെ ക്ഷീര കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് നൽകേണ്ടിയിരുന്ന സേവനങ്ങൾ യഥാസമയം നൽകുന്നതിനും തടസ്സം നേരിട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസത്തിനു കരാറുകാരനെതിരെ നടപടി സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

2. എസ്റ്റിമേറ്റ് തുകയുടെ 19.9% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡർ സമർപ്പിച്ച ശ്രീ. മണികണ്ഠൻ ന് ആണ് കരാർ അനുവദിച്ചിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ ടെൻഡർ ബിലോ കുറവ് ചെയ്യാതെ തുക നൽകി. അധികമായി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം - 213066

(-) ടെണ്ടർ കുറവ് @19.9% - 42400

170666

അനുവദിക്കേണ്ട തുക - 170666/-

അനുവദിച്ച തുക - 213066/-

അധികമായി അനുവദിച്ച തുക - 42400/-

(കുറിപ്പ്- പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 2017-18 സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുള്ളതിനാൽ ജി.എസ്.ടി. കോമ്പൻസേഷന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നില്ല.)

3. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും പെർഫോർമൻസ് ഗ്യാരന്റി തിരികെ നൽകുന്നതിന് എ ഇ തീരുമാനം എടുക്കുകയും തുക തിരികെ നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ പദ്ധതികളിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.69/22.07.2022, 80/23.07.2022 101/26.07.2022 ) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്കു വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ടെണ്ടർ ഇളവ് കുറവു ചെയ്യാത്തതിനാലുണ്ടായ അധികചെലവായ 64,190/- (19290+2500+42400) രൂപ തടസ്സം ചെയ്യുന്നു. അധികമായി കൈപ്പറ്റിയിട്ടുള്ള തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും രണ്ടു മാസത്തിനകം തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രവൃത്തിയുടെ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരം

ഇല്ല

### 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക (ധനകാര്യപത്രിക പ്രകാരം) | ഏജൻസിയിൽ ബാക്കി നിർക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 85 വിവിധ വാർഡുകളിൽ പൈപ്പ് | 2178831 | 2178831 | - |

| | | | | |
|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ | | | |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം (RP 41 Payment) | ആകെ | തിരികെ ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2793000 | 2178831 | 4971831 | - | 4971831 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി, വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ ( രജിസ്റ്റർ പ്രകാരം ) | ലഭ്യമായില്ല 231400000 | 184640000 | 28400000 | *13240001 | #199799999 |

#ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 213040000/- ആണ്.

*ധനകാര്യപത്രികയിലെ തൻവർഷ തിരിച്ചടവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 5,15,55,484.43 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44,38,00,922.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43,21,58,625.00 |
| നീക്കിയിരിപ്പ് | 6,31,97,781.43 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 25,600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,28,544 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,35,54,230 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 25,600 | ശ്രീ.മണികണ്ഠൻ.ആർ,സെക്രട്ടറി. |
| 3-1 | 64,354 | ശ്രീ.മണികണ്ഠൻ.ആർ,സെക്രട്ടറി. |
| 3-2 | 64,190 | ശ്രീ.ലോറൻസ്, അസി.എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-24 | 15,000 | ശ്രീ. ശശികുമാർ. പി.കെ, ഹെൽത്ത് സൂപ്പർവൈസർ |
| 2 | 1-26 | 21,78,831 | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 3 | 1-27 | 3,99,000 | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 4 | 1-28 | 19,980 | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 5 | 1-32 | 42,46,381 | ശ്രീ.മണികണ്ഠൻ.ആർ,സെക്രട്ടറി. |
| 6 | 1-38 | 1,51,200 | ശ്രീ. ശശികുമാർ. പി.കെ, ഹെൽത്ത് സൂപ്പർവൈസർ |
| 7 | 1-40 | 1,29,482 | ശ്രീ. ലോറൻസ്. എൻ, അസി.എഞ്ചിനീയർ |
| 8 | 1-44 | 27,750 | ശ്രീ. ലോറൻസ്. എൻ, അസി.എഞ്ചിനീയർ |
| 9 | 1-45 | 54,58,272 | ശ്രീ. ലോറൻസ്. എൻ, അസി.എഞ്ചിനീയർ |
| 10 | 1-46 | 88,686 | ശ്രീ. ലോറൻസ്. എൻ, അസി.എഞ്ചിനീയർ |
| 11 | 1-57 | 8,39,648 | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| ആകെ | | 1,35,54,230 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. മണികണ്ഠൻ.ആർ, സെക്രട്ടറി | സെക്രട്ടറി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സാഭിമന്യം, റ്റിസി 6/2476 (2), കുരുവിക്കാട്, വട്ടിയൂർകാവ് – 695013 |
| ശ്രീ. ലോറൻസ് .എൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സെന്റ്. ആന്റണീസ് ഭവൻ, മൈലോട്, മലയിൻകീഴ് – 695571 |
| ശ്രീ. ശശികുമാർ. പി.കെ, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സൈസന്ധവം, ഊരൂട്ടുകാല, കണിയാംകുളം, നെയ്യാറ്റിൻകര – 695121 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി(എ)4/13/99/ 01.01.1992 | 32 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/ 20.12.00 | 36 | |
| 1998-99 | നം..എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/ 15.03.2003 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.289/ 03/ 13.10.2003 | 57 | |
| 2000-01 (ചെലവ്) | ന.എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/ 16.3.2005 | 63 | |
| 2000-01 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/ 16.2.2008 | 34 | |
| 2001-02 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/ 20.1.07, 14.3.07 | 29 | |
| 2001-02 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/ 7.4.2008 | 30 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07/ 7.4.2008 | 28 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09/ 31.03.10 | 25 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.304/11/ 13.10.2011 | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.305/11/ 13.10.2011 | 33 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.36/12/17.07.12 | 20 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12/22.2.13 | 35 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14/ 18.12.14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13/16.1.14 | 37 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.2016 | 42 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/ 12.08.2016 | 34 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 12.01.17 | 33 | |
| 2016-17 | കെ.എസ് . എ.റ്റി .വി . എം.എൽ/1848/2017 , തീയതി: 26.09.2017 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.എൽ/2692/2018, തീയതി: 18/03/2019 | 32 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.എൽ/329/2020, തീയതി: 25/05/2020 | 65 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.എൽ/1974/2021, തീയതി: 31.01.2022 | 62 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്